DETROIT MALAYALEE ASSOCIATION

www.dmausa.org

# DHWANI

# ധ്വനി

Vol. 09 | Issue -01 | January-April 2016

10 DMA Tales of Love
Vinod Kondoor & Shibu Varghese

22 My Generation
Elaine Rose Saijan

25 ശിവരാമേട്ടന് വേണ്ടി...
അജിത് അയ്യമ്പള്ളി

49 മഴയുടെ സ്പന്ദനം
അശ്വതി അനൂപ്

14 CHARITY Report
Rajesh Kutty

4 മലയാളത്തിന്റെ നഷ്ടവസന്തം
ജയിംസ് കുരീക്കാട്ടിൽ



OUR TITLE SPONSOR
INDUS FINANCIAL LLC

INDUS FINANCIAL LLC

SERVING MICHIGAN SINCE 1998

Indus Financial
NMLS #: 1465652




**MOHAN PANANGAVIL**
NMLS #: 138021

**WE PROVIDE RESIDENTIAL AND COMMERCIAL MORTGAGE SERVICES. EXCELLENT RATES AND FAST CLOSING. VERY LESS PAPER WORK BECAUSE WE ARE ON CUTTING EDGE TECHNOLOGY WITH ELECTRONIC DOCUMENTATION. WE GIVE INSTANT PRE-APPROVAL LETTERS TO PROSPECTIVE HOME BUYERS. NO COST OPTIONS ARE AVAILABLE.**

**(734) 525 - 1234** **(248) 670-9044**

**www.indusfinancial1.com**

## About Us?

**Mohan Panangavil** began originating residential mortgages in Michigan since 1998. His long term experience in providing residential loans enables him in solving every loan situation, there is.

## Why Choose Us?

At Indus Financial, we have a dedicated team that loves what they do. Our dedication enables us to provide the Highest Level Customer Satisfaction and Experience.

Address: 1729 Fleetwood Dr, Troy, MI 48098

Email: indusfinancial@gmail.com



**Chief Editor**
James Kureekkattil
kureekkattil@gmail.com
Ph: 248 837 0402

**Editorial Board**
*Executive Editor* - Thomas Karthanal
*Literary Editor* - Shalini Jayaprakash
*Content Editor* - Vinod Kondoor
*Associate Editor*- Akash Abraham
*Online Editor* - Noble Thomas

**DETROIT MALAYALEE ASSOCIATION OFFICE BEARERS 2016**
*President* - Saijan Kaniyodikal
*Vice President* - Gigi Paul
*General Secretary* - Noble Thomas
*Joint Secretary* - Shalini Jayaprakash
*Treasurer* - Prince Abraham
*Joint Treasurer* - Surya Gireesh

**EXECUTIVE COMMITTEE MEMBERS**

Abhilash Paul, Agithakumar Karthikeyan, Akash Abraham, Baijy Joseph, Biju Joseph, Biju Poulose, Binu Mathew, Boby Thomas, Diaz Thomas, George Vannilam, Girish Nair, James Kureekkattil, Joseph Mathew, Manoj Jaiji, Mathew Cheruvil, Mohan Panangavil, Osborne David, Paul P. Kuriakose, Rajesh Kutty, Rajesh Nair, Rojan Thomas, Sajan George, Sam Mathew, Sandeep Palakkal, Sanju Koithara, Shaji Thomas, Shibu Varghese, Shone Karthanal, Sreekumar Kambath, Sudarsana Kurup, Sunil Paingol, Surendran Nair, Thomas George, Thomas Karthanal, Toms Mathew, Vinod Kondoor


**WOMEN'S FORUM**
*President* - Shalu David
*Secretary* - Boni Koithara

**Youth Forum Co-ordinator**
Varkey Periyappurathu




# content

President's Message - *Saijan Kaniyodikal.* .......... 2
എഡിറ്റോറിയൽ .......... 3
മലയാളത്തിന്റെ നഷ്ടവസന്തം
*ജയിംസ് കുരീക്കാട്ടിൽ* .......... 4
ചീസ് ബർഗർ – *മുരളി ജെ. നായർ.* .......... 6
A COLD MORNING IN DENMARK
*Krishnankutty Nair.* .......... 7
DMA Tales of Love - *Vinod Kondoor.* .......... 10
എന്റെയീ വൈകല്യങ്ങൾ – *ഷമീന ബീഗം* .......... 13
Charity & Community Outreach Update - *Rajesh Kutty.* 14
പ്രവാസിയുടെ പുസ്തകം
*സാജൻ ജോസ്* . .......... 15
All Hearts Come home for Christmas
*Shalini Jayaprakash.* .......... 18
MY GENERATION
*Elaine Rose Saijan.* .......... 22
സ്വപ്നാടനം – *നീലോഫർ.* .......... 23
ശിവരാമേട്ടന് വേണ്ടി...
*അജിത് അയ്യമ്പള്ളി* .......... 25
അഴികൾക്കുള്ളിൽ അകപ്പെട്ടുപോയ വിദ്യാഭ്യാസം
*ഫാ. ജിജോ കുര്യൻ* .......... 27
എനിക്കെന്നെ തന്നെ ഒന്ന് കുടഞ്ഞുടുക്കണം
*ഉമാദേവി.* .......... 30
എന്താണ് ശാസ്ത്ര ബോധം? – *ബഷീർ പി.* .......... 31
സ്ത്രീകൾക്ക് വേണ്ടത് പൂജയല്ല; സമത്വമാണ്
*ആനന്ദ് മഞ്ചേരി* .......... 33
സ്ത്രീകൾ – *സുനിൽകുമാർ* .......... 35
പ്രകൃതിചികിത്സയും ചില തട്ടിപ്പുകളും
*നിഷാദ് എൻ.* .......... 37
ക്രിസ്റ്റിന ഒരു പെൺചരിതം *കുഞ്ഞൂസ്, കാനഡ.* .......... 41
ജോൺ ഇളമതയുടെ 'സോക്രട്ടീസ് ' – *ജോൺ മാത്യു.* .......... 45
മഴയുടെ സ്പന്ദനം – *അശ്വതി അനൂപ്* .......... 49
മുള്ളാത്തയും ലക്ഷ്മിതരുവും കാൻസർ സുഖമാക്കില്ല
*സച്ചിൻ കെ. സി.* .......... 51
Are we going to be a generation of Idiots?
*Soja Kureekkattil.* .......... 55
നുണച്ചി – *പ്രാഞ്ചിയേട്ടൻ.* .......... .56
'പുളിരസമുള്ള ഓറഞ്ചിന്റെ മാധുര്യം"
*ഷിബു ഉമ്മൻ* .......... 59
പാചകം .......... 60
Berry Green Smoothie - *Salina Thomas*
Carrot Halwa - *Surya Girish*
Pasta Primavera - *Shalu David*
Cartoon - *Boby Alapattu Kunnel*





Detroit Malayalee Association rejoices another year in style. It's a long way we have come, 36 years to be exact. Throughout those memorable 36 years, we have achieved many milestones, such as organizing some of the finest Indian cultural shows throughout the year, and making a difference both within the communities of Detroit and India. It's a long way we have travelled along with you - our patrons; a few left us and many new faces joined us. I would like to take this opportunity to congratulate and honor our founder members of DMA who took immense efforts to make this association reach higher level of excellence with every passing year.

It's a wonderful privilege for me to have an opportunity to serve DMA as the President for the year of 2016. As you all know, Detroit Malayalee Association is a non-profit social and cultural organization established in 1980 with the hope of promoting awareness and regeneration of the traditions, and customs of Keralites residing in the state of Michigan. If we work together, we will be able to carry on our tradition for the benefit of our community, and more importantly, our children.

The time has come to bring our children forward, entrusting in them the responsibility and pride to carry on our great Malayalee heritage in good spirit. The one thing that comes to everyone's mind as soon as you think of DMA is its irreplaceable lead in charitable work for the Malayalee community in God's own country and others here in Metro Detroit. DMA has achieved its non-profit recognition from the state of Michigan due to the commendable actions of its members over the past years. Detroit Malayalee Association continues its tradition of service to the society and humanity through its multiple charity and community service projects.

During the year 2015, DMA had been actively involved in helping and touching lives is several ways. DMA members extend their most valuable time and money towards many less privileged members of our society and community. We are proud and happy to share with you, this selfless contribution DMA has been making to help the needy souls making lives better for old, young, disabled and less privileged here locally in Michigan and in our own soil... India. We plan to continue this tradition in 2016.

**Saijan Kaniyodikal**
President, DMA

## എഡിറ്റോറിയൽ

# രാജ്യസ്നേഹം മുദ്രാവാക്യം വിളിയല്ല

എന്താണ് രാജ്യസ്നേഹം? ലോകത്തിന്റെ ഏത് കോണിൽ ജനിച്ച് വീഴുന്ന വ്യക്തിക്കും അയാൾ ജനിച്ച നാടിനോട് സ്നേഹമുണ്ടാകുകയെന്നത് സ്വാഭാവികമാണ്. നമ്മൾ പിറന്ന നാടും ജന്മം കൊണ്ട് നമുക്ക് ലഭിച്ച മതവും, ആദ്യമായി സംസാരിച്ച് തുടങ്ങിയ മാതൃഭാഷയുമെല്ലാം നമുക്ക് ഏറ്റവും പ്രിയപ്പെട്ടതായിരുന്നു. ഇന്ത്യയിൽ ജനിച്ച നമ്മൾ ഇന്ത്യയെ സ്നേഹിക്കുന്നു. അതുപോലെ തന്നെയാണ് ഇന്തോനേഷ്യയിൽ ജനിച്ചയാൾ ആ രാജ്യത്തെ സ്നേഹിക്കുന്നതും, ഉഗാണ്ടയിൽ ജനിച്ചയാൾ ഉഗാണ്ടയെ സ്നേഹിക്കുന്നതുമെല്ലാം. നമ്മൾ സാരേ ജഹാംസേ അച്ഛാ, ഹിന്ദുസ്ഥാൻ ഹമാരാ എന്നു പാടുന്നതിൽ അഭിമാനിക്കുന്നത് പോലെ തന്നെയാണ് ഓരോ അമേരിക്കകാരനും The land of the free, and the home of the brave എന്ന് പാടുന്നതിൽ ഊറ്റം കൊള്ളുന്നതും.

മാതൃരാജ്യത്തെ സ്നേഹിക്കുന്നതും അതിന്റെ സംസ്ക്കാരത്തിലും പാരമ്പര്യത്തിലും അഭിമാനം കൊള്ളുന്നതും നല്ല കാര്യം തന്നെയാണ്. പക്ഷേ എങ്ങനെയാണ് നമ്മുടെ മാതൃരാജ്യത്തോടുള്ള സ്നേഹം നമ്മൾ പ്രകടമാക്കേണ്ടത്. കൂടെക്കൂടെ ഭാരത് മാതാ കി ജയ് എന്ന് മുദ്രാവാക്യം വിളിച്ചാൽ രാജ്യസ്നേഹമാകുമോ. അത് മനസ്സിലാക്കാൻ നമുക്ക് നമ്മുടെ കുടുംബങ്ങളിലേക്ക് ഒന്ന് തിരിഞ്ഞുനോക്കാം.

നമ്മളെല്ലാം നമ്മുടെ കുടുംബത്തെ സ്നേഹിക്കുന്നവരാണ്. പക്ഷേ അത് നമ്മൾ പ്രകടമാക്കുന്നത് ദിവസം നാല് നേരം നമ്മുടെ വീടിന് മുമ്പിൽ നിന്ന് സ്വന്തം വീടിന് സിന്ദാബാദ് വിളിച്ചുകൊണ്ടാണോ? അല്ല. മറിച്ച്, നമ്മുടെ വീട്ടിലെ ഓരോ അംഗങ്ങളെയും വിവേചനരഹിതമാ യി സ്നേഹിക്കുകയും വീടിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്തുകൊണ്ടാണ്. അതുപോലെയാകണം നമുക്ക് നമ്മുടെ രാജ്യവും.

രാജ്യമെന്നത് ഒരു കൂട്ടം ജനങ്ങളാണ്. ആ ജനങ്ങളോടുള്ള സ്നേഹമാണ് രാജ്യസ്നേഹം. രാജ്യത്തിന്റെ ഭരണഘടനയേയും നീതിവ്യവസ്ഥയേയും മാനിച്ച് ജീവിക്കുകയും അവ നമുക്ക് നൽകുന്ന സ്വാതന്ത്ര്യവും അവകാശങ്ങളും നമ്മെപോലെ തന്നെ നമ്മുടെ സഹജീവികൾക്കും ഉണ്ടെന്ന് മനസ്സിലാക്കി പ്രവർത്തിക്കുന്നതിലൂടെയുമാണ് നമ്മൾ രാജ്യസ്നേഹികളാകുന്നത്.

ഒരു പൗരനെന്ന നിലയ്ക്ക് വ്യക്തിപരവും സാമൂഹികവുമായ, അവകാശങ്ങൾ നമുക്കുള്ളതുപോലെ നമ്മുടെ രാജ്യത്തോട് നിർവ്വഹിക്കാൻ നമുക്ക് ചില കടമകളുമുണ്ട്. ഒരു ജനാധിപത്യ, മതേതര, സോഷ്യലിസ്റ്റ് റിപ്പബ്ലിക് ആണ് ഇന്ത്യ. അതുകൊണ്ടുതന്നെ നമ്മുടെ നാടിന്റെ ജനാധിപത്യ, മതേതര, സോഷ്യലിസ്റ്റ് മൂല്യങ്ങളെ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുകയെന്നത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. ആ മഹത്തായ മൂല്യങ്ങളെ തകർക്കാൻ ഏത് ശക്തികൾ ശ്രമിച്ചാലും അവരോട് പൊരുതുകയെന്നത് നമ്മുടെ ഉത്തരവാദിത്വമാണ്. The only thing necessary for the triumph of evil is for good men to do nothing എന്ന് രണ്ട് നൂറ്റാണ്ട് മുമ്പ് എഡ്മണ്ട് ബർക്ക് പറഞ്ഞത് നമുക്കോർക്കാം. മുദ്രാവാക്യം വിളികളിലൂടെയല്ല, സാമൂഹിക തിന്മകൾക്കെതിരെ ശബ്ദമുയർത്തിക്കൊണ്ടാണ് നമ്മൾ നമ്മുടെ രാജ്യസ്നേഹം പ്രകടമാക്കേണ്ടത്. അഴിമതിയും മതവർഗീയതയും, ജനാധിപത്യ ധ്വംസനവും എവിടെ ഉടലെടുത്താലും അവയ്ക്കെതിരെ സന്ധിയില്ലാസമരം ചെയ്തുകൊണ്ടാവണം നാം നമ്മുടെ രാജ്യസ്നേഹം പ്രകടമാക്കേണ്ടത്.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 51A(h)ൽ ഓരോ പൗരന്റെയും അടിസ്ഥാന ധർമ്മമായി പറയുന്ന ഒരു കടമയാണ് 'ശാസ്ത്രഅഭിരുചിയും, മാനവികതയും, അന്വേഷണത്വരയും, പരിഷ്കരണബോധവും വളർത്തുക എന്നത്'. അതുകൊണ്ട് അന്ധവിശ്വാസങ്ങൾക്കെതിരെ ബോധവല്ക്കരണം നടത്തിയും മാനവികതയും പരിഷ്കരണ ബോധവും ജനങ്ങളിൽ വളർത്തിയും നമുക്ക് നമ്മുടെ രാജ്യസ്നേഹം പ്രകടമാക്കാം.



**ജയിംസ് കുരീക്കാട്ടിൽ**

ചീഫ് എഡിറ്റർ

COPYRIGHT © DESIGNPANOPLY.COM

# വീണപൂക്കൾ















# മലയാളത്തിന്റെ നഷ്ടവസന്തം



ജയിംസ് കുരീക്കാട്ടിൽ

രംഗബോധം ഇല്ലാത്ത കോമാളിയാണ് മരണം എന്ന് നമ്മൾ പറയാറുണ്ട്. ആ കോമാളി മലയാളത്തിന് ഈ വർഷം തുടങ്ങിയപ്പോൾ മുതൽ നഷ്ടമാക്കിയത് കേരളത്തിന്റെ കലാസാംസ്കാരിക രംഗത്തെ കുറെ അതുല്യപ്രതിഭകളെയാണ്.

അണിഞ്ഞ ചമയങ്ങൾ അഴിച്ചുവെച്ച് സ്വന്തംമുഖം ഒന്നു കാണാൻ പോലും അവസരം നൽകാതെ...

എഴുതാനായി എടുത്ത തൂലികയിൽ മഷി ചാലിക്കും മുമ്പ്...

പാടിത്തുടങ്ങിയ വരികളിലെ ഈണം തീരാൻ അനുവദിക്കാതെ...

അവൻ എത്തി. അതാണ് മരണത്തിന്റെ സ്വഭാവം. ഒന്നും പൂർത്തിയാക്കാൻ അവസരം നൽകില്ല. എല്ലാം പാതിവഴിയിൽ അവസാനിപ്പിക്കാൻ നിർബന്ധിക്കും. കഴിഞ്ഞ 3 മാസത്തിനുള്ളിൽ മലയാളത്തിന് സംഭവിച്ചത് തീരാനഷ്ടങ്ങളാണ്.

ജനുവരി 25ന് കേരളം ഉണർന്നത് നടി കൽപ്പനയുടെ മരണവാർത്ത കേട്ട ഞെട്ടലോടെയാണ്. 300ലേറെ സിനിമകളിൽ അഭിനയിച്ചിട്ടുള്ള കല്പന അഭിനയത്തിലും ജീവിതത്തിലും ചിരികൊണ്ട് പ്രകാശം പരത്തിയ വ്യക്തി ആയിരുന്നു. മലയാളത്തിൽ ഹാസ്യം ഇത്ര മികവോടെ കൈകാര്യം ചെയ്യാൻ മറ്റൊരു നടിയുണ്ടോ എന്ന് സംശയമാണ്. മലയാളത്തിലെ ഈ മികച്ച അഭിനേത്രി അരങ്ങൊഴിഞ്ഞപ്പോൾ ആർക്കും അത് വിശ്വസിക്കാൻ കഴിഞ്ഞില്ല.

കൽപ്പന നൽകിയ ആഘാതത്തിൽ നിന്നു പുറത്തു കടക്കും മുമ്പായിരുന്നു മലയാള ദൃശ്യമാധ്യമരംഗത്തെ അതുല്യപ്രതിഭ ടി. എൻ. ഗോപകുമാറെന്ന ടി.എൻ.ജിയുടെ വിയോഗം. ടി.എൻ.ജിയുടെ വിയോഗം അംഗീകരിക്കാൻ മലയാളികൾ നന്നേ ബുദ്ധിമുട്ടി.

പിന്നാലെ എത്തിയത് ജോൺസൺ മാഷിന്റെ മകൾ ഷാൻ ജോൺസൺ ആയിരുന്നു. ഗായികയും സംഗീത സംവിധായികയുമായിരുന്ന ഷാൻ 29–ാം വയസിലാണ് മരണത്തിന് കീഴടങ്ങിയത്.

മലയാള ഭാഷയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയ മലയാളത്തിന്റെ പ്രിയ പ്രണയകവി ഒ.എൻ.വി അന്തരിച്ചത് ഫെബ്രുവരി 13നാണ്. ഒ.എൻ.വി യോളം ഭൂമിയുടെയും ജീവിതത്തിന്റെയും സത്യമറിഞ്ഞ മറ്റൊരു കവിയും നമ്മുടെ കാലത്തുണ്ടായിട്ടില്ല. ഒരു ജനതയ്ക്ക് ഉണർവും ചിന്തയും നല്കിക്കൊണ്ട് കാലത്തിനു മുമ്പേ നടന്ന കവിയാണ് ഒ.എൻ.വി. മലയാളസാഹിത്യത്തിലെ എക്കാലത്തേയും നഷ്ടമാണ് ഒ.എൻ.വി.

തുടർന്ന് ഫെബ്രുവരി 14ന് പ്രസിദ്ധ ഛായാഗ്രാഹകൻ ആനന്ദക്കുട്ടൻ അന്തരിച്ചു.

മലയാള ചലിച്ചിത്രലോകത്തെ മറ്റൊരു വലിയ നഷ്ടമായിരുന്നു ഈ മരണം.

ഫെബ്രുവരി 14 രാത്രി മികച്ച സംഗീത സംവിധായകനും പശ്ചാത്തലസംഗീതജ്ഞനുമായ രാജാമണി മരണത്തിന് കീഴടങ്ങി. മലയാളത്തിന് അദ്ദേഹം നൽകിയ സംഭാവനകൾ നിരവധിയായിരുന്നു.

2016 അതിന്റെ ക്രൂരവിനോദം പിന്നെയും തുടർന്നുകൊണ്ടിരിക്കുന്നു....

പ്രശസ്ത മലയാള സാഹിത്യകാരൻ അക്ബർ കക്കട്ടിൽ അന്തരിച്ചു. മലായാളത്തിൽ അദ്ധ്യാപക കഥകൾ എന്നൊരു പ്രസ്ഥാനത്തിനു തന്നെ രൂപം നൽകുന്നതിൽ അക്ബർ കക്കട്ടിലിനു സാധിച്ചിരുന്നു.

ട്രാഫിക് എന്ന ഒറ്റ സിനിമയിലൂടെ മലയാളിക്ക് പ്രിയങ്കരനായി മാറിയ സംവിധായകൻ രാജേഷ് പിള്ളയുടെ വിയോഗമാണ് പിന്നെ മലയാളിയെ ഞെട്ടിച്ചത്.

അടുത്ത ദിവസങ്ങളിൽ മറ്റൊരു സംവിധായകനെ കൂടി മലയാളത്തിന് നഷ്ടമായി. ജനകൻ എന്ന സിനിമയിലൂടെ ശ്രദ്ധേയനായ സംവിധായകൻ സജി പറവൂരും അകാലത്തിൽ നമ്മെ വേർപിരിഞ്ഞു.

പിന്നെ നമ്മളെയെല്ലാം വേദനയിൽ ആഴ്ത്തിയത് മലയാളത്തിന്റെ പ്രിയങ്കരനായ കലാഭവൻ മണിയുടെ വിയോഗമായിരുന്നു. ഒരു നടനും ഗായകനും മാത്രമായിരുന്നില്ല മണി. ഒരു നല്ല മനുഷ്യസ്നേഹി കൂടെയായിരുന്നു. ഉപ്പുമാവു തിന്നാൻ മാത്രം സ്കൂളിൽ പോയിരുന്ന കാലം ഒരിക്കലും വിസ്മരിച്ചിട്ടില്ലാത്ത മണി ദരിദ്രന്റേയും രോഗാതുരന്റേയും എക്കാലത്തേയും വലിയ ആലംബവും ആശാകേന്ദ്രവും സ്നേഹത്തണലും സാന്ത്വനത്തലോടലുമായിരുന്നു. തന്റെ സമ്പാദ്യത്തിന്റെ നല്ലൊരംശം ഇത്തരത്തിൽ 'നോവുമാത്മാക്കൾക്ക്' വേണ്ടി ചെലവിട്ട അനന്യനായ മനുഷ്യസ്നേഹിയായിരുന്നു മണി.

ഹാസ്യ കഥാപ്രസംഗങ്ങളിലൂടെയും പാരഡി ഗാനങ്ങളിലൂടെയും ഒരുകാലത്ത് മലയാളിയെ കുടുകുടെ ചിരിപ്പിച്ച വി.ഡി. രാജപ്പനും ഇതിനിടയിൽ മലയാളിക്ക് വേദനിക്കുന്ന ഒരു ഓർമയായി മാറി.

ഇപ്പോളിതാ മലയാളത്തിന്റെ യുവനടൻ ജിഷ്ണുവിനെയും ആ കോമാളി നമ്മിൽ നിന്ന് പറിച്ചെടുത്തു കൊണ്ടുപോയിരിക്കുന്നു. മലയാളത്തിന്റെ വീണപൂക്കൾക്ക് ധ്വനിയുടെ ആദരാഞ്ജലികൾ. ■

കഥ




# ചീസ് ബർഗർ



മുരളി ജെ. നായർ,
ഫിലഡെൽഫിയ

**അമേരിക്കയിലെത്തിയിട്ട് മാസങ്ങളായെങ്കിലും ഫാസ്റ്റ് ഫുഡ് കടകളിൽ കയറി സാധനങ്ങൾ ഓർഡർ ചെയ്യുന്നത് ഇപ്പോഴും വലിയ മാനസികസംഘർഷമുണ്ടാക്കുന്ന വിഷയമാണ്. പ്രധാന കാരണം തന്റെ ഇംഗ്ലീഷ് ഉച്ചാരണപ്രശ്നം തന്നെ. പിന്നെ സ്ഥായിയായി ഉള്ള നാണവും.**

ഇന്ന് താൻ കാർട്ടർ പൌണ്ടർ വിത് ചീസ് തന്നെ ഓർഡർ ചെയ്യും!

ആ ദൃഢനിശ്ചയവുമായിട്ടാണ് അയാൾ തന്റെ സ്ഥിരം ഫാസ്റ്റ് ഫുഡ് റെസ്റ്റാറന്റിലേക്കു നടന്നു കയറിയത്.

ലഞ്ച് സമയത്ത് സാധാരണ കാണാറുള്ള നീണ്ട ലൈൻ ഇന്നുമുണ്ട്. നാശം!

അമേരിക്കയിലെത്തിയിട്ട് മാസങ്ങളായെങ്കിലും ഫാസ്റ്റ് ഫുഡ് കടകളിൽ കയറി സാധനങ്ങൾ ഓർഡർ ചെയ്യുന്നത് ഇപ്പോഴും വലിയ മാനസികസംഘർഷമുണ്ടാക്കുന്ന വിഷയമാണ്. പ്രധാന കാരണം തന്റെ ഇംഗ്ലീഷ് ഉച്ചാരണപ്രശ്നം തന്നെ. പിന്നെ സ്ഥായിയായി ഉള്ള നാണവും.

ഈ നഗരപ്രാന്തത്തിൽ ജോലിയായിട്ട് കുറെ ആഴ്ചകളായി. മിക്ക ദിവസങ്ങളിലും ലഞ്ച് കഴിക്കാറുള്ളതും ഈ ഫാസ്റ്റ് ഫുഡ് കടയിൽ നിന്നു തന്നെ. പ്രശ്നങ്ങൾ ഒഴിവാക്കാൻ മുമ്പു ചെയ്യാറുണ്ടായിരുന്നത് മെനു ബോർഡിൽ പ്രദർശിപ്പിച്ചിട്ടുള്ള 'കോമ്പോ' നമ്പർ പറയുകയാണ്. എന്നാലും കാഷ്യർ ചില ചോദ്യങ്ങൾ ചോദിക്കാൻ സാധ്യതയുണ്ട്. റെഗുലർ സൈസോ അതൊ സൂപ്പർ സൈസൊ? സോഡ, ഡയറ്റോ റെഗുലറോ?

എല്ലാറ്റിനും കഴിയുന്നതും ഒറ്റ വാക്കിൽ മറുപടി പറയും. എന്നിട്ട് ജാള്യത മറയ്ക്കാൻ ചുറ്റും നോക്കുകയും ചെയ്യും.

പിന്നെപ്പിന്നെ 'കോമ്പോ' വെറുത്തുതുടങ്ങി, കാരണം ഫ്രഞ്ച് ഫ്രൈയും സോഡയും ആരോഗ്യത്തിനു അത്ര നല്ലതല്ലെന്നു പല സ്ഥലങ്ങളിലും വായിച്ചു. ഈയിടെ വെറും സാൻഡ്വിച്ചും വെള്ളവും മാത്രമായി തന്റെ ഉച്ചഭക്ഷണം.

വീട്ടിൽ നിന്നു തന്നെ ലഞ്ച് കൊണ്ടുവന്നാലോ എന്നാലോചിച്ചതാണ്. എന്നാൽ ഓഫീസിൽ വേറെ ആരും അങ്ങനെ കൊണ്ടുവരാത്തതുകൊണ്ട് അതിനും ഒരു മടി. സഹപ്രവർത്തകർക്കെല്ലാം കാറുള്ളതുകൊണ്ട് അവർ വേറേ സ്ഥലങ്ങളിലാണ് ലഞ്ചു കഴിക്കാൻ പോകുന്നത്.

മെനുവിൽ പലതരം ഐറ്റങ്ങൾ ഉണ്ടെങ്കിലും താൻ എന്നും ഓർഡർ ചെയ്യുന്നത് ചീസ്ബർഗറൊ അതുപോലെ പറയാൻ എളുപ്പമുള്ള ഏതെങ്കിലും ഐറ്റമോ ആണ്. മറ്റൊന്നും ഇഷ്ടമല്ലാഞ്ഞിട്ടല്ല, കാഷ്യർക്കു മനസ്സിലാകുന്ന രീതിയിൽ ഓർഡർ ചെയ്യാനുള്ള വിഷമം കൊണ്ടാണ്. രണ്ടു മൂന്നു പ്രാവശ്യം പരിശ്രമിച്ചു നാണം കെട്ടതാണ്. തന്റെ ഉച്ചാരണം അവർക്കു മനസ്സിലാകുന്നില്ലത്രെ (മനസ്സിലാകുന്നില്ല എന്ന് അഭിനയിക്കുകയാണെന്നു ചിലപ്പോഴൊക്കെ തോന്നിയിട്ടുണ്ട്).

ഹൈസ്ക്കൂൾ വിദ്യാഭ്യാസം മാത്രമോ ചിലപ്പോൾ അതുപോലുമോ ഇല്ലാത്ത ഈ ഫാസ്റ്റ്ഫുഡ് കാഷ്യർമാരുടെ മുമ്പിൽ, എഞ്ചിനീയറിങ്ങിൽ പോസ്റ്റ്ഗ്രാജുവേറ്റായ താൻ ഇങ്ങനെ നാണം കെടുന്നല്ലോ! ഹോ!

താൻ കഴിക്കാൻ ഇഷ്ടപ്പെടുന്ന വേറെ എന്തെല്ലാം വിഭവങ്ങൾ ഈ ഫാസ്റ്റ് ഫുഡ് കടയുടെ മെനുവിലുണ്ട്. എന്തായാലും ഇന്നൊരു കാർട്ടർ പൌണ്ടർ വിത് ചീസ് കഴിക്കുക തന്നെ. കാൽ പൌണ്ട് ബീഫ് പാറ്റി ഉള്ള സാൻഡ് വിച്ച്! ഓർത്തപ്പോഴേ വായിൽ വെള്ളമൂറുന്നു!

മൂന്നുനാലു പ്രാവശ്യം മനസ്സിൽ ആ പേർ ഉരുവിട്ടു പറഞ്ഞു.

കൗണ്ടറിലെത്തി. ഒരു കറുത്ത വർഗക്കാരിയാണ് കാഷ്യർ.

ക്യാൻ ഐ ടേക് യുവർ ഓർഡർ, പ്ലീസ്?

കാർട്ടർ പൌണ്ടർ വിത് ചീസ് പറഞ്ഞൊപ്പിച്ചു.

എക്സ്യൂസ് മീ? അവൾ പുരികമുയർത്തി ചോദിക്കുന്നു.

കാർട്ടർ പൌണ്ടർ വിത് ചീസ്. വീണ്ടും പറഞ്ഞു. 'ർ', 'ട്ട', 'ണ്ട' എന്നീ ശബ്ദങ്ങൾക്ക് കൂടുതൽ കാഠിന്യം വന്നപോലെ.

അയാം സോറി, കം എഗയ്ൻ? അവൾ വീണ്ടും.

ലൈനിൽ തന്റെ പിന്നിൽ നില്ക്കുന്നയാൾ അക്ഷമ സ്ഫുരിക്കുന്ന ഒരു ശബ്ദം പുറപ്പെടുവിച്ച പോലെ.

കാർട്ടർ പൌണ്ടർ വിത് ചീസ്. താൻ കരച്ചിലിന്റെ വക്കോളമെത്തിയോ?

കാഷ്യർ ഇടംവലമൊന്നു നോക്കി. അവളുടെ ചുണ്ടിൽ ഒരു പരിഹാസച്ചിരി വിടരുന്നുവൊ?

അയാം സോറി സർ, ഐ ക്യാന്റ് ഹീയർ യു.

കേൾക്കാൻ പറ്റില്ല പോലും, ഇത്ര ഉറക്കെ പറഞ്ഞിട്ടും! ഉച്ചാരണം മനസ്സിലായില്ലെങ്കിൽ ചില അമേരിക്കക്കാർ ഇങ്ങനെയാണു പറയുക.

ഇനി ഒന്നു കൂടി പറയാൻ ശ്രമിച്ചാൽ വീണ്ടും വഷളാകുകയേയുള്ളൂ. അത്ര മേലുണ്ട് തന്റെ പരവേശവും സംഘർഷവും.

ചീസ് ബർഗർ. ജാള്യതയോടെ പറഞ്ഞു.




# A COLD MORNING IN DENMARK

Krishnankutty Nair

“There are certain things in every life which shine always like pathfinders. At least I believe so. The passage of time may obscure the details, but the message and characters will exist in the mind forever, like ambrosia, to rejuvenate it whenever it feels an unknown grief and loneliness.” He said.

I could not find an answer. But that was not a problem. In fact, he was not speaking to me, but to himself.

Our talk had begun with the newspaper report of a terrorist attack. Now-a-days, it was becoming so common that it had almost lost the news value. Yet, it worried everyone and in this aspect, there is no difference between the public and public servants and politicians.

We went on talking and somehow it turned to extraordinary happenings in life leading to his reminiscence of a distant past.

And he began to narrate the incident.

“It happened twenty years ago. It was while I was in Denmark. I had a wonderful experience there.

It was a very cold, yet bright morning. I was there on deputation for three months and wanted to visit the countryside, as much as possible. With this intention, I had arranged my residence at the outskirts of the town.

It was a Sunday. I got up early and after breakfast, began a lazy walk through the countryside. I had heard about a temple of the members of International Society for Krishna Consciousness in Denmark. The other day, someone had also said that it was not far away from my residence. So my aim was to reach that temple.

The landscape was very beautiful and the climate was pleasing. Being a holiday, almost all shops were closed. Chirping of small bird and insects added a melody to the sweetness of the morning atmosphere. There were tall trees and bushes on both sides of the path, making the walk a pleasant experience. As I advanced, the place was becoming more and more beautiful. Although I had a feeling that I was going away from the direction of the temple, the beauty of the surroundings had enticed me so much that I did not mind it. And scarcely there was anyone outside the houses, to whom I could have asked for direction.

I walked about two hours, but the temple was nowhere in the immediate vicinity. I had walked at least four miles, I was certain, and so I began to return from there.

By this time I was feeling very hungry. It was almost 12’o’ clock.

I desired to have some South Indian food and so walked along in search of such a hotel. I might have walked about one mile and yet I could not find any hotel, let alone a south Indian one.

After walking about one more mile, I saw that the landscape had changed. It was like an entrance into a town. The area where I lived was surely more than four miles away from where I had begun the return walk and now it was clear that I had lost my way again. Anyway, the foremost thing upon my mind was to take food, let it be South Indian or Indian or western.

But, after a little while, I felt so tired that I sat down under a tree and inadvertently fell into a slumber.

A noise awakened me. I looked around. A few birds were making noises on the treetop. I thanked them for awakening me and started walking back.

But when I walked ahead, I had a feeling that the area was vaguely familiar. I was certain that I had never come to the place. Then, how was it that I recognized the place? As I advanced, the familiarity increased. Now I was able to foresee as to what would be in front of

me, to realize the correctness of it after a little while.

Wonderstruck, I walked along.

After some time, I reached a place, from where a by-road was going to the right. How I knew I cannot say, but I knew that on that road, I will be able to get food in an Indian Hotel. Praying that it should be a south Indian hotel, I walked along.

And it was there! Just after the turn! From the board I recognized it.

I reached in front of it. The front door was partially open.

"Aayiye, Aaayiye!" A voice said from inside. (1)

An old man, a young man, and a boy were inside. The boy was wearing white *kurtha* and white *pyjama*. The young man was wearing normal pants and shirt.

I thanked God that at last I found an Indian hotel, although not South Indian. And I felt a sort of jubilation, as my gut feeling had come true.

The old man was about seventy years. He too was wearing white *kurtha* and *pyjama*. He had long, clean beard, the ends of which were tied into a knot. The mark of strict observance of *Namaz* was there on his forehead. Even at this old age, his eyes were shining bright. And somehow, I had a feeling that I knew him already.

I asked him whether I can get food. "Today is holiday for us." He said. "Oh. I am sorry." I got up to go.

"I said that it is our holiday. But I did not say that you will not get meals."

I could not understand what he meant. But about one thing, I was certain. The eyes were smiling at me - in more than a friendly manner.

He looked at the young man. And he, along with the boy, went outside, through the back door.

Having solved the food-problem, I decided to have a little talk with him. It began by asking about his hotel, the sales, the customers etc. To each question, he gave a reply.

And he asked the purpose of my walk. I explained it.

"The temple you searched is not far away. Perhaps you might have taken a wrong route."

"I too feel so now," I said.

"Do not worry. You can go the next Sunday."

"Which is your native place in India?" I asked. But as soon as I completed the question, I felt a sort of uncompletedness. And I added. "Baba."

Now, the word 'baba' has different meanings. It is the way to address an old man. It is also a way of addressing one's own father.

I used it as a respectful word to be used while addressing an old man. But as soon as I uttered it, I felt that I used it the way a young man addresses his father, although there is no difference in the pronunciation.

He went on looking at me for quite some time, immersed in thoughts. Then he said: "You say it."

Now, it is not easy to tell one's native place just by guessing. Yet, I had a feeling that since his Hindi being so beautiful with an added taste of Urdu, he may be from Lucknow.

I fell silent. I did not know what to ask.

Then he said: "Now I am a Pakistani citizen."

It was like a bombardment. I, an Indian, sitting in the hotel of a Pakistani? Waiting for food?"

How can I take the food? How can I believe that the food will not be poisoned, to kill me, an Indian? Otherwise, why is he giving me food, when it is their holiday? No. I won't take the food.

And as if to test my resolve, they brought the food. Chappathis and vegetable curry. It had a delicious, mouthwatering aroma.

Now what to do? I was unable to decide. I looked at him.



"Lucknow." I said, enjoying the talk as if it were a quiz program.

"You are right. And wrong too," He said. And being quite unable to understand the meaning of the riddle, I looked at his face.

And then I saw it.

A speck of recognition in his eyes. Recognition and deep affection.

As if he knew me for a long time! Me, who reached the country just two weeks ago!

"Is it Lucknow?" I asked again. I was feeling such warmth between us to insist for an answer.

"You are right in saying that it is Lucknow, because I was born and brought up in Lucknow. But presently, I am from Lahore."

"Lahore?" I asked bewildered. A little afraid too.

"Why? Is it not possible?"

He might have noticed the confusion on my face that he asked: "Why, what happened?"

I could not answer.

"It is homely food. Prepared for you at our home."

I was between the devil and the deep sea. Danger at both ends. Either by poison or by extreme hunger and tiredness. On the other hand, there were his affectionate words and eyes, invoking a feeling that he was like my father. Even the word 'our' seemed to involve me too.

I prayed to God and began taking the meals. It was really very tasty.

"How is it?"

"First class" I said, making a symbol joining the thumb and index finger of my right hand. "Only at my home, I had taken such tasty food."

"What is your age?" He asked suddenly.

"Forty."

"I had a son. If he were alive, he would be of your age."

"When did he die?"

"On 14th August, 1947."

"14th August? 1947?" Somehow, I could not believe it. A child dying on the independence day of a country!

"Yes. On the independence day of our new country."

"Was it in the riot?" I asked. I had almost completed the food. My fear about poison had vanished.

"No. But the riot was the reason for his death. Hospitals were not open. Doctors had closed their clinics for fear of violence. Many of the doctors had left the country. And those who arrived there had no facility to admit or treat patients. And we and our parents had reached there only the previous day."

"Why did you leave Lucknow? You could have…."

He did not let me complete the sentence. "There was violence in Lucknow too. Moreover, my father was made to believe that by migrating to Pakistan, all our problems will be solved."

"Did they get solved?" I asked. I knew that it was a naughty question.

"How can it be so? After all, Human life is a mixture of pleasures and worries. Wherever he may be."

I had finished meals by now. After washing hands, I sat on the bench. I did not want to leave his presence. It was like reaching home after a long time. With a desire to be with him forever!

Then I dared to ask him a question, the answer to which was already there in history.

"Why was India divided, Baba? Why? Why we are now in different countries, being enemies of each other?"

He went on looking at me for some time. "What do you think of me?"

"Like my father."

"But you are a Hindu. How can I be like your father?" He asked.

He asked the question seriously. Yet, I felt that beyond the seriousness, there was pleasantness.

"I do not know." I said. "But it is."

He came near me. "Who knows the ways of Allah? And do you know? As soon as you came, I felt a sort of, er...acquaintance. And it made me think of my dead child."

"Baba, you did not reply to my question?"

"Which question?"

"Why was India divided?"

"That you might have studied in history books."

"But what dooo…. you think?"

"I think that there was only one reason. Many of them were power hungry. To rule people. The desire itself is intoxicating."

"Who were those?"

"That I do not want to say. Maybe, I am wrong. But, to have two governments mean only one thing to me."

"What is it, baba?"

"To have more people in power."

"That means more people wanted power and to accommodate them all, more than one government was necessary."

"It is my belief. I had heard that Gandhiji was dead against partition. But in front of his eyes, India was divided."

"How?"

"If we can get the answer to that question, probably the enmity between the two countries will end."

"But I had heard that if the country was not divided, there would have been mass killings."

Baba laughed aloud.

"Why are you laughing?"

"You said it as if there was no mass killing since India was divided."

"Yet..?"

"I believe that if the country was not divided, the vested interests, maybe from both religions, would have provoked violence; but that will end soon, provided the government was determined. But now? After partition as desired by the ambitious leaders? The mass riots in 1947 and after, wars and threat of war between the countries. A good percentage of the money of both countries is being spent on defense, rather than on development or agriculture."

I looked at my watch. It was almost two hours since I reached the place!

"O.K. Baba, I am going." I was feeling a little hesitation in asking the cost of food.

"O.K. And come here again before you leave Denmark."

"The food……?"

"What happened to the food?"

"I did not pay for it."

**"Why was India divided?" "I think that there was only one reason. Many of them were power-hungry. To rule people. The desire itself is intoxicating."**

"Don't worry. We take money only for hotel food. But these *chapathis* were made at home. Homely food. It is only for members of family and guests and no one will take money for it."

I asked a naughty question. Naughty it was, but to ask the question was a necessity to me.

"Who am I? Family member or Guest?"

"Family member. Didn't you feel so?"

"Yes. That is why I asked."

And I came out, thinking about him. I looked back once. He was standing, still looking at me.

The next Sunday I went to the temple. But could not go to the hotel.

And I returned to India.

But the story does not end here.

After four years, I happened to go to Denmark again, this time the assignment being for one year.

At the first available opportunity, I went there. I enquired about him in the surroundings. His name was Basheer Khan, I remembered.

No one knew a Basheer Khan, who ran a hotel there. In fact, no one knew a person named as Basheer Khan, who had resided in that area. At least, for the last fifty years!

I returned disappointed. Are they telling a lie? For some reason? But can everyone in an entire locality be lying?"

But one sentence of Basheer Khan still echoed in my ears.

"If that question is answered, probably the enmity between the two countries will end."

'I have to find the answer. I have to'. That was what I was thinking through the way.

"Did you find it out?" I asked him.

"No. But I hope that someone will find it. Soon." ■

---

1. Addressing a person respectfully to enter.

# DMA Tales of Love









**Vinod Kondoor**

*"I vow to love you, and no matter what challenges might carry us apart, we will always find a way back to each other." (Leo to Paige, 'TheVow')*

It was a beautiful night filled with love, fun and laughter. The mood was festive. People from all ages were enjoying the festivities. An unforgettable night and one that would be remembered for many days to come. Every person who attended had a spectacular experience. DMA outdid itself this year with the Valentine's Day celebrations. The event was hosted and organized by the DMA Women's forum under the leadership of Shalu David (President) and Boni Koithara (Secretary).

There were games, food and camaraderie. A combination that makes any party or celebration entertaining and enjoyable. Not a moment was wasted in boredom. Everyone had something tailored for them to keep them engaged. Men, women and children alike participated in this occasion.

Being true to Valentine's Day, every couple got a chance to spend time with each other and others through the different events. However, they weren't the only ones enjoying the party.











The kids and youth of all ages were entertained by the youth leadership consisting of Varkey Periyapurath, Anna Rose Francis, Anju Thomas, Ann Shaji, Elaine Saijan and Maya Varghese.

It's not much of a party without food. The cuisine was fantastic as each family had brought a traditional Kerala style cooked entrée or side. Hence, the potluck was a huge success. Some of the mouthwatering entrees included 'De Puttu' store with varieties of puttu, appam and curry, rice, chola batura, idli and sambar etc.



The kickoff for the DMA annual fundraiser for Bharath Darshan took place on this night as well. DMA senior leader Mathews Cheruvil, Bharath Darshan program chairman Rajesh Nair, DMA President Saijan Kaniyodikal, Secretary Noble Thomas, Treasurer Prince Abraham, Vice President Gigi Paul, Joint Secretary Shalini Jayaprakash, Joint treasurer Surya Gireesh, Kerala Club President Subhash Ramachandran, Secretary Swapna Gopalakrishnan were present for kick-off event.

All in all, the night was magical. Love was in the air. There was a unique camaraderie between the generations. Although it was a Valentine's Day party, it had a sense of family to it. For what it's worth, Valentine's Day was celebrated in true traditional Kerala style with an American touch. Hats off to all the people who worked tirelessly day and night to make this event a great success.





Photo courtesy
**SHIBU VARGHESE**
**PH:2487059413**





www.dmausa.org

# എന്റെയീ വൈകല്യങ്ങൾ



**ഷമീന ബീഗം**

ജന്മനാ ഉള്ളതാണത്രേ..
കണ്ണിന് ..
കാതിന് ..
നാവിന് ..
ഈയിടെക്കേ
മനസ്സിലായുള്ളൂ..
ഇട്ടിരിക്കുന്നത്
പർദ്ദയാകട്ടെ
കൊന്തയാകട്ടെ
ചന്ദനക്കുറിയാകട്ടെ
മനുഷ്യനായിട്ടേ
തോന്നുന്നുള്ളൂ...
ഈശ്വരാന്നോ
ഈശോയെന്നോ
പടച്ചോനേന്നോ
ഒരു ശബ്ദം കേട്ടാൽ
നെഞ്ച് കീറിയൊരു
നിലവിളി
അങ്ങനെയേ
കേൾക്കുന്നുള്ളൂ...
നാവുളുക്കുന്നതറിയാൻ
പിന്നേം വൈകി.
അതിനെന്റെ മക്കൾ
തന്നെ വേണ്ടി വന്നു
ദീനീകഥകൾക്കിടയിൽ
മുഹമ്മദ് മരിച്ചകാര്യം
പറഞ്ഞതും കുട്ടികൾ
പൊട്ടിക്കരഞ്ഞപ്പോൾ പക്ഷേ
സംശയമൊന്നും തോന്നീല്ല.
ആഘോഷങ്ങൾക്കിടയിൽ
ഈസ്റ്ററും കുരിശുമരണവും
വിശദീകരിച്ച് പഠിപ്പിക്കെ
"But why they did it to Jesus?"
എന്നെന്റെ കുരുന്നുകൾ
പൊട്ടിത്തെറിച്ച കണ്ണീരിൽ
തറഞ്ഞു നിന്നപ്പോഴെങ്കിലും
തിരിച്ചറിയേണ്ടതായിരുന്നു.
ഓണസദ്യക്കൊപ്പം
വെറുതേ വിളമ്പിയെന്നേയുള്ളൂ
മാവേലിത്തമ്പുരാൻ..,
കള്ളമില്ലാ... ചതിയില്ലാ
പൊള്ളത്തരമില്ലാ
യാഗം... ബ്രാഹ്മണകുമാരൻ... ദാനം
മൂവടിമണ്ണ്
സ്വർഗ്ഗം... ഭൂമി... പാതാളം...!
'എന്നിട്ട്... മൂന്നാമത്തെ അടി
എവിടെ വച്ചു?'
വാ പൊളിച്ചു പ്രതീക്ഷയോടെ
ഇരുന്ന മക്കൾക്ക് മുന്നിൽ...
'ഇതാ എന്റെ ശിരസ്സ്'
എന്ന് പറയാനാകാതെ
വാക്കസ്തമിച്ച്
വിതുമ്പിക്കരഞ്ഞപ്പോൾ...
അമ്പരന്ന കുഞ്ഞുവിരലുകൾ
കണ്ണീർ തുടച്ചപ്പോൾ...
നാവ് പിഴയ്ക്കുന്നത്
അപ്പൊഴേ അറിഞ്ഞുള്ളൂ..
കരുതും പോലെ
കാര്യം നിസ്സാരമല്ല
പ്രശ്നം ജനിതകമാണ്
ഭാരതീയനായത് കൊണ്ടാണ്.
സ്വരാക്ഷരഭേദമുള്ള നാമങ്ങളുമായ്
എത്ര സംഘങ്ങൾ വന്നു ചികിത്സിച്ചാലും
നേരെയാകുമെന്നു തോന്നുന്നില്ല.
അതിലും ഭേദം
ആ വെടിയുണ്ട
ചിലവാക്കുന്നതാണ്. ■

Rajesh Kutty

# CHARITY & COMMUNITY OUTREACH UPDATE

## From the DMA Charity Team

As many of you already know, Detroit Malayalee Association (DMA) touches closer to the fourth decade of its rich history in serving the Malayalee community in the metro Detroit area, Kerala and elsewhere. One of the key corner stones of our association in bringing together Malayalees, was by serving the community at large both here in the metro Detroit region and back in Kerala. The history and deeds speak volumes of how our association has dedicated itself time and time again both in kind and as well as financial help. Over the years, our organization has grown from strength to strength with a strong leadership team who have meticulously identified several projects, organizations and people in need and supported them. We have donated several thousands of dollars and countless hours of service in helping the underprivileged, which we believe exemplifies our DNA and character. And this true 'giving back' instead of just using it as a cliché word, is something DMA and its members as an organization is very proud of as an achievement and will never falter yet continue to do more in future. Our Charity and Community Outreach Initiatives are an open book, where people in need can reach us via our website and other means, and DMA is proud that we have not turned down even a single genuine case in need, a feat that not many non-profit and cultural organization can claim.



**Feeding the homeless in Metro Detroit**

We began in 2016 with even more energy and focus in our efforts, and we continue to do our twice-a- month soup kitchens with two homeless shelters in Pontiac and Detroit. This in effect, feeds approximately 1500 homeless and underprivileged people in Detroit. A special thanks to all our volunteers who tirelessly come and contribute their valuable time during weekends for this great cause. We fully realize that no amount of check writing can suffice these hours.

**Financial Support for Medical Expenses for a 13 year old in Kerala**

In addition, during the first quarter we have also financially supported Kiran Kumar, aged 13 years, from Tiruvalla, Kerala, for his ongoing medical expenses, given his disability with multiple disorders stemming from cerebral palsy. Many thanks to all our members who supported this cause, in addition to the contributions from DMA.

**Upcoming Projects & Initiatives**

We will be continuing to cook, serve and clean at the homeless shelters on an on-going basis. In addition, we will also be shortly announcing initiatives to help the City of Flint, to support the 'coming-back to-life', jointly with Food Bank of Eastern Michigan to distribute nutritious food to the residents of Flint. We will also be coordinating with the City of Flint to distribute water filters and filter cartridges to the affected residents, a small but a critical step in getting access to clean water. We will also shortly announce our 'Adopt-A-Road' program for the third year in a row. As many of you know, as you drive around town you will find two major roads with signs that bear the proud name of 'This Road is Maintained by Detroit Malayalee Association'. You will continue to see more of these around town in 2016 as well. As we thank all our volunteers for their hard work and their invaluable time they dedicate, we encourage more and more people from our community to take part in our future events.









ലേഖനം

സാജൻ ജോസ്

# പ്രവാസിയുടെ പുസ്തകം

പുതിയ മേച്ചിൽപ്പുറങ്ങൾ തേടുന്നതിൽ മലയാളി മുൻപന്തിയിലാണെങ്കിലും പ്രവാസം അത്ര സുഖ  മുള്ള ഒരേർപ്പാടല്ല എന്നത് കാലാകാലങ്ങളിൽ നമ്മുടെ പ്രവാസി സമൂഹങ്ങളിൽ നിന്നുയർന്നു കേൾക്കുന്ന നെടുവീർപ്പുകൾ പറയാതെ പറയും. പല മുഖങ്ങളുണ്ട് ഈ സ്വയം സ്വത്വനിരാകരണത്തിന്, അവയിൽ ചിലത് ആടുജീവിതങ്ങളായി മണലാരണ്യങ്ങളിലെരിഞ്ഞു തീരുമ്പോൾ മറ്റു ചിലത് മൻഹാട്ടനിലെ പഞ്ചനക്ഷത്ര ഹർമ്യങ്ങളിൽ മദ്യലഹരിയിലാവും. ഏറ്റക്കുറച്ചിലുണ്ടാവാം. എങ്കിലും, ഈ രണ്ടു ധ്രുവങ്ങളിലും പ്രവാസത്തിന്റെ അല്ലലുകളുണ്ടെന്നത് അവിതർക്കിതമാണ്. കാരണം ഏതു മലയാളിയിലും പിന്നാമ്പുറത്തിന്റെ ഇറമ്പിൽ നിന്നുതിർന്ന കേട്ടുപഴകിയ ഗൃഹാതുരതകളുടെ മഴത്തുള്ളിക്കിലുക്കം കൺപോളകൾക്ക് തൊട്ട് മീതെ തന്നെയുണ്ട്. ചെറുതായൊന്ന് കണ്ണടയ്ക്കുകയേ വേണ്ടു. മിഴികൾക്ക് മുന്നിൽ വന്ന് അവയൊരു പേമാരിയായി പെയ്തിറങ്ങും. റബ്ബർക്കാടുകളിലെ, പാടവരമ്പത്തെ, കരിമ്പനക്കാടുകളിലെ ഇരുണ്ട മേഘങ്ങൾ പെയ്തിറങ്ങിയ ആ പഴയ തുലാമഴ. ഭൂരിഭാഗം വരുന്ന പ്രവാസിയും മനസ്സിൽ കൊണ്ട് നടക്കുന്നത് സ്വന്തം ജീവനെക്കാളും, ജനിച്ച മണ്ണിനെയാണ്, ഉറ്റവരെയാണ്. ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമാണല്ലോ കേരളത്തിന്റെ സമ്പദ്വ്യവസ്ഥയിലേയ്ക്ക് മറുനാടൻ മലയാളികൾ ആണ്ടുതോറും നല്കിവരുന്ന സംഭാവനകളുടെ ഇമ്മിണി വലിയ കണക്കുകൾ. ഉടലവിടെയും മനമിവിടെയുമെന്ന് പറയുന്നതും അതിശയോക്തിയാവില്ല. എന്ത് കേരളം? എന്ന് നന്നാകും നമ്മുടെ മതരാഷ്ട്രീയ നേതൃത്വങ്ങൾ? കാശു കൊടുക്കാതെ എന്ത് നടക്കും ആ നാട്ടിൽ? എന്നൊക്കെ നാഴികയ്ക്ക് നാല്പതുവട്ടം പരിതപിക്കുന്ന പ്രവാസം തലക്കു പിടിച്ചവരും അവധിക്കാലം ചിലവഴിക്കാൻ മലയാളത്തിന്റെ മണ്ണ് തൊടുമ്പോൾ മുതൽ തുടങ്ങും അവരുടെ സാമുഹികമാധ്യമ വിളമ്പരങ്ങൾ. 'അനുഗ്രഹിക്കപ്പെട്ടതു പോലെ ഒരു തോന്നൽ, പഴയ ചങ്ങായിമാരൊപ്പം, കരിമ്പൻകാല ഷാപ്പിൽ നിന്ന്'. സ്വത്വം തിരികെ ലഭിച്ച സന്തോഷമാണവന്. ലാസ്യലാവണ്യയായ ലാസ്വേഗസ്സിന്റെ ഇരവുകൾക്കുപോലും ഈ ലഹരിയുണ്ടാവില്ല. ഗൃഹാതുരത്വത്തിന്റെ ആ മദലഹരി.

> ഇന്ന് അന്യരാജ്യമലയാളിയുടെ കുട്ടികൾ, ഈ ആഴ്ച പുറത്തിറങ്ങിയ മലയാളം സിനിമ കാണുന്നു, നാട്ടിലിരിക്കുന്ന മുത്തച്ഛനോട് സ്കൈപ്പിൽ സംസാരിക്കുന്നു, ഫേസ്ബുക്കിൽ കുഞ്ഞപ്പന്റെ മക്കളുടെ ഓണാഘോഷപടങ്ങൾ 'ലൈക്' ചെയ്യുന്നു. പ്രവാസിമലയാളി ആദായവിലയ്ക്ക് വിമാനടിക്കറ്റെടുത്ത് ആണ്ടിൽ രണ്ടുതവണ നാട്ടിൽപ്പോയി വരുന്നു. ലോകം ഒരു ചെറിയ വട്ടത്തിലേയ്ക്ക് ചുരുങ്ങിയപ്പോൾ, ഈരാറ്റുപേട്ട അമേരിക്കയിലെ ഒരു പഞ്ചായത്തായി മാറി, സാൻ ഫ്രാൻസിസ്കോ നമ്മുടെ പഴയ കൊച്ചിയുമാവുന്നു.

എഴുപതുകളിൽ വ്യാപകമായ വീടു വിട്ടുള്ള ഈ പാലായനം ഓരോ പ്രവാസിയെയും തികച്ചും ഒറ്റപ്പെടുത്തിക്കളഞ്ഞു എന്നത് നൊമ്പരമുളവാക്കുന്ന വാസ്തവമാണ്. പത്തേമാരിയിലെ യാത്രകൾ, വാർത്താവിനിമയ സംവിധാനങ്ങളുടെ അപര്യാപ്തത, കടക്കെണിയിൽപ്പെട്ട കുടുംബത്തെ ആത്മഹത്യയിൽ നിന്നും രക്ഷിക്കുവാൻ ഓരോ പ്രവാസിയും ഓരോ ത്യാഗികളായി രാവും പകലും പണിയെടുത്തു. അവധിയെടുത്തുള്ള നാടുകാണൽ അഞ്ചോ പത്തോ വർഷത്തിലൊന്നാക്കിച്ചുരുക്കി. മക്കളെ യഥാവിധി നോക്കി സംരക്ഷിക്കാൻ ജോലിത്തിരക്കുകൾ ഒരു പ്രവാസിയെയും അനുവദിച്ചില്ല. കലാസമിതികളില്ല, സംഘടനകളില്ല. പലരുടെയും കുട്ടികൾ അന്യരാജ്യക്കാരുടെയും ഉത്തരേന്ത്യക്കാരന്റെയും മരുമക്കളായി. (മിശ്രവിവാഹത്തെ എതിർക്കുന്നില്ലെങ്കിലും) പ്രിയ പ്രവാസികൾ അരുമറിയാതെ കരഞ്ഞു. എന്നാൽ പുറമേ മേനി നടിച്ചും, പൊങ്ങച്ചം പറഞ്ഞും ഇതൊന്നുമെന്നെ ബാധിക്കില്ല എന്ന് വല്ലപ്പോഴും കാണുന്ന വീട്ടുകാരെ കഴിയുന്ന തരത്തിൽ ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നു.

തൊണ്ണൂറുകളുടെ അവസാനപാദം വിവരസാങ്കേതികവിദ്യയുടെ അതിപ്രസരവും പ്രചാരവും പുറപ്പാടിന്റെ ഗതിവിഗതികൾക്ക് ആക്കം കൂട്ടി. അന്താരാഷ്ട്ര പാലായനമൊക്കെ വെ

# spillane&reynolds orthodontics

CREATING AMAZING SMILES

**Share your Amazing Smile with the World.**


#AmazingSmile @SpillaneReynoldsOrtho

**Dr. Lawrence Spillane** DDS, MS
**Dr. James Reynolds** DDS, MS, ABO
**Dr. Andrea Dopp** DDS, MSD

**NOVI:**
45500 Ten Mile Rd.
Novi, MI 48374
248.344.8400

**ROCHESTER:**
1202 Walton Blvd / Suite 200
Rochester Hills, MI 48307
248.651.8860

{Complimentary Consultations}
**www.MyAmazingSmile.com**

റുതെ കവലയ്ക്ക് പച്ചക്കറി വാങ്ങാനിറങ്ങിയ ലാഘവത്തിലായി. ഇന്ന് അന്യരാജ്യമലയാളിയുടെ കുട്ടികൾ, ഈ ആഴ്ച പുറത്തിറങ്ങിയ മലയാളം സിനിമ കാണുന്നു, നാട്ടിലിരിക്കുന്ന മുത്തച്ഛനോട് സ്കൈപ്പിൽ സംസാരിക്കുന്നു, ഫേസ്ബുക്കിൽ കുഞ്ഞപ്പന്റെ മക്കളുടെ ഓണാഘോഷപടങ്ങൾ 'ലൈക്' ചെയ്യുന്നു. പ്രവാസിമലയാളി ആദായവിലയ്ക്ക് വിമാനടിക്കറ്റെടുത്ത് ആണ്ടിൽ രണ്ടുതവണ നാട്ടിൽപ്പോയി വരുന്നു. ലോകം ഒരു ചെറിയ വട്ടത്തിലേയ്ക്ക് ചുരുങ്ങിയപ്പോൾ, ഈരാറ്റുപേട്ട അമേരിക്കയിലെ ഒരു പഞ്ചായത്തായി മാറി, സാൻ ഫ്രാൻസിസ്കോ നമ്മുടെ പഴയ കൊച്ചിയുമാവുന്നു.

തങ്ങളുടെ സ്വന്തം ഗ്രൂപ്പിലുള്ളവരുടെ ക്രമാതീതമായ വളർച്ചയെത്തുടർന്ന് പ്രവാസിയുടെ നിരവധിയനവധിയായ ആവശ്യങ്ങളെക്കുറിച്ചും അവന്റെ കഷ്ടപാടുകളെക്കുറിച്ചും വലിയൊരു അളവു വരെ അറിവുള്ള പലവിധ പ്രസ്ഥാനങ്ങളും ഈ ജനതതിയുടെ ചുമരിൽപിടിച്ചു രാജ്യരാജ്യാന്തരങ്ങളിൽ പതിയെ പൊട്ടിമുളയ്ക്കാൻ തുടങ്ങി. മലയാളിസംഘടനകൾ, രൂപതകൾ, പള്ളികൾ, ക്ഷേത്രങ്ങൾ, മോസ്കുകൾ തുടങ്ങി മലയാളി അവന്റെ സ്വത്വത്തിന്റെ ഭാഗമായിക്കരുതിയ ഒക്കെയും ഈ ആവാസവ്യവസ്ഥയെ ചുറ്റിപ്പറ്റി വേരുപിടിച്ചു വളർന്നു. മിക്കവരും വളരെ നല്ല ആശയങ്ങളാണ് തുടക്കത്തിൽ ഓരോ പ്രവാസിക്കും വാഗ്ദാനം ചെയ്തത്. 'നിന്റെ സംസ്കാരം, നീ ശീലിച്ച ആചാരങ്ങൾ, നിന്റെ മക്കൾ, അവരുടെ നല്ല നടപ്പ് എന്ന് വേണ്ട ഈ പ്രവാസത്തിന്റെ പ്രതിഫലമായി നീ ത്യാഗമായി നൽകിയതൊക്കെ ഞങ്ങൾ നിനക്ക് തിരികെത്തരും. ഒരൊറ്റ പണമിട കുറവില്ലാതെ'. കരാറിലെ ചെറിയ അക്ഷരങ്ങളിൽ പറയാതെ പറഞ്ഞവയിൽ ഇതിലും ധാരാളമുണ്ടായിരുന്നു. അന്നാളുകളിൽ ഓരോ പ്രവാസിയുമോർത്തിരിക്കണം അവൻ കടന്നുപോയ ഇല്ലായ്മയുടെ പഴയകാലങ്ങൾ. അല്ലെങ്കിൽ അവന്റെ മുൻതലമുറയുടെ തീർത്താൽ തീരാത്ത നഷ്ടക്കണക്കുകൾ. തെറ്റുപറയാൻ പാടില്ല. കബളിക്കപ്പെടാം. സാഹചര്യമാണ് ഏറ്റവും വലിയ ഉത്പ്രേരകം.

ഒന്നു രണ്ടു ദശാബ്ദങ്ങൾ കടന്ന് ഇന്നിന്റെ പടിക്കലെത്തി നിൽക്കുമ്പോൾ, ഈ പ്രസ്ഥാനങ്ങളൊക്കെത്തന്നെയും പ്രവാസികളെ അവരറിയാതെ വിഴുങ്ങിക്കൊണ്ടിരിക്കുന്ന ഒരു കാഴ്ചയാണ് ഇതിലൊക്കെ ഒരു ചെറിയ ശ്രദ്ധയെങ്കിലും ചെലുത്തുന്നൊരാൾക്ക് കാണുവാനാവുന്നത്. മതങ്ങളുടെയും സംഘടനകളുടെയും ആജ്ഞാശക്തിയും കൈക്കരുത്തും നമ്മൾ എമ്പാടും കണ്ടുകൊണ്ടിരിക്കയാണ്. നിശബ്ദരാക്കി, എതിർക്കപ്പെടാതിരിക്കാൻ തക്കതരത്തിൽ വിശ്വാസികളെ/പ്രവർത്തകരെ കൊണ്ടുനടക്കാൻ മത/രാഷ്ട്രീയ നേതാന്മാർക്കുള്ള തന്ത്രങ്ങൾ ബഹുവിധമാണ്. അവർക്ക് ദൈവത്തോട് പറയാം ശത്രുവിനെ നശിപ്പിക്കാൻ. അവർക്ക് പ്രജകളോട് പറയാം എതിർക്കുന്നവരെ അകറ്റി നിർത്താൻ. അങ്ങനെ വിരുന്നു വന്നവർ വീടിന്റെ ഉടയവന്മാരായി നാട് ഭരിച്ച് കൊള്ളമുതൽ നാടുകടത്തിയ ബ്രിട്ടീഷ് സാമ്രാജ്യം പോലെയാണ് പ്രവാസികളെ ഉദ്ധരിക്കുവാനെന്ന വ്യാജേനയുണ്ടായ പല പ്രസ്ഥാനങ്ങളുടെയും മതബ്രാഞ്ചുകളുടെയും ഇന്നത്തെ അവസ്ഥ. പ്രവാസി എന്നുമൊരു കറവപ്പശുവാണ്. പറയുന്നിടത്ത്, പറയുന്ന പണ്ടവും പണവും കാണിക്കവയ്ക്കണം. പകരമായി 'നിന്റെ മക്കൾ, അവരുടെ നല്ല നടപ്പ്?' ഒരു ജനതയെ എത്ര കാലം ഈ തലവാചകം പറഞ്ഞ് കബളിപ്പിക്കുവാൻ കഴിയും? ■









# ALL HEARTS COME HOME FOR CHRISTMAS

## *DMA celebrating the good times*





Once again, it was the time of the year when the beautiful festival of Christmas would bring peace to all, usher in hope and spread warmth and love. The DMA families joined for an evening of fun, joy and laughter for its Christmas celebrations **Xmas Sparkles** on Saturday, December 12,














Shalini Jayaprakash



2015 at the St. Thomas Orthodox Hall in Warren.

DMA had a wide array of awesome performances lined up for the audiences. There were many delightful programs lined up for the audience. The highlight of the evening's programs was the comedy drama *chendem, paattum, pinne kurachu vadem* by Mr. Sandeep Palakkal and team. Another notable program was the *Thalaivar*tribute- a breathtaking dance tribute to Rajnikanth by Mr. Abhilash Paul and team. There was a soothing musical extravaganza























called *Harmony* by Mr. Rajesh Nair and other talented singers which took the listeners back in time with lovely nostalgic Malayalam songs. Also there was a heartwarming Christmas skit *Bethlehemileku Oru Yatra* by Saijan K and team. Apart from these programs, there were splendid and scintillating dance performances and songs by many kids from the DMA families. It was great to see and










www.dmausa.org





appreciate the wonderful pool of talented kids and elders among the DMA family. Furthermore, sweet red wine and plum cakes were served while the audience enjoyed the programs. It was an evening of great food and awesome entertainment. DMA's team work proved it yet again.

Special thanks to DMA President Mr. Rojan Thomas, Secretary Mr. Akash, Mr. Noble Thomas, the Program Chair, and all OBs for their support. Also immense gratitude to Mr Shibu Varghese for his remarkable photographs of the memorable moments of DMA Christmas 2016.















Elaine Rose Saijan

# MY GENERATION

*My generation*
People try to put us down
Looking at us like we are clowns
*My generation*
Hysteria makes up our nation
They believe Trump is the salvation
*My generation*
Our proud nation supports white superiority
When the majority are the minority
*My generation*
We are so materialistic
We need to start being realistic
*My generation*
Poverty and suicide rates getting bigger
And yet, the unsolved problem is, which iPhone color? Rose Gold or Silver?
*My generation*
We are so obsessed with social media
Which photo filter? Valencia or Sepia
*My generation*
We spend hours basking under our cell-phones
“Here lies a nobody” written on our gravestones
*My generation*
We refuse to believe that climate change is happening
Ignorance will only make this more saddening
*Dear future generations,*
We are sorry...we screwed up
Sorry that we left you estrange
And that we chose not to make a change
Sorry that we were caught in our own doings to do something
And that we listened to people who made excuses to do nothing
Sorry that we were so glued onto our little screen
That we didn’t realize that the Earth was our little machine
Sorry that we made our lives a parody
And made mother nature a scarcity
Sorry that we were never the ones that made a difference
For we couldn’t stand up against our own ignorance.

**നർമ്മം** **Boby Alapattu Kunnel**







കവിത

നീലോഫർ

# സ്വപ്നാടനം



അലസമാം മനസ്സിൻ
അപഥ സഞ്ചാരത്തിൽ
അറിയാതെ പാളി നോക്കിയ
അപരാഹ്നങ്ങളുടെ തീ ചോപ്പ്
കാലത്തിൻ ഇടവഴിയിൽ
കാത്തിരുന്ന കറുകനാമ്പുകൾ
വിരൽത്തുമ്പുകളിൽ ചോര പൊടിച്ചു
വിരഹത്തിൻ നീലിമയിലേക്കിറങ്ങി
കണ്മഷി പടർത്തിയ കണ്ണുകളിൽ
കനവുകൾതൻ മയിൽപീലികൾ
കരിയിലകൾ വീണയിടവഴിയിൽ
കാത്തു നിൽക്കുമൊരു നീലക്കടമ്പ്
ചുരുൾമുടി പടർത്തിയ ഇരുളിൽ
ചുംബിച്ചുണരുമൊരു പ്രണയം
ചുവപ്പിച്ച ചുണ്ടുകൾ, ചാരുതയുള്ള
ചെമ്പകപ്പൂവായി ഇതളടർന്നു
അന്നു പെയ്തോരു ഭ്രാന്തൻ മഴയിൽ
തണുത്ത മച്ചിൻപുറത്തു
കുറുകിയ ഇണപ്രാവുകൾ
ഇന്നെൻ ഇടനെഞ്ചിൽ
ഈറൻ മാറ്റി ഇണചേരുന്നു ....■

# Get Onboard SMART and Leave the Driving to US!

*With 43 routes and many Park & Ride locations, a bus stop is not far away. Start planning your trip @ smartbus.org*





**Bus Tracker**

Realtime arrival information

*Anytime. Anywhere.*

Download the **RideSMARTBus** App TODAY!

Download on the App Store

Android App on Google play

RIDE SMART

smartbus.org

(866) 962-5515

കഥ



# ശിവരാമേട്ടന് വേണ്ടി...

**അജിത് അയ്യമ്പള്ളി**

ശിവരാമേട്ടൻ നല്ലവനായിരുന്നു. മക്കളെയെല്ലാം വിവാഹം കഴിച്ചയച്ചു. അവർ സുഖമായി കഴിയുന്നു. ശിവരാമേട്ടൻ നാട്ടുകാർക്കും വീട്ടുകാർക്കും പ്രിയപ്പെട്ടവനാണ്. അദ്ദേഹത്തിന് ഇപ്പോൾ 80 വയസ്സായി. കിടപ്പിലാണ്. ബലം കുറഞ്ഞ ഹൃദയം. രക്തത്തിൽ ആവശ്യത്തിലധികമായി പഞ്ചസാര. ബലമില്ലാത്ത കാൽമുട്ടുകൾ. 80 വർഷം ഓടിയതിന്റെ തേയ്മാനം സ്വാഭാവികം!! നല്ലവനായ ശിവരാമേട്ടന്റെ ജീവിതം ശാന്തമായി അവസാനിക്കണമെന്ന് ദൈവം ആഗ്രഹിച്ചു.

അച്ഛന് വേണ്ടി പണം വാരിക്കോരി ചിലവാക്കാൻ ആഗ്രഹമുള്ള മക്കൾ... ശിവരാമേട്ടനെ സിറ്റിയിലെ പ്രസിദ്ധമായ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. ഒരു മാസത്തോളം അവർ ശിവരാമേട്ടന്റെ ശരീരത്തിൽ പരീക്ഷണങ്ങൾ നടത്തി. പണിയെടുക്കാത്ത അവയവങ്ങൾക്ക് പകരം കുഴലുകളും... ശരീരത്തിനാവശ്യമായ ആഹാരം തുള്ളിതുള്ളിയായി അകത്തേക്ക് കടത്തി വിടുന്നു. ഇപ്പോൾ ഐ.സി.യു.വിൽ അനക്കമില്ലാതെ ശിവരാമേട്ടൻ കിടക്കുകയാണ്. ഒറ്റനോട്ടത്തിൽ ഒരു ബഹിരാകാശയാത്രികനെപ്പോലെ... സ്വന്തം മക്കളുടെയും പേരക്കുട്ടികളുടെയും സാന്നിദ്ധ്യം പോലും അടുത്ത് അനുഭവിക്കുവാൻ ഐ.സി.യു നിബന്ധനകൾ അദ്ദേഹത്തെ അനുവദിക്കുന്നില്ല.

തന്നെയും ഐ.സി.യു വിൽ കടത്തിവിടില്ല എന്ന് ദൈവത്തിന് നന്നായി അറിയാം. തന്റെ കണക്ക് പുസ്തകത്തിൽ ശിവരാമേട്ടന്റെ ദിനങ്ങൾ പണ്ടേ കഴിഞ്ഞിരിക്കുന്നു. ഒരു മാസം മുമ്പേ ഈ നരകവാതിലിൽ നിന്നും ശിവരാമേട്ടൻ രക്ഷപെടേണ്ടതായിരുന്നു. ഈ നീട്ടിക്കിട്ടിയ ജീവിതം കൊണ്ട് അദ്ദേഹത്തിന് യാതൊരു ഗുണവുമുണ്ടായില്ല. ആശുപത്രിക്ക് 4-5 ലക്ഷത്തിന്റെ ഗുണമുണ്ടായി. ഇത് ശിവരാമേട്ടനെപ്പോലെയുള്ളവരോട് ചെയ്യുന്ന ക്രൂരതയല്ലേ... ആണോ? ദൈവം പലവട്ടം ആലോചിച്ചു. ഡോക്ടർമാർ.... നഴ്സുമാർ.... മറ്റ് ആശുപത്രിജീവനക്കാർ... അവരുടെ കുടുംബം!! ദൈവത്തിനാകെ കൺഫ്യൂഷനായി.

എന്തായാലും ജനങ്ങളെ ഇത് എങ്ങനെയെങ്കിലും അറിയിക്കാൻ ദൈവം തീരുമാനിച്ചു. മക്കളെയും പേരക്കുട്ടികളെയും കണ്ടു കൊണ്ട് സമാധാനമായി ജീവിതം അവസാനിപ്പിക്കുവാനുള്ള അവകാശം ശിവരാമേട്ടനെപ്പോലെയുള്ളവർക്ക് നേടിക്കൊടുക്കണമെന്ന് ദൈവം തീരുമാനിച്ചു. ഡോക്ടറോട് നേരിട്ട് പറഞ്ഞാലോ അല്ലെങ്കിൽ വേണ്ട... ഒരു ഇന്റർനെറ്റ് കണക്ഷൻ എടുക്കാം. അതാകുമ്പോൾ ഫേസ്ബുക്കോ വാട്സ്ആപ്പോ വഴി ജനങ്ങളെ അറിയിക്കാം. അവർ പ്രതികരിച്ചു കൊള്ളും.

അങ്ങിനെ ദൈവം നേരെ ഫോൺ വിൽക്കുന്ന കടയിൽ കയറി. ക്യാമറയൊക്കെയുള്ള ഒരുഗ്രൻ സെറ്റ് വാങ്ങി (ഇവരൊക്കെ കാണിച്ചു കൂട്ടുന്ന കാര്യങ്ങൾ എല്ലാം വീഡിയോ പിടിച്ച് എല്ലാവരേയും കാണിച്ചുകൊടുക്കണം). സിംകാർഡിന് അപേക്ഷയിൽ ആദ്യം പേരെഴുതി... "ദൈവം...." അത് കണ്ട് കടയിലിരിക്കുന്നവൻ എന്നെ നോക്കി ഒന്ന് ചിരിച്ചു. ഒരു പരിഹാസച്ചിരിയോടെ. താൻ ദൈവം തന്നെയാണെന്ന് ആ കടക്കാരന് അറിയില്ലല്ലോ. അടുത്ത ചോദ്യം ദൈവത്തിനെ കുഴക്കി... മേൽവിലാസം വേണമത്രെ... അമ്പലങ്ങളും പള്ളികളും... എന്നുവേണ്ട ഈ പ്രപഞ്ചം തന്നെ. തന്റെ സ്ഥാനങ്ങളാണെന്ന് കടക്കാരനോട് ദൈവം പറഞ്ഞു. കടക്കാരൻ വീണ്ടും ഒരു സഹതാപച്ചിരിയോടെ ദൈവത്തെ നോക്കി... എന്നിട്ടയാൾ ദൈവത്തോട് ചോദിച്ചു. താങ്കളെ നേരിട്ടു കണ്ടാൽ തിരിച്ചറിയുന്നവർ ആരെങ്കിലും ഉണ്ടോ? 'ഇല്ല' എന്ന് ദൈവം അവനോട് പറഞ്ഞു. "സോറി സർ..." സിം കാർഡും നമ്പറും തരുവാൻ പ്രയാസമാണ്' എന്ന കടക്കാരന്റെ മറുപടി കേട്ട് ദൈവത്തിന് ചിരി വന്നു. ദൈവം കടയിൽ നിന്നും പുറത്തേക്കിറങ്ങി... എന്നിട്ട് സ്വയം ഇങ്ങനെ പിറുപിറുത്തു.... "എന്നെ നേരിൽ കണ്ടവർ ആരും ഇല്ല... ഈ ലോകത്തിൽ. പക്ഷേ.. എന്നെ നേരിൽ കണ്ടു എന്ന് വ്യാജപ്രചരണവുമായി ദിവ്യന്മാരായി വിലസി നടക്കുന്നുണ്ട് ഒരുപാട് പേർ... പല രൂപത്തിലും പല ഭാവത്തിലും..." ദൈവം നടന്നകന്നു....


WHERE
WILL YOU GO
NEXT?
NO MATTER THE DESTINATION,
CHOOSE JAYA TRAVEL
FOR ALL OF YOUR TRAVEL NEEDS.
CRUISES
LAND / TOUR PACKAGES
RIVER CRUISES
And Of Course... Competitive Airfare to Worldwide Destinations!
5% OFF
On any Cruise or Tour Package
when you call and use code
DMA2016APRIL
Expires 31 August 2016 - Restrictions may apply.
BEFORE YOU TRAVEL THE WORLD, CALL JAYA TRAVEL!
1-877-359-5292 | www.jayatravel.com
JAYA
TRAVEL & TOURS



**വിദ്യാഭ്യാസം**

# അഴികൾക്കുള്ളിൽ അകപ്പെട്ടുപോയ വിദ്യാഭ്യാസം

**ഫാ. ജിജോ കുര്യൻ**

ഈ സ്വതന്ത്രലോകത്ത് മനുഷ്യജീവികൾ ഇത്രയേറെ ഭയപ്പെട്ടും ശ്വാസം മുട്ടിയും അടിച്ചൊതുക്കപ്പെട്ടും ജീവിക്കുന്ന ഒരു പൊതു ഇടമുണ്ടെങ്കിൽ അത് സ്കൂൾ മാത്രമാണ്. സ്കൂൾ ഇന്നും അടിമത്തത്തിലും അടിയന്തിരാവസ്ഥയിലുമാണ്. അല്പം വിശാലമായിരുന്ന ക്ലാസ്സ്മുറികളുടെ ഇരുളിൽ നിന്ന് നമ്മുടെ കുഞ്ഞുങ്ങൾ അഴികൾക്ക് പിന്നിലേയ്ക്ക് മാറ്റപ്പെട്ടു കൊണ്ടിരിക്കുന്നതിന്റെ ഒരു സൂചകം മാത്രമാണ് കഴിഞ്ഞുപോയ മാസത്തിൽ തിരുവനന്തപുരത്ത് നടന്ന സംഭവം. (സത്യത്തിൽ ഒരു യു.കെ.ജി. കുട്ടിയെ അദ്ധ്യാപിക പട്ടിക്കൂട്ടിൽ അടച്ചോ എന്ന് അന്വേഷിച്ച് കണ്ടെത്താൻ മാസങ്ങളേറെയായിട്ടും നമ്മുടെ നിയമപാലകർക്കായില്ല എന്നതാണ് അതിലേറെ അപഹാസ്യകരമായിട്ടുള്ളത്).

കുഞ്ഞുങ്ങളുടെ ബാല്യം അവരിൽ നിന്ന് അപഹരിച്ചെടുക്കുന്ന വിദ്യാഭ്യാസശൈലിയെക്കുറിച്ച് 2012ൽ പുറത്തിറങ്ങിയ സ്പാനിഷ് ഡോക്യുമെന്ററിയാണ് "വിലക്കപ്പെട്ട വിദ്യാഭ്യാസം" (The Forbidden Education). വിദ്യാഭ്യാസത്തിന്റെ വിവിധ വശങ്ങളെ സമഗ്രമായി ചർച്ച ചെയ്യുന്ന സുദീർഘമായൊരു ദൃശ്യാവിഷ്ക്കരണം. വിദ്യാർത്ഥിജീവിതത്തിന്റെ മൂല്യം വർദ്ധിപ്പിക്കാനാകുമോ എന്നറിയാൻ വിദ്യാഭ്യാസമേഖലയിൽ കഴിഞ്ഞ പല പതിറ്റാണ്ടുകളിലായി നാം പല പരീക്ഷണങ്ങളും നടത്തി നോക്കിയിട്ടുണ്ട്. പല വർണ്ണങ്ങളിൽ പൂമ്പാറ്റകളെപ്പോലെ നടന്ന കുഞ്ഞുങ്ങളെ പിടിച്ച് ഒരേ നിറത്തിലുള്ള കോട്ടും സൂട്ടും ടൈയും കെട്ടിക്കൊടുത്തു നോക്കി. പാടവരമ്പുകളിലൂടെ ഓടിയും ഗ്രാമത്തിന്റെ കുറുക്കുവഴികൾ താണ്ടിയും സ്കൂളിൽ പൊയ്ക്കൊണ്ടിരുന്ന കുഞ്ഞുങ്ങളെ സ്കൂൾ ബസ്സിലും വാനിലും പുസ്തകക്കെട്ടുകൾക്കൊപ്പം കുത്തിനിറച്ച് സ്കൂളിലേയ്ക്കു വിട്ടു തുടങ്ങി. മാതൃഭാഷ സംസാരിച്ച്, സുഹൃത്തുക്കളായി തോളിൽ കൈയിട്ട് നടന്ന കുഞ്ഞുങ്ങളെ അന്യമായൊരു ഭാഷ നിർബന്ധിത ആശയവിനിമയഭാഷയായി അവരുടെ മേൽ കെട്ടിയേൽപ്പിച്ച് നാവടപ്പിച്ചു നോക്കി.... അങ്ങനെ പലതും. എന്നിട്ടും എന്തേ നമ്മുടെ കുട്ടികൾ ഇങ്ങനെ? സ്കൂൾ എന്ന വിദ്യാഭ്യാസസംവിധാനത്തിന് അതിന്റെ അടിസ്ഥാനത്തിലെവിടെയോ പിഴവ് പറ്റിയിട്ടുണ്ടോ എന്ന് അന്വേഷിക്കുകയാണ് "വിലക്കപ്പെട്ട വിദ്യാഭ്യാസം."

ഇന്നത്തെ സ്കൂൾ വിദ്യാഭ്യാസരീതിയുടെ ചരിത്രത്തിലേയ്ക്ക് സഞ്ചരിക്കുന്ന ഡോക്യുമെന്ററി എത്തി നിൽക്കുന്നത് പൗരാണിക ഗ്രീസിൽ ഏഥൻസിൽ അടിമകൾക്ക് നൽകിയിരുന്ന നിർബന്ധിത വിദ്യാഭ്യാസത്തിലും സ്പാർട്ടയിൽ നല്കപ്പെട്ട അതിക്രൂരമായ സൈനിക പരിശീലനയിടങ്ങളിലുമാണ്. അതിന്റെ ആധുനികരൂപം പതിനെട്ട് പത്തൊൻപത് നൂറ്റാണ്ടുകളിൽ സ്വേച്ഛാധിപത്യഭരണകൂടത്തോട് ജനം മറുതലിക്കാതിരിക്കാനായി പ്രഷ്യയിൽ രൂപം കൊടുത്ത സ്കൂളുകൾ ആയിരുന്നു. അങ്ങനെയാണ് സൈനികനിയമങ്ങളും ജയിൽ ജീവിതവും ഓർമ്മിപ്പിക്കുന്ന നമ്മുടെ സ്കൂളുകൾ രൂപപ്പെടുന്നത്. സൈന്യത്തിൽ അച്ചടക്കമാണ് പ്രധാനമൂല്യം; സ്കൂളിലും അങ്ങനെ തന്നെ. രണ്ടിടത്തും അധികാരികളുടെ ആജ്ഞകൾ ലംഘിച്ചുകൂടാ. സൈന്യത്തിലും സ്കൂളിലും അച്ചടക്കലംഘനത്തിന് നിയതമായ ശിക്ഷാരീതികളുണ്ട്. ഒപ്പം സ്കൂളും ജയിലും തമ്മിലും കൃത്യമായ ഒരു താരതമ്യപഠനം സാധ്യമാണ്. രണ്ടിടത്തും വ്യക്തികളെ തമ്മിൽ വേർതിരിച്ചറിയാൻ പാടില്ലാത്തവിധം സമാനത നിലനിർത്തുന്ന യൂണിഫോം വസ്ത്രധാരണ രീതിയുണ്ട്. രണ്ടിടത്തും ജീവിതം ക്രമപ്പെടുത്തിയിരിക്കുന്നത് മണിമുഴക്കത്തിനനുസൃതമാണ്. ഇവിടെ ആർക്കും പേരുകളില്ല. പേരുകൾ ഉണ്ടെങ്കിലും അവ വിളിക്കപ്പെടുന്നില്ല. ജയിൽപ്പുള്ളികൾക്കും വിദ്യാർത്ഥികൾക്കും നമ്പറുകൾ മാത്രമാണുള്ളത്. അങ്ങനെ പേരുകളില്ലാതെ, മുഖങ്ങളില്ലാതെ, വ്യത്യസ്തതകളില്ലാതെ ഒരു സൈനികപരേഡിലോ സ്കൂൾ അസംബ്ലിയോ ഒരുമിച്ച് നിർത്തപ്പെട്ട കുറെ ചതുരംഗകരുക്കൾ മാത്രമാണിവർ. ജയിലിൽ ഒരാളുടെ ശരീരത്തെ മാത്രമെ പീഡിപ്പിക്കുന്നുള്ളു, എന്നാൽ സ്കൂളിൽ കു

REALTOR®

Real Estate One®

Thank you for your continued support and referrals



For all your real estate needs



GEORGE CHIRACKAL
586-604-7407 (Cell)
586-783-7888 x 438 (Office)
Email: gchirackal@realestateone.com
Web: www.realestateone.com/gchirackal

CONTACT

**തത്വശാസ്ത്രത്തിന്റെ പിതാവ് സോക്രട്ടീസ് പറഞ്ഞതിങ്ങനെയാണ്: "എനിക്കാരെയും ഒന്നും പഠിപ്പിക്കാനാവില്ല, എന്റെ അടുത്ത് വരുന്നവരെ സ്വയം ചിന്തിക്കാൻ പ്രേരിപ്പിക്കാനാവും." യഥാർത്ഥ അദ്ധ്യാപകന്റെ ഉത്തരവാദിത്വം സത്യത്തിൽ അതു മാത്രമാണ്.**

ഞ്ഞുങ്ങളുടെ ശരീരത്തേയും മനസ്സിനേയും ഒരുപോലെ പീഡിപ്പിക്കുന്നു.

ജീവിതം ഒരു മത്സരമാണെന്ന് ഇന്നത്തെ വിദ്യാഭ്യാസം പഠിപ്പിക്കുന്നു. ഈ മത്സരത്തിൽ വിജയിക്കുന്നവരും പരാജയപ്പെടുന്നവരുമുണ്ട്. നിങ്ങളുടെ വിജയപരാജയങ്ങളെ വിലയിരുത്തുന്നവരാകട്ടെ പുറത്തുള്ളവരും. എത്രമാത്രം വൈരുദ്ധ്യങ്ങളാണ് നാം കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നതെന്ന് ഒന്ന് ആലോചിച്ചു നോക്കൂ. പരസ്പരം സനേഹിക്കണമെന്നും സഹകരണത്തിലും സമാധാനത്തിലും സമത്വത്തിലും ജീവിക്കണമെന്നും പഠിപ്പിച്ചിട്ട് മത്സരങ്ങളാണ് കുട്ടികൾക്ക് സ്കൂളുകളിൽ ഒരുക്കിവയ്ക്കുന്നത്. വിദ്യാഭ്യാസം ഒരോട്ടപ്പന്തയം പോലെയാണെന്നും അതിൽ സതീർത്ഥ്യരെ എങ്ങനെയെങ്കിലും പരാജയപ്പെടുത്തി ഒന്നാമനാകുന്നവനാണ് മിടുക്കനും വിജയിയുമെന്ന് കുഞ്ഞുനാളിലെ ആ കുരുന്നു മനസ്സുകളിൽ പതിയുന്നു. ആ വിദ്യാർത്ഥിക്ക് അപരനെ തന്റെ നിലനില്പിന് ഭീഷണിയായെ പിന്നെ കാണാനാവൂ. സഹപാഠികൾ  തോൽപ്പിക്കപ്പെടേണ്ട ശത്രുക്കളല്ല, മറിച്ച് കൈപിടിച്ച് ഒപ്പം നടക്കേണ്ട, തളരുമ്പോൾ താങ്ങേണ്ട സതീർത്ഥ്യരാണെന്ന് ബോധ്യപ്പെടുത്തിക്കൊടുക്കാനുള്ള എന്ത് സംവിധാനമാണ് നമ്മുടെ സ്കൂളുകളിൽ ഉള്ളത്? റാങ്കും ഗ്രേഡും മാർക്കുകളുടെ ഏറ്റക്കുറച്ചിലുകളുമില്ലാതെ ജീവനകല പഠിപ്പിക്കുന്ന ഒരു വിദ്യാലയത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാനാവുമോ?

വിദ്യാഭ്യാസം എന്തിനാണ് എന്ന അടിസ്ഥാനപരമായ ചോദ്യം ഇനിയും നമ്മൾ ഉന്നയിച്ചിട്ടില്ല എന്നുള്ളതു തന്നെയാണ് പ്രശ്നം. കുറെ അറിവുകൾ തലക്കുള്ളിൽ കുത്തിനിറക്കാനാണോ? അങ്ങനെയെങ്കിൽ ഇന്റർനെറ്റിന്റേയും വിവരസാങ്കേതിക വിദ്യയുടെയും ഈ ആഗോളഗ്രാമത്തിൽ സ്കൂളുകൾക്കും അദ്ധ്യാപകർക്കും യാതൊരു പ്രസക്തിയുമില്ല. വിദ്യാർത്ഥികൾക്ക് സ്വയം പരതി കണ്ടെത്താനാവുന്നതിലും കൂടുതൽ നിഗൂഢമായ അറിവൊന്നും ഇവിടത്തെ 99% അദ്ധ്യാപകരുടെയും തലയിലില്ല. സ്കൂൾ അടിസ്ഥാനപരമായി കുഞ്ഞുങ്ങൾ ജീവിക്കാൻ പഠിക്കുന്നിടമാകണം. പള്ളിക്കൂടം ഫാക്ടറിയും അദ്ധ്യാപകൻ തൊഴിലാളിയും വിദ്യാർത്ഥി ചരക്കും രക്ഷിതാവ് ചരക്ക് ഉത്പാദകനുമായി മാറിയിരിക്കുന്ന ഇന്നത്തെ വിദ്യാഭ്യാസരീതിക്ക് നിശ്ചയമായും മാറ്റമുണ്ടാകണം. ഒരറിവുമില്ലാത്ത വിദ്യാർത്ഥിക്ക് വിവരങ്ങൾ പറഞ്ഞുകൊടുക്കുന്നതാണ് വിദ്യാഭ്യാസം എന്ന ചിന്ത തന്നെ അബദ്ധജഡിലമാണ്. അദ്ധ്യാപകരും സ്കൂളും വിദ്യാർത്ഥികൾക്കു പഠിക്കാനുള്ള സാഹചര്യവും പ്രേരണയും ഉണ്ടാക്കിക്കൊടുക്കുന്നതേയുള്ളു; വിദ്യാഭ്യാസം വിദ്യാർത്ഥി സ്വയം ആർജ്ജിക്കുന്നതാണ്. തത്വശാസ്ത്രത്തിന്റെ പിതാവ് സോക്രട്ടീസ് പറഞ്ഞതിങ്ങനെയാണ്: "എനിക്കാരെയും ഒന്നും പഠിപ്പിക്കാനാവില്ല, എന്റെ അടുത്ത് വരുന്നവരെ സ്വയം ചിന്തിക്കാൻ പ്രേരിപ്പിക്കാനാവും." യഥാർത്ഥ അദ്ധ്യാപകന്റെ ഉത്തരവാദിത്വം സത്യത്തിൽ അതു മാത്രമാണ്.

നമ്മുടെ സ്കൂളുകളിൽ തോറ്റുപോകുന്നത് കുട്ടികളല്ല, ശുഷ്കമായി വിഭാവനം ചെയ്യപ്പെട്ട ഒരു വിദ്യാഭ്യാസസംവിധാനമാണ്. വിജ്ഞാനത്തിന്റെ അത്ഭുതലോകത്തിലേയ്ക്ക് പ്രവേശിക്കാനുള്ള ദാഹവുമായെത്തുന്ന കുഞ്ഞുമനസ്സുകളെ ഒരു കൊച്ചുപൊക്കണത്തിലൊതുങ്ങുന്ന ബൗദ്ധികസ്ഥിതിവിവരണകണക്കുകൾക്ക് വേണ്ടി നാം ശാസ്ത്രീയമായി ബലികഴിക്കുകയാണ്. ഭൂമിശാസ്ത്രം പഠിക്കാൻ അവരുടെ ഭൂമിയേയും, വ്യാകരണം പഠിക്കാൻ അവരുടെ ഭാഷയേയും, കണക്ക് പഠിക്കാൻ, അവരുടെ കണക്കുകൂട്ടലുകളേയും അവരിൽ നിന്ന് നാം അപഹരിച്ചെടുക്കുന്നു. ഇതിഹാസങ്ങൾക്കുവേണ്ടി കൊതിക്കുന്ന കുഞ്ഞുമനസ്സുകൾക്ക് ചരിത്രത്തിന്റെ ദിനവൃത്താന്തങ്ങളും തീയതികളും ചൊല്ലിക്കൊടുത്ത് പ്രതിഭകളെ വിജ്ഞാനലോകത്തോടുള്ള വെറുപ്പിന്റെ അങ്ങേ തലക്കൽ എത്തിക്കുന്നു.

വ്യക്തിപരമായ ഒരു കുറിപ്പിൽ സ്കൂൾ ജീവിതത്തെ എങ്ങനെ വിലയിരുത്തുമെന്ന് ആലോചിച്ച് നോക്കിയിട്ടുണ്ട്. ഒരു തനി കുടിയേറ്റ ഗ്രാമത്തിലെ ആ മാനേജ്മെന്റ് സ്കൂൾ എന്റെ വായനാലോകത്തിന് ഒരു കൈപ്പുസ്തകം പോലും സമ്മാനിച്ചിട്ടില്ല. പാഠപുസ്കത്തിനപ്പുറം അറിവോ നെറിവോ പറഞ്ഞ് തരാതെ മാസശമ്പളത്തിന് ഉദ്യോഗം ചെയ്യുന്ന കുറെ അദ്ധ്യാപകർ (ബൗദ്ധികമായ പാഠപുസ്തകപഠനത്തിന് മാത്രം പരോക്ഷമായി പ്രോത്സാഹനം നല്കിയ ചില അദ്ധ്യാപകരെ നിന്ദിക്കുന്നില്ല. കൂപ്പുകൈ!). അവിടെ ആരും എന്നെ കലയുടെയോ സാഹിത്യത്തിന്റെയോ കായികത്തിന്റെയോ പാഠ്യേതരപ്രവർത്തനങ്ങളുടെയോ ലോകത്തേയ്ക്ക് ക്ഷണിച്ചതുമില്ല. ഓർത്തുവെക്കാൻ ഒരു സ്കൂൾ സൗഹൃദവും ഇന്ന് അവശേഷിക്കുന്നുമില്ല. എല്ലാ ഗുരുക്കന്മാരോടുമുള്ള സർവ്വ ആദരവുകളോടുംകൂടി പറയുകയാണ് ഇനിയൊരു കുട്ടിക്കാലമുണ്ടായാൽ നിങ്ങളുടെ സ്കൂളിലേക്ക് ഞാനില്ല. പത്ത് വർഷം കൊണ്ട് എനിക്ക് സമ്മാനിച്ചതിൽ കൂടുതൽ അവസരങ്ങൾ നിങ്ങളുടെ സ്കൂൾ എനിക്ക് നിഷേധിച്ചിട്ടുണ്ട്.

നാലാം ക്ലാസ്സിനപ്പുറം പഠിച്ച ഒരു കണക്കും ഇന്നോളം എനിക്ക് ഉപയോഗിക്കേണ്ടിവന്നിട്ടില്ല. ഏഴാം ക്ലാസ്സിനപ്പുറം ഞാൻ പഠിച്ച ഭൗതികശാസ്ത്രമോ രസതന്ത്രമോ എന്തിനെന്ന് എനിക്കിന്നും അറിയില്ല. പട്ടിക്കൂട്ടിലടച്ച് കുഞ്ഞുങ്ങളെ ജീവശാസ്ത്രവും സ്വാതന്ത്ര്യത്തിന്റെ രാഷ്ട്രമീമാംസയും പഠിപ്പിക്കുന്ന വിദ്യാലയങ്ങളേ നിങ്ങൾക്ക് എന്നെങ്കിലും സമയം കിട്ടിയാൽ ഇങ്ങനെ ചില ചലച്ചിത്രങ്ങൾ ഒന്നു കാണണം. താരേ സെമീൻ പർ, ത്രീ ഇഡിയറ്റ്സ്, എലഫെന്റ്. ഒപ്പം പറ്റുമെങ്കിൽ 'ടോട്ടോചാനും' 'മർദ്ദിതരുടെ ബോധനശാസ്ത്രവും' 'സ്കൂളിലേയ്ക്ക് തിരിച്ച് പോകരുത്' എന്ന കിയോ സ്റ്റാർക്കിന്റെ പുസ്തകവും വായിക്കണം. അല്ലെങ്കിൽ ഇനിയും നിങ്ങൾ മെഴുകുതിരി വെട്ടത്തിലിരുന്ന് ഞങ്ങളുടെ കുഞ്ഞുങ്ങളെ ആണവോർജ്ജത്തെക്കുറിച്ച് പഠിപ്പിച്ചുകൊണ്ടേയിരിക്കും. ■

നർമ്മം

Boby Alapattu Kunnel





കവിത

# എനിക്കെന്നെ തന്നെ ഒന്ന് കുടഞ്ഞുടുക്കണം

ഉമാദേവി

അടിഞ്ഞു കൂടിയ
പകയും വിദ്വേഷവും
വെറുപ്പും കോപവും
വേദനയും നോവും
വിരഹവും... ഏകാന്തതയും
എല്ലാമെല്ലാം
കുടഞ്ഞു കളയണം
പിന്നെ... പിന്നെ
ദാരിക വധം കഴിഞ്ഞ കാളിയെപ്പോലെ
ഒന്നലറി വിളിക്കണം
രക്തം കൊണ്ടോന്നു മുഖം കഴുകണം
മുഖം മൂടി വലിച്ചെറിഞ്ഞു
വാളെടുത്തു വെട്ടിയരിഞ്ഞു
അഹംഭാവങ്ങളെ കാനയിലെ
ചെളി വെള്ളത്തിൽത്തള്ളണം
ഉറക്കെ കരഞ്ഞെനിക്കൊരു മനുഷ്യനാകണം
പിന്നെ... പിന്നെ...
എനിക്കെന്നെ തന്നെ ഒന്ന് കുടഞ്ഞുടുക്കണം.







ലേഖനം

ബാല്യത്തിലേ തലച്ചോറിൽ പതിയുന്ന പ്രോഗ്രാമുകൾക്കനുസൃതമായി 'പാവകളിക്കാൻ' മാത്രം കഴിയുന്നവർ കൂടിയാണു മനുഷ്യർ.

# എന്താണ് ശാസ്ത്ര ബോധം?

**ബഷീർ പി.**

നമ്മുടെ ചുറ്റുപാടിനേയും നമ്മെതന്നെയും മനസ്സിലാക്കാൻ ശാസ്ത്രത്തിന് കുറേയേറെ കഴിഞ്ഞുവെന്നും ഇനിയും അത് സാധ്യമാണെന്നും അതിലൂടെ മാത്രമേ നമുക്ക് ഓരോ രംഗത്തും അനുഭവപ്പെടുന്ന പരിമിതികൾ മുറിച്ചു കടക്കാനാവൂ എന്നുമുള്ള ഉറച്ച ധാരണയാണത്. അതായത്, തങ്ങൾക്ക് അറിയാത്ത മേഖലയെ വിശ്വാസത്തിന് കീഴ്പ്പെടുത്തി കാണുന്നതിന് പകരം അവിടെ അറിവിന്റെ വെളിച്ചം വരുമെന്നു കരുതുകയും അതിന് വേണ്ടി യത്നിക്കുകയും ചെയ്യുന്നവരാണ് ശാസ്ത്രീയ മനോഭാവമുള്ളവർ. ശാസ്ത്രത്തിനോടൊപ്പം ശാസ്ത്രബോധവും വളർന്നാൽ മാതമേ അന്ധവിശ്വാസങ്ങൾ ഇല്ലാതാവുകയുള്ളൂ.

ശാസ്ത്രബോധം ഉണ്ടാകുവാൻ ശാസ്ത്രജ്ഞനാവണം എന്നില്ല; എല്ലാ ശാസ്ത്രജ്ഞന്മാർക്കും ശാസ്ത്രബോധം ഉണ്ടാവണമെന്നും ഇല്ല.

ഒരു ശാസ്ത്രജ്ഞനോ സാങ്കേതികവിദഗ്ദ്ധനോ അയാൾ ബന്ധപ്പെടുന്ന തൊഴിൽമേഖലയിൽ വിദഗ്ദ്ധൻ ആണ് എന്നതു കൊണ്ടു മാത്രം വിശ്വാസപരമായ കാര്യങ്ങളിൽ അതേ ശാസ്ത്രബോധം അവൻ പ്രകടിപ്പിച്ചു കൊള്ളണമെന്നില്ല. ചെറുപ്പത്തിലേ അടിച്ചേൽപ്പിക്കപ്പെടുന്ന, ആത്മീയമായ കാര്യങ്ങൾ നിരുപാധികം അനുഷ്ഠിക്കപ്പെടണം എന്ന ബാദ്ധ്യതയിൽ നിന്നും പിന്നീടൊരു മോചനം മനുഷ്യന് എളുപ്പമല്ലാത്തത് അവ സത്യമായതുകൊണ്ടല്ല, ശീലം എന്നത് പൊതുവേ തലച്ചോറിൽ ശേഖരിക്കപ്പെടുന്നത് ഇച്ഛാനുസരണം തിരുത്താനാവാത്ത വിധം നമ്മുടെ ബോധപൂർവ്വമായ ഇടപെടൽ ഇല്ലാതെ സ്വാഭാവികമായി തലച്ചോറിൽ സംഭവിക്കുന്ന ഒരു പ്രക്രിയ ആയതിനാലാണ്. ആധുനിക ന്യൂറോസയൻസ് ഈ വസ്തുത സ്ഥിരീകരിക്കുന്നു. ഒരർത്ഥത്തിൽ, ബാല്യത്തിലേ തലച്ചോറിൽ പതിയുന്ന പ്രോഗ്രാമുകൾക്കനുസൃതമായി 'പാവകളിക്കാൻ' മാത്രം കഴിയുന്നവർ കൂടിയാണു മനുഷ്യർ.

ശാസ്ത്രം പഠിച്ചത് കൊണ്ടു മാത്രം കിട്ടുന്ന ഒന്നല്ല ശാസ്ത്രബോധം.

ശാസ്ത്രത്തിന്റെ വ്യാപ്തിയും ആഴവും വളരെയധികം വലുതായതിനാൽ ശാസ്ത്രത്തിന്റെ ഏതെങ്കിലും മേഖലയിൽ അവഗാഹം കൈവരിച്ചു എന്നതുകൊണ്ട് ഒരു ശാസ്ത്രജ്ഞന് അതിന്റെ സമസ്തമേഖലയിലും ധാരണയുണ്ടായിക്കൊള്ളണമെന്നോ ശാസ്ത്രബോധം ഉണ്ടായിക്കൊള്ളണമെന്നോ ഇല്ല. കെട്ടിട നിർമാണത്തിന്റെ എഞ്ചിനീയറിംഗ് സ്വായത്തമാക്കിയ ഒരാൾക്ക് പരിസ്ഥിതിയുടെ സങ്കീർണതയെക്കുറിച്ചോ അതിലെ പരസ്പരാശ്രയത്വത്തെകുറിച്ചോ ഒന്നും ധാരണ ഉണ്ടാകണമെന്നില്ല. അതുപോലെ ഒരു ഡോക്ടർക്ക് മനുഷ്യശരീരത്തിന്റെ ഘടനയെയും പ്രകൃതത്തെയും കുറിച്ച് നല്ല ധാരണയുണ്ടാവാമെങ്കിലും ജ്യോതിശാസ്ത്രംപോലുള്ള വിഷയങ്ങളിൽ അയാൾ വട്ടപൂജ്യവുമാവാനും മതി. അതിനാൽ, ഒരു ശാസ്ത്രജ്ഞൻ അല്ലെങ്കിൽ വിദ്യാസമ്പന്നനെന്ന് നാം കരുതുന്ന വ്യക്തി ആൾദൈവങ്ങൾക്ക് മുന്നിൽ പഞ്ചപുച്ഛമടക്കി നിൽക്കുന്നതിലോ തേങ്ങയുടച്ച് റോക്കറ്റ് വിക്ഷേപിക്കുന്നതിലോ അസ്വാഭാവികമായി ഒന്നുമില്ല.

ഇന്നത്തെ കാലത്ത് ശാസ്ത്രീയ മനോഭാവത്തിന്റെ അഭാവം മാത്രമല്ല പല ശാസ്ത്രജ്ഞരേയും അന്ധവിശ്വാസങ്ങളുടെ പ്രചാരകരും നടത്തിപ്പുകാരുമാക്കുന്നത്. ശാസ്ത്രത്തെ കേവലം ജീവനോപാധിയും പണസമ്പാദനത്തിനുള്ള മാർഗ്ഗവുമായി പരിഗണിക്കുന്നവർക്ക് പണവും പദവിയും നേടാൻ മറ്റെന്തും ശാസ്ത്രത്തോട് കൂട്ടിച്ചേർക്കാൻ മടിയുണ്ടാവില്ല.

ശാസ്ത്രീയ മനോഭാവം നിറഞ്ഞ ശാസ്ത്രജ്ഞരുടെ ലോകം എന്നത് സാമൂഹ്യ പ്രതിബദ്ധത മാത്രമുള്ള രാഷ്ട്രീയ പ്രവർത്തകരുടേതെന്ന പോലെയുള്ള ഒരു സാങ്കല്പിക ലോകമാണ്. രാഷ്ട്രീയപ്രവർത്തകരുടെയും ഭരണാധികാരികളുടേയും അഴിമതികളും വിവരക്കേടുകളും ഏത് വിധത്തിലാണോ ചോദ്യം ചെയ്യപ്പെടേണ്ടത് അതേ വിധത്തിൽ തന്നെ ചോദ്യം ചെയ്യപ്പെടേണ്ടതാണ് ശാസ്ത്രസമൂഹത്തിലെ പിൻതിരിപ്പൻ പ്രവണതകളും. ■

# Children's Academy

www.mca-ocamontessori.com

At Children's Academy we offer your child the best Montessori "prepared environment" that fosters a love of learning.

- Commitment to Each Child
- Comprehensive Curriculum Committed to Excellence
  - Children "learn by doing"
- Offering Pre Primary through Elementary
  - Practical Life
  - Sensorial
  - Language
  - Math
  - Cultural Studies
  - Geography
  - Science
  - Music
  - Spanish
  - Art
- Trained Experienced Staff
  - Montessori Certified

**Contacts:**

**Oakland Children's Academy**
2160 E. Maple Rd.
Troy, MI 48083
O:(248) 589-3590
email: office@ocamontessori.com

**Macomb Children's Academy**
2171 Fifteen Mile Road
Sterling Heights, MI 48310
O:(586) 979-5501
F:(586) 979-5502
email:Office@mcamontessori.com

Inspired by Maria Montessori's vision of changing the world through the child.

വിദ്യാഭ്യാസമുള്ള, പൗരബോധമുള്ള സ്ത്രീയും പുരുഷനും ഒരുമിച്ച് വേണം സമൂഹത്തെ മുന്നോട്ട് നയിക്കാൻ.

# സ്ത്രീകൾക്ക് വേണ്ടത് പൂജയല്ല; സമത്വമാണ്



ആനന്ദ് മഞ്ചേരി

ആധുനിക സമൂഹത്തിന് ഏറ്റവും പ്രതിലോമകരമായ, സ്ത്രീവിരുദ്ധമായ കാര്യമാണ് "നാരീപൂജ".

"ഞങ്ങൾ സ്ത്രീയെ ദേവിയായി കാണുന്നു, സ്ത്രീയെ ശക്തിയായി ആരാധിക്കുന്നു, സ്ത്രീയുടെ കാല് കഴുകുന്നു, സ്ത്രീയുടെ കാൽ കഴുകിയ വെള്ളം ഞങ്ങൾ തീർത്ഥമായി കുടിക്കുന്നു.'

പച്ചയ്ക്ക് പറയട്ടെ, 'ഇതൊക്കെ ഒരു കഴിവായി പറഞ്ഞ് നടക്കാൻ നിങ്ങൾക്ക് നാണമില്ലേ? തികച്ചും അരോചകമായ ആഭാസമാണ് ഇപ്പറഞ്ഞതെല്ലാം.'

സ്ത്രീകൾക്കാവശ്യം പൂജയല്ല, സമത്വമാണ്. ഈ സമത്വം പുരുഷൻ കനിഞ്ഞ് നല്കേണ്ട ഔദാര്യം ഒന്നുമല്ല.

അവസരനിഷേധം കൊണ്ട് മാത്രമാണ് സ്ത്രീ സമൂഹത്തിൽ പുരുഷന് താഴെ നില്ക്കുന്നത്.

നിങ്ങൾ വിദ്യാഭ്യാസത്തിനു അവസരം കൊടുക്കൂ, ആൺകുട്ടികളുടെ പോലെയോ അത്രയോ അതിലും നന്നായോ പഠിക്കും പെൺകുട്ടികളും. ശാസ്ത്രജ്ഞ ആയോ, ഡോക്ടർ ആയോ, ഡ്രൈവർ ആയോ, ബഹിരാകാശത്ത് പോവാനോ ഏത് മേഖലയോ ആയിക്കോട്ടെ, അവസരം കൊടുത്താൽ സ്ത്രീക്ക് പറ്റാത്തതൊന്നും ഇല്ല.

എല്ലാ കായികമേഖലകളിലും വ്യക്തമായ സ്ഥാനം സ്ത്രീകൾ നേടിയെടുത്തിട്ടുണ്ട്.

രാജ്യാതിർത്തികളിൽ (ഇന്ത്യയുടെ അടക്കം) സ്ത്രീകൾ തോക്കെടുത്ത് നില്ക്കുന്നുണ്ട്. വനിതാ ഡോക്ടർമാർ സിയാച്ചിൽ മേഖലകളിൽ വരെ പട്ടാളത്തിനൊപ്പം ജീവിക്കുന്നുണ്ട്. കടലിന്റെ നടുക്ക് ചലിക്കുന്ന ഒരു യുദ്ധക്കപ്പലിൽ നിന്ന് യുദ്ധവിമാനവും ഹെലികോപ്റ്ററും ഒക്കെ ടേക്ക് ഓഫ് ചെയ്യുകയും ലാൻഡ് ചെയ്യുകയും ചെയ്യുന്ന വനിതാ പൈലറ്റ്മാർ ഇന്ത്യൻ നാവികസേനയിൽ ഉണ്ട്. എത്രയോ വനിതകൾ രാജ്യങ്ങൾ ഭരിക്കുന്നു.

ഇതിൽ അത്ഭുതപ്പെടാനോ വാ പൊളിക്കാനോ ഒന്നും ഇല്ല. പ്രത്യേക വൈകല്യത്തോടെ ഒന്നും അല്ല ഹോമോസാപ്പിയൻസ് എന്ന മനുഷ്യസ്പീഷീസിൽ 50% വ്യക്തികൾ ജനിക്കുന്നത്. ജനനേന്ദ്രിയങ്ങളും ഹോർമോണുകളും സ്ത്രീക്കും പുരുഷനും വ്യതാസമാണ് എന്നത് മാത്രമേ ജീവശാസ്ത്രപരമായി വ്യതാസം ഉള്ളൂ. ബാക്കി എല്ലാം സമൂഹനിർമിതിയാണ്.

ചെറുപ്പത്തിലേ കുറേ കെട്ടുകഥകളും കപടമൂല്യബോധങ്ങളും തലയിൽ അടിച്ചുകയറ്റിയാണ് സാമൂഹ്യമായ ലിംഗഭിന്നത നാം സമൂഹത്തിൽ സൃഷ്ടിക്കുന്നത്.

ചാവാൻ കിടക്കുന്ന ഭർത്താവിനെ എടുത്ത് വേശ്യയുടെ അടുത്ത് പോവുന്ന ശീലാവതിയാണ് സ്ത്രീയുടെ ഏറ്റവും ഉദാത്തമായ മാതൃക എന്നതാണ് നമ്മുടെ സമൂഹത്തിന്റെ കാപട്യം.

ഭർത്താവ് നടത്തുന്ന അഗ്നിപരീക്ഷകൾ വിജയിക്കലാണ് സ്ത്രീയുടെ ലക്ഷ്യം, സ്ത്രീ എന്നത് പിടിച്ചുകൊണ്ട് വന്ന് രാജാവിന് സമർപ്പിക്കാനുള്ള വസ്തുവാണ്, സ്ത്രീ എന്നത് വീതം വെക്കാൻ പറ്റുന്ന ഭിക്ഷാവസ്തുവാണ്, ഭർത്താവിനെ ശുശ്രൂഷിക്കലാണ് സ്ത്രീ ധർമ്മം, ഇതൊക്കെയാണ് കാലഹരണപ്പെട്ട പുരാണ ഇതിഹാസങ്ങൾ സമൂഹത്തിന് നല്കുന്ന 'ദോഷ'പാഠം.

ജൈവീകമായതും സാംസ്കാരികമായതുമായ പരിണാമത്തിനിടയിൽ പല ഘട്ടത്തിലും പലതരം ഭേദഭാവങ്ങൾ കുടുംബത്തിലും സമൂഹത്തിലും ഉണ്ടായിട്ടുണ്ട്. വംശീയവും, ജാതീയവും ലിംഗപരമായും ഒക്കെ. പക്ഷെ അതൊന്നും സാമൂഹിക അനീതികൾക്കുള്ള ന്യായീകരണങ്ങൾ അല്ല.

ജീവിതകാലം മുഴുവൻ ഭർത്താവിനെ ശുശ്രൂഷിച്ചു വീട്ടിൽ അടച്ചു പൂട്ടിയിട്ട ഒരു വ്യാഴവട്ടത്തിൽ ഒരിക്കൽ കാൽ കഴുകിച്ച് അദ്വൈതം പ്രസംഗിക്കൽ അല്ല സ്ത്രീശാക്തീകരണം.

ആധുനിക സമൂഹം അതിനെ ഒക്കെ ഉപേക്ഷിച്ചേ പറ്റൂ. വിദ്യാഭ്യാസമുള്ള, പൗരബോധമുള്ള സ്ത്രീയും പുരുഷനും ഒരുമിച്ച് വേണം സമൂഹത്തെ മുന്നോട്ട് നയിക്കാൻ.


('വിമൻസ് ഡേ' ആഘോഷത്തിന്റെ ഭാഗമായി മുംബൈയിൽ നടന്ന നാരീപൂജാ ആഭാസവും അതോടനുബന്ധിച്ചു കേൾക്കേണ്ടി വന്ന 'സ്ത്രീആരാധനാ പ്രസംഗവുമാണ്' ഈ ലേഖനത്തിന് ആധാരം.)

പിന്നെ, സ്ത്രീ സംരക്ഷണം എന്നാൽ പ്രസവയന്ത്രങ്ങളെ ചാക്കിട്ട് മൂടി വീട്ടിൽ പ്രസവിപ്പിക്കാൻ വെക്കുന്നവരോട് ഇതൊന്നും പറഞ്ഞിട്ട് കാര്യമില്ല. നിങ്ങൾ ആദ്യം അറേബ്യയിലെ ഗോത്രകാലത്തിൽ നിന്ന് വർത്തമാനകാലത്തേയ്ക്ക് ഒരു ടിക്കറ്റ് എടുക്ക്! ■

BEST COMPLIMENTS
FROM

DR. VISWANADH VEGESNA MD

PINNACLE HOMES







PROUDLY SUPPORTS DMA

Canton · Novi · Northville · Washington Township
Commerce · Independence Township
Superior Township · Ann Arbor Township

PinnacleHomes.com

കഥ

സുനിൽകുമാർ

"അവൾക്ക് എല്ലാ ഭക്ഷണവും ഉണ്ടാക്കാൻ അറിയണം... ഒരേസമയം ഒരുപാട് കുഞ്ഞുങ്ങളെ ലാളിക്കാൻ അറിയണം... മുറിവേറ്റവരെ പരിചരിക്കാൻ അറിയണം... അസുഖം വന്നാൽ സ്വയം ചികിത്സിക്കാൻ അറിയണം... ദിവസം 18 മണിക്കൂർ തളരാതെ പണിയെടുക്കാൻ അറിയണം...

# സ്ത്രീകൾ

സ്ത്രീകളെ നിർമ്മിച്ച ദിവസം ദൈവം വളരെ വൈകിയും പ്രവർത്തിയിൽ ആയിരുന്നു...

ഇത് കണ്ടുവന്ന ഒരു സ്വർഗ്ഗനിവാസി ചോദിച്ചു .. "എന്തിനാ ഇതിനും മാത്രം സമയമെടുക്കുന്നത്?"

ദൈവം ചോദിച്ചു... "ഞാൻ അവളെ നിർമ്മിക്കാൻ വേണ്ടി ബുദ്ധിമുട്ടുന്നത് നീ കാണുന്നില്ലേ?"

"അവൾക്ക് എല്ലാ ഭക്ഷണവും ഉണ്ടാക്കാൻ അറിയണം... ഒരേസമയം ഒരുപാട് കുഞ്ഞുങ്ങളെ ലാളിക്കാൻ അറിയണം... മുറിവേറ്റവരെ പരിചരിക്കാൻ അറിയണം... അസുഖം വന്നാൽ സ്വയം ചികിത്സിക്കാൻ അറിയണം... ദിവസം 18 മണിക്കൂർ തളരാതെ പണിയെടുക്കാൻ അറിയണം...

ഇതെല്ലാം അവളുടെ രണ്ടു കയ്യും കൊണ്ടുവേണം ചെയ്യാൻ..."

സ്വർഗ്ഗനിവാസി അമ്പരന്നു പോയി... 'രണ്ടു കൈ മാത്രം വച്ചിട്ടോ ? ഇതാണോ അതിനു പറ്റിയ ജീവി?'

സുരലോകനിവാസി സ്ത്രീയെ തൊട്ടുനോക്കി... എന്നിട്ട് പറഞ്ഞു... "ദൈവമേ ഇത് വളരെ മൃദു ആണല്ലോ?"

ദൈവം : 'അതെ... പക്ഷെ അവൾ ശക്തിമതിയാണ്... അവൾക്കെന്തൊക്കെ ചെയ്യാൻ പറ്റുമെന്നോ നേടാൻ പറ്റുമെന്നോ നിനക്ക് ചിന്തിക്കാൻ പോലും ആകില്ല...'

സ്വർഗ്ഗനിവാസി: 'അവൾക്ക് ചിന്തിക്കാനാവുമോ?'

ദൈവം : 'ചിന്തിക്കാൻ മാത്രമല്ല, കാരണങ്ങൾ കണ്ടെത്താനും തർക്കിക്കാനും കഴിയും...'

സ്വർഗ്ഗനിവാസി സ്ത്രീയുടെ കവിളിൽ തൊട്ടു.. എന്നിട്ട് പറഞ്ഞു .. 'ദൈവമേ ഇതിനൊരു ലീക്കുണ്ട്...'

ദൈവം : 'അത് ലീക്കല്ല... കണ്ണീരാണ്...'

സ്വർഗ്ഗനിവാസി: 'അതെന്തിനാ?'

ദൈവം : 'കണ്ണീരിലൂടെ അവൾ അവളുടെ എല്ലാ വികാരങ്ങളും പങ്കുവയ്ക്കുന്നു...'

സ്വർഗ്ഗനിവാസി : 'ദൈവമേ അങ്ങെന്തു മഹാനാണ്... ഇത് അങ്ങയുടെ ഏറ്റവും നല്ല സൃഷ്ടി ആണ്...'

ദൈവം : 'തീർച്ചയായും... ഒരു പുരുഷനെ അതിശയിക്കുന്ന ശക്തി അവൾക്കുണ്ട്... എന്ത് ഭാരവും ചുമക്കാനുള്ള ശേഷി ഉണ്ട്... എന്ത് പ്രശ്നത്തെയും നേരിടാനുള്ള ശക്തിയുണ്ട്... സ്നേഹവും സന്തോഷവും അഭിപ്രായങ്ങളും രൂപപ്പെടുത്തി എടുക്കാനുള്ള കഴിവുണ്ട്... അവൾക്ക് അത്യധികം സന്തോഷം വരുമ്പോഴും വെറുതെ ഒന്ന് പുഞ്ചിരിക്കുക മാത്രമേയുള്ളൂ... അവൾക്ക് സങ്കടം വരുമ്പോൾ അവൾ പാട്ടുപാടും... സന്തോഷം വരുമ്പോൾ കരയും... പേടിയാകുമ്പോൾ ചിരിക്കും... അവൾ വിശ്വസിക്കുന്നതിന് വേണ്ടി യുദ്ധം ചെയ്യും... പരിധികളില്ലാതെ സ്നേഹിക്കും... ഉറ്റവർ മരിക്കുമ്പോൾ അവളുടെ ഹൃദയം തകരും... എങ്കിലും അവൾ ജീവിക്കുക തന്നെ ചെയ്യും...'

സ്വർഗ്ഗനിവാസി: "അപ്പോൾ അവൾ പെർഫെക്റ്റ് ആണോ?'

ദൈവം : "അല്ല... ഒരു കുഴപ്പം ഉണ്ട്... അവളുടെ വില അവൾ മറന്നുപോകും...'

എല്ലാ സ്ത്രീകളും ബഹുമാനം അർഹിക്കുന്നവർ ആണ്...!!




MOST INDIAN ITEMS
PAKISTANI, INDIAN, ARABIC GROCERIES
ABDU HALAL MEATS & GROCERY MARKET
ABDU MARKET
GROCERIES
FRESH MEAT
VEGETABLES
42468 CHERRY HILL RD, CANTON, MI 48187
OPEN DAILY: 10:00 AM TO 9:00 PM
734-335-7519
734-335-7308


Smile Centers P.C
Talk about smiles ...
SMILE CENTERS
FAMILY DENTAL
248 313 8000
GRAND OPENING OF FARMINGTON HILLS
Family and Cosmetic Dentistry
Crowns, Bridges and Implants
Invisible braces "Invisalign"
Root Canal treatment
Porcelain Veneers and Lumineers
Open Late Evenings And Weekends
FREE TEETH WHITENING
(Reg. $450)
For New Patients With Exam, X-Rays And Cleaning
Dr. Sirisha Nemallapudi
TROY:
4000 Livernois Road
FARMINGTON:
36650 Grand River Ave.
www.smilecenters.us
Info@smilecenters.us

ആരോഗ്യം

നിഷാദ് എൻ.



# പ്രകൃതിചികിത്സയും ചില തട്ടിപ്പുകളും

ആധുനികവൈദ്യശാസ്ത്രത്തിന്റെ
പിതാവ് ഹിപ്പോക്രാറ്റസ് പറഞ്ഞു
"നിന്റെ ആഹാരം
നിന്റെ ഔഷധമാണ്
ആഹാരമല്ലാതെ
മറ്റൊരൗഷധവും നിനക്കില്ല..."

ഈ വാക്കുകൾ സ്ഥിരമായി പ്രകൃതി ചികിത്സകർ അവരുടെ അശാസ്ത്രിയ ചികിത്സയുടെ ന്യായീകരണത്തിനു വേണ്ടി ഉപയോഗിക്കുന്നതാണ്... ആധുനിക വൈദ്യശാസ്ത്രത്തിന്റെ 'പിതാവ്' (ഹിപ്പോക്രാറ്റസ്) പോലും പ്രകൃതി ചികിത്സയിൽ പറയുന്ന കാര്യങ്ങൾ അംഗീകരിച്ചു എന്നും പിൻകാലത്ത് മൾട്ടിനാഷനൽ മരുന്ന് കമ്പനികൾ തുടങ്ങി വച്ചതാണ് മരുന്ന് പ്രയോഗം എന്ന് സമർത്ഥിക്കുകയാണ് ഈ ഉദ്ധരണി കൊണ്ട് അവർ ഉദ്ദേശിക്കുന്നത്..

ആരായിരുന്നു ഹിപ്പോക്രാറ്റസ്?.. മോഡേൺ മെഡിസിൻ ഡോക്ടർ ആയിരുന്നോ?.. അല്ല.. ബി.സി. 500 നു അടുത്തു ജീവിച്ച ഹിപ്പോക്രാറ്റസ് ഗ്രീക്ക് വൈദ്യത്തിന്റെ ചികിത്സകനായിരുന്നു.. മനുഷ്യ ശരീരത്തെ ഭൗതികാടിസ്ഥാനത്തിൽ നിർവ്വചിക്കാൻ ശ്രമിച്ച അദ്ദേഹത്തിന്റെ ചികിത്സയുടെ അടിസ്ഥാന സങ്കല്പം രക്തം, കഫം, പീത പിത്തം, ശ്യാമപിത്തം എന്നിവയുടെ അസന്തുലിക അവസ്ഥയാണ് ശരീരത്തിന്റെ രോഗകാരണം എന്നാണു...അന്നൊന്നും രോഗാണു സിദ്ധാന്തം നിലവിൽ ഇല്ലായിരുന്നു... രോഗാണുക്കളെ കണ്ടെത്തിയിട്ടുപോലും ഇല്ലാത്ത കാലത്താണ് അദ്ദേഹം ജീവിച്ചത്... ഈ അസന്തുലിതാവസ്ഥയെ കുറച്ച് ശരീരത്തെ രോഗമുക്തമാക്കുവാനുള്ള അദ്ദേഹത്തിന്റെ ശ്രമമാണ് ദ്രവ്യവീര്യ സിദ്ധാന്തം (Humoral Theory). ഈ അസന്തുലിത അവസ്ഥ മരുന്നുകൾ കുറച്ചു ഭക്ഷണ നിയന്ത്രണത്തിലൂടെ സാധിക്കും എന്നാണു അദ്ദേഹത്തിന്റെ വാദം... ആധുനിക ശാസ്ത്രം വികസിക്കാത്ത കാലത്ത് രോഗങ്ങൾ എങ്ങനെ ഉണ്ടാകുന്നു എന്നും ശരീരത്തിൽ രോഗാണുക്കൾ എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്നും അറിയാത്ത കാലത്ത് ഓരോ ചിന്തകന്മാർ തട്ടിക്കൂട്ടി ഉണ്ടാക്കിയ ഒരുപാട് അശാസ്ത്രീയ ദർശനങ്ങളിൽ ഒന്ന് മാത്രമായിരുന്നു ദ്രവ്യവീര്യ സിദ്ധാന്തവും ഭക്ഷണം മരുന്ന് ആയി ഉപയോഗിക്കാം എന്ന ചിന്തയും... അശാസ്ത്രീയമായ സങ്കൽപ്പങ്ങളിൽ കെട്ടി പൊക്കിയ സിദ്ധാന്തവും നിഷ്ഫലമായ പ്രയോഗങ്ങളും ആയിരുന്നു ഇവ എല്ലാം... ഹോമിയോപ്പതിയുടെ ഉപജ്ഞാതാവ് ആയ സാമുവൽ ഹാനിമാൻ ആയിരുന്നു പിൽക്കാലത്ത് ഗീക്ക് വൈദ്യത്തിനു അലോപ്പതി എന്ന പേർ നല്കിയത്... ആധുനിക ശാസ്ത്രകാഴ്ചപ്പാടിൽ നിന്നും നോക്കുമ്പോൾ ഹിപ്പോക്രാറ്റസ് അസംബന്ധ സിദ്ധാന്തത്തിന്റെ വക്താവ് ആണെങ്കിലും ഒരു ഉത്തമ ചികിത്സകൻ എങ്ങനെയുള്ള മനുഷ്യൻ ആവണമെന്ന നിർവചനം ആദ്യമായി ലോകത്തിനു നല്കിയ ആൾ എന്ന നിലയിൽ അദ്ദേഹത്തെ ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവ് ആയി അംഗീകരിക്കുന്നു... അല്ലാതെ അദ്ദേഹത്തിന്റെ ഭക്ഷണം മരുന്നാണ് എന്ന സിദ്ധാന്തത്തെ അംഗീകരിച്ചു കൊണ്ടല്ല അത്... ഇന്നും വൈദ്യശാസ്ത്ര വിദ്യാർത്ഥികൾ അവരുടെ സത്യപ്രതിജ്ഞയിൽ ഹിപ്പോക്രാറ്റസ് പറഞ്ഞ ഒരു ഉത്തമ ചികിത്സകൻ ആവും എന്നാണ് ആണയിടുന്നത് അലോപ്പതിയെ ശാസ്ത്രത്തിന്റെ ബുൾഡോസർ കൊണ്ട് ഇടിച്ചു നിരത്തി ആധുനിക അറിവിന്റെ അടിസ്ഥാനത്തിൽ കെട്ടിപ്പെടുത്തതാണ് ആധുനിക വൈദ്യശാസ്ത്രം... അതും ഹിപ്പോക്രാറ്റസ് തത്ത്വങ്ങളുമായി പുല ബന്ധം പോലുമില്ല... പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കൂടുതൽ കൂടുതൽ ശരിയായ അറിവിലേക്കും കൂടുതൽ മെച്ചപ്പെട്ട മരുന്നുകൾ വികസിപ്പിച്ചു കൊണ്ട് അത് അനുദിനം വളർന്നു വികസിച്ചു കൊണ്ടിരി




Proudly serving the Indian community from 2 locations — CANTON & NORTHVILLE

Authentic Indian groceries, frozen foods, pickles & movies







NORTHVILLE STORE LOCATED AT RIDGE RD AND 6 MILE
PHONE: 248-773-7345

CANTON STORE LOCATED AT SHELDON AND CHERRY HILL
PHONE: 734-844-6702



ക്കുന്നു... മുൻ ആചാര്യന്മാർ എഴുതിയ ഗ്രന്ഥങ്ങളിൽ അടയിരിക്കുന്ന സ്വഭാവം ശാസ്ത്രത്തിനില്ല... മോഡേൺ മെഡിസിനും. പിൽക്കാലത്ത് ശാസ്ത്രം വികസിച്ചപ്പോൾ നിലവിൽ ഉള്ള എല്ലാ ശാസ്ത്രീയ അറിവുകളും ഉൾക്കൊണ്ട് എല്ലാ ആധുനിക ശാസ്ത്രശാഖകളെയും ഒന്നിപ്പിച്ച് മനുഷ്യ ശരീരത്തെ തന്മാത്ര തലത്തിൽ വിലയിരുത്തി രോഗാണുക്കളെയും അതിന്റെ പ്രവർത്തനങ്ങളെയും അത് ശരീരത്തിൽ സൃഷ്ടിക്കുന്ന രാസമാറ്റങ്ങളെയും പറ്റി പഠിച്ചു രോഗാണുക്കളെ നശിപ്പിക്കാൻ അവയുടെ ജനിതകഘടന തകർക്കുന്ന രാസസംയുക്തങ്ങൾ കണ്ടെത്തി, അത് ഉപയോഗിച്ച് രോഗാണുക്കളെ നശിപ്പിച്ചു രോഗം മാറ്റുന്ന രീതിയാണ് ആധുനിക വൈദ്യശാസ്ത്രം. നേരത്തെ ഉള്ള ഹിപ്പോക്രാറ്റസിന്റെ അലോപ്പതിയുടെ എല്ലാ അടിസ്ഥാന സങ്കല്പങ്ങളും തകർത്ത് എറിഞ്ഞാണ് ആധുനിക വൈദ്യശാസ്ത്രം വളർന്നു വന്നത്. ആധുനിക വൈദ്യശാസ്ത്രമാണ് ഇന്നുള്ളത്. അലോപ്പതി എന്നേ മരിച്ചതാണ്. എന്നിട്ടും അലോപ്പതി എന്ന് തന്നെ ഇതു വിളിക്കപ്പെടുന്നു. വൈദ്യശാസ്ത്രം രൂപപെട്ട ചരിത്രം അറിയുന്ന ആരും ഇന്ന് അലോപ്പതി എന്ന് വിളിക്കാറില്ല.

ആധുനിക വൈദ്യശാസ്ത്രത്തിനെ മൊത്തം കുറ്റം പറയാനും തങ്ങളുടെ അശാസ്ത്രീയ ചികിത്സാരീതിയാണ് ശാസ്ത്രീയം എന്ന് വരുത്തി തീർക്കാനും അശാസ്ത്രിയ ചികിത്സക്കാർ എടുത്തു പറയുന്നതാണ് ചികത്സയുടെ മറവിൽ ചില വ്യക്തികളും സ്ഥാപനങ്ങളും മരുന്ന് കമ്പനിക്കാരും നടത്തുന്ന സാമ്പത്തിക കൊള്ള. തീർച്ചയായും അത് എതിർക്കപ്പെടണം. പക്ഷെ പകരം യാതൊരു ശാസ്ത്രീയ അടിത്തറയും ഇല്ലാത്ത കപടചികിത്സകളെ പകരം പ്രതിഷ്ഠിച്ചു കൊണ്ടാവരുത്. അങ്ങനെ ചെയ്യുന്നവരാണ് അപകടകാരികൾ.

ഒരു ചികിത്സാരീതിയുടെ ശാസ്ത്രീയതയെക്കുറിച്ചുള്ള ചർച്ചയും അതിനെ ഉപയോഗിച്ചുള്ള സാമ്പത്തിക ചൂഷണവും ഉണ്ടാവുന്നതിനെക്കുറിച്ചുള്ള ചർച്ചയും കൂടിക്കലർത്തി ചർച്ച ചെയ്യുന്നത് തന്നെ ഒരുതരം കലക്കവെള്ളത്തിൽ മീൻ പിടിക്കൽ ആണ്. ശാസ്ത്രം ഉപയോഗിക്കുന്നവരുടെ സ്വാർത്ഥതയും സങ്കുചിത ചിന്തകളും ആണ് ഇവിടെ പ്രവർത്തിക്കുന്നത്. ഇതു ശാസ്ത്രത്തിന്റെ കുഴപ്പം അല്ല. മനുഷ്യന്റെ ഭൂരിഭാഗം പ്രശ്നവും രോഗങ്ങളും പരിഹരിക്കാൻ ശാസ്ത്രത്തിനു മാത്രമേ കഴിയൂ. ഇന്നു പരിഹാരം ഇല്ലാത്തതിന് നാളെ പരിഹാരം ഉണ്ടാക്കുവാനും ശാസ്ത്രത്തിനു കഴിയും. ശാസ്ത്രം ശരിയിൽ നിന്ന് കൂടുതൽ ശരിയിലേയ്ക്കും കൂടുതൽ പൂർണ്ണതയിലേയ്ക്കും അനുനിമിഷം വളർന്നു കൊണ്ടിരിക്കുന്നു. സമൂഹത്തിലെ എല്ലാ മേഖലയിലും ചൂഷകന്മാർ ഉണ്ട്. മനുഷ്യനന്മയ്ക്ക് ഉപയോഗിക്കേണ്ട ശാസ്ത്രത്തെ ചില സ്വാർത്ഥന്മാർ ബിസിനസ്സ് ആക്കി മാറ്റി പൊതുജനത്തെ ചൂഷണം ചെയ്യുന്നുണ്ടെങ്കിൽ അത് സർക്കാരിന്റെയും നിയമവ്യവസ്ഥയുടെയും കുറ്റം ആണ്. ഇതൊക്കെ ശക്തമായ നിയമം കൊണ്ട് നിയന്ത്രിക്കപ്പെടേണ്ട ഒന്നാണ്. അതിനെ ആ നിലയ്ക്ക് കാണുകയും ചർച്ച ചെയ്യുകയും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുകയും ആണ് ചെയ്യേണ്ടത്. ശാസ്ത്രം ധാർമ്മികത കൈകാര്യം ചെയ്യുന്നില്ല. അത് ഒരു ടൂൾ മാത്രമാണ്. അത് ഉപയോഗിക്കുന്ന ആളുകളുടെ മനോനില ആയിരിക്കും അതിന്റെ നന്മയോ തിന്മയോ തീരുമാനിക്കുക. സാമൂഹ്യ ചൂഷണസംവിധാനത്തെ തടയാനാണ് നിയമവും കോടതി വിധികളും. അത് വേറെ വിഷയം. ശാസ്ത്രീയത വേറെ വിഷയം. രോഗം ഉണ്ടാവുന്നത്

**ശാസ്ത്രീയമായ അറിവ് വികസിക്കാത്ത പണ്ട് കാലത്തുള്ള അശാസ്ത്രിയ ചികിത്സ ദർശനങ്ങളും ഫലശൂന്യമായ പ്രാകൃത ചികിത്സാരീതികളും കൂടി ചേർന്നുള്ള പ്രയോഗങ്ങൾ ആണ് എല്ലാ കപടവൈദ്യവും... യാതൊരു ശാസ്ത്രീയഅടിത്തറയും ഇതിനൊന്നും ഇല്ല...**

എങ്ങനെ ആണെന്നും ശരീരത്തിൽ രോഗാണുക്കൾ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നു എന്നും കൃത്യമായി മനസ്സിലാക്കിയാൽ മാത്രമേ അതിന്റെ ഫലപ്രദമായ പരിഹാരങ്ങൾ കണ്ടെത്താൻ കഴിയൂ. അത് ശാസ്ത്രത്തിന്റെ രീതിയിൽ കൂടി മാത്രമേ കണ്ടെത്താനും പരിഹരിക്കാനും കഴിയൂ. അങ്ങനെ ഉള്ള ശാസ്ത്രത്തെ അതിനെ ചൂഷണം ചെയ്യുന്നവരുടെ ചെയ്തികൾ പൊലിപ്പിച്ചു. ആധുനിക വൈദ്യശാസ്ത്രവും മരുന്നുകളും ആളെ കൊല്ലിയാണ് എന്ന് പ്രചരിപ്പിച്ചു യഥാർത്ഥപരിഹാര മാർഗ്ഗത്തിൽ നിന്നും രോഗികളെ പിന്തിരിപ്പിച്ചു തങ്ങളുടെ കപട ചികിത്സയിലേക്ക് എത്തിക്കുകയാണ് സമാന്തര വൈദ്യം എന്ന് അവകാശപ്പെടുന്നവർ ചെയ്യുന്നത്. ശാസ്ത്രീയമായ അറിവ് വികസിക്കാത്ത പണ്ട് കാലത്തുള്ള അശാസ്ത്രിയ ചികിത്സ ദർശനങ്ങളും ഫലശൂന്യമായ പ്രാകൃത ചികിത്സാരീതികളും കൂടി ചേർന്നുള്ള പ്രയോഗങ്ങൾ ആണ് എല്ലാ കപടവൈദ്യവും. യാതൊരു ശാസ്ത്രീയഅടിത്തറയും ഇതിനൊന്നും ഇല്ല.



Flooring Services ~ Sales, Installations & Repairs
Residential • Commercial • Industrial • Schools
Hardwood Floors ~ Cherry, Oak, Birch, & Teak
• Plank & Strip • Custom & Pre-Finished Floor Sanding
• Stains & Varnishes • Sealers
Tile & Sheet Linoleum
Floor Tile • Non-Wax Linoleums & Tiles
Cushioned & Sheet Vinyl
Indoor & Outdoors Floorings
Artifical Grass • Rubber Mats
Non-Skid Safety Walks
Wall-toWall Carpets • Rugs • Slate • Terracotta Flooring
Water Damage Corrected
36111 Ford Road Westland, MI 48185
Phone: (734) 729-2929, Fax: (734) 729-2909
Email: avitacarpetinc@gmail.com
http://www.avitacarpet.com


miindia.com
bringing community together!
Serving the community since 1999
IT Jobs and Training Hub
Free Ads - Buy/Sell a Car, Computer or House
Events / Movies
Message Board
Jobs
Roommate Match
Yellow Pages
Special Deals and Discounts
Network with thousands everyday!
Grow your business with instant access to thousands!
For feedback and advertising, e-mail info@miindia.com
Rockin Raaga
www.miindia.com
VISITOR HEALTH INSURANCE
INSTANT QUOTES
DETAILED COMPARISON
INSTANT PURCHASE
REPUTED COMPANIES
WIDELY ACCEPTED
Visit www.miindia.com or contact info@miindia.com for more details.


URON Tax & Financial Services, LLC
"Your One-Stop Station For Tax Preparation, Representation, & Investments"
3098 Bennington Dr
Wixom, MI 48393
Cell: 248-921-9941
Phone: 248-624-2511
Fax: 248-679-1553
Email: gtvann@aol.com
George T. Vannilam MS, EA, MBA
President
Fellow, National Tax Practice Institute (NTPI)
Enrolled Agent Authorized to Represent You Before IRS
www.NAEA.org www.MiSEA.org
www.UronTax.com

കഥ

**തന്റെ കുഞ്ഞുങ്ങൾ പിറക്കുന്നത് വെറും സെക്സിൽ നിന്നാവില്ല, സ്നേഹത്തിൽ നിന്ന്.... അച്ഛനും അമ്മയും ചേർന്ന കുടുംബത്തിൽ നിന്നാവണം.... കെട്ടുറപ്പുള്ള ഒരു കുടുംബജീവിതത്തിൽ നിന്നല്ലാതെ ഒരു കുഞ്ഞ് തനിക്കുണ്ടാവില്ല എന്നത് വീണ്ടും വീണ്ടും മനസ്സിൽ ഉറപ്പിച്ച് ക്രിസ്റ്റീന കാർ സ്റ്റാർട്ട് ചെയ്തു. കാറിന്റെ വേഗത അവൾ അറിഞ്ഞില്ല, മനസ്സിൽ ആർജ്ജിച്ചെടുത്ത തന്റേടത്തോടൊപ്പം കാറും വേഗതയോടെ ചരിക്കുകയായിരുന്നു.....**



കുഞ്ഞൂസ്, കാനഡ

# ക്രിസ്റ്റീന ഒരു പെൺചരിതം



സ്ക്വയർവണ്ണിലെ ഫുഡ്കോർട്ടിൽ നിന്നും പുറത്തു കടക്കുമ്പോൾ ക്രിസ്റ്റീനയുടെ കണ്ണുകൾ നിറഞ്ഞിരുന്നു. തുളുമ്പി വീഴാതിരിക്കാൻ വളരെയേറെ പാടുപെടേണ്ടി വന്നെങ്കിലും ആരുടേയും ശ്രദ്ധയിൽപ്പെടാതെ പാർക്കിംഗ് ലോട്ടിൽ എത്തിപ്പെടാൻ കഴിഞ്ഞതിൽ ആശ്വസിക്കുകയായിരുന്നു. പക്ഷേ, തന്റെ കാർ എവിടെയെന്ന് കണ്ടുപിടിക്കാൻ കഴിയാതെ, ബേസ്മെന്റ് പാർക്കിങ്ങിന്റെ നാലാം നിലയിൽ കുറേ നേരം ചുറ്റിത്തിരിഞ്ഞ ശേഷമാണ് തന്റെ കാർ മൂന്നാം നിലയിലാണല്ലോ എന്നോർമ്മ വന്നത്. വീണ്ടും ലിഫ്റ്റിലൂടെ മൂന്നാം നിലയിൽ എത്തി, കാർ കണ്ടുപിടിച്ചു അകത്തു കടന്നതും ആകെ തളർന്നു പോയി, സീറ്റിലേക്ക് ചാരിക്കിടന്നു കണ്ണടച്ചു.

കഴിഞ്ഞു പോയ നിമിഷങ്ങൾ ഒരു തിരശീലയിലെന്ന പോലെ ഉൾക്കണ്ണിൽ തെളിഞ്ഞു.....!

വിവാഹത്തെപ്പറ്റി സംസാരിക്കണം എന്നുറപ്പിച്ചാണ് പീറ്ററെ കാണാൻ സ്ക്വയർവൺ മാളിൽ എത്തിയത്. തന്നെയും കാത്തിരിക്കുന്ന അയാളെ കണ്ടപ്പോൾ മനസ്സും ശരീരവും പ്രണയത്താൽ തരളിതമാകുന്നത് അടക്കിപ്പിടിക്കാൻ ശ്രമിച്ച് മെല്ലെ പീറ്ററിനടുത്തേക്ക് നടന്നു.....

കഴിഞ്ഞ ഏഴെട്ടു മാസങ്ങളിലെ പരിചയവും അടുപ്പവും കൊണ്ടാവണം, പീറ്റർ ഇപ്പോൾ ആലിംഗനം ചെയ്യാൻ മുതിരാറില്ല. പകരം കയ്യിൽ മെല്ലെ പിടിച്ചാണ് സ്വാഗതം ചെയ്തത്. തന്നെ പീറ്റർ മനസിലാക്കുന്നുവെന്ന തോന്നലിലാണ് വിവാഹത്തെപ്പറ്റി സംസാരിക്കാൻ വന്നത്.

'കോഫി?' പീറ്ററിന്റെ ചോദ്യത്തിന് മറുപടി ഒരു പുഞ്ചിരിയിൽ നൽകി മനസ്സിനെ വീണ്ടും ധൈര്യപ്പെടുത്തിക്കൊണ്ടിരുന്നു.

ടിംസിൽ നിന്നും രണ്ടു കപ്പ് കോഫിയുമായി എത്തിയ പീറ്റർ തന്നെ സംഭാഷണവും തുടങ്ങി വെച്ചു.

"എന്തിനാണ് അത്യാവശ്യമായി കാണണം എന്നു പറഞ്ഞത്....?"

"അതു പിന്നെ, ഒന്നുമില്ല പീറ്റർ, വെറുതെ കാണണമെന്ന് തോന്നി...."

"അല്ലല്ല, എന്തോ ഉണ്ട്, ധൈര്യമായി പറഞ്ഞോളൂ,...."

"അത്, നമുക്ക് വിവാഹം കഴിച്ചാലോ പീറ്റർ?"

"വാട്ട്? വിവാഹം? നമ്മൾ ഇതുവരെ ഡേറ്റിംഗ് തുടങ്ങിയിട്ടില്ല, ഒരുമിച്ച് ഉറങ്ങിയിട്ടില്ല, പിന്നെ, എങ്ങിനെ വിവാഹത്തെപ്പറ്റി ആലോചിക്കും, തന്റെ കൂടെയുള്ള സെക്സ് എങ്ങിനെയെന്നു പോലും അറിയാതെ..... എനിക്ക് വിവാഹത്തെപ്പറ്റി ചിന്തിക്കാൻ പോലും പറ്റില്ല."

"പീറ്റർ, ഞാൻ പറഞ്ഞതല്ലേ, ഒരു വിവാഹത്തിലൂടെ മാത്രമേ സെക്സിന് എന്റെ മനസ്സും ശരീരവും തയ്യാറാവൂ എന്ന്...! നീ എന്നെ മനസിലാക്കിയിട്ടുണ്ടാവും എന്നോർത്താണ് ഇപ്പോൾ വിവാഹക്കാര്യം പറഞ്ഞത്. ദയവായി ക്ഷമിക്കുക."

കൂടുതൽ പറയാനോ അവിടെ ഇരിക്കാനോ തോന്നിയില്ല. യാത്ര പോലും പറയാതെ വേഗം എഴുന്നേറ്റു പോന്നു.....

കവിളിലൂടെ ഒലിച്ചിറങ്ങിയ കണ്ണീർ തുടച്ച്, സൈഡ് വ്യൂ മിററിലൂടെ കണ്ട തന്റെ മുഖത്തേക്ക് സൂക്ഷിച്ചു നോക്കി.... നിറഞ്ഞ മിഴികൾക്കപ്പുറം അമ്മ


SUCCESS
Thomas & Associates
Full Service Tax and Accounting
48216 Andover Dr., Novi MI-48374.
Services we offer:
Tax Preparation (Individual and Business)
Tax Planning
Small Business Accounting
Payroll
Quick Books Services
New Business Formation
Authorized IRS e-file provider & Quick Books Certified
Diaz Thomas
Call: (248) 470-2200
Email: diaz.thomas@thethomasandassociates.com
Fax: (248) 488-9848
Visit our website www.TheThomasAndAssociates.com for FREE tax saving information.


We Are Relocating To A Better And Bigger Place To Serve You Better.
Find Every Thing Under One Roof
VANI FOODS
We carry
All Puja product
And Idols
* Frozen foods
* Frozen and fresh fish
* Dry fish
* Dry foods
* Organic dal
* Flours
* Masala and rice
New Location
38350 W 10 Mile Rd
Farmington, MI 48335
New
Old

യുടെ മുഖമാണ് അപ്പോൾ അവിടെ തെളിഞ്ഞു വന്നത്.

അമ്മ...!

എന്തു ചെയ്യുകയായിരിക്കും അവരിപ്പോൾ....? തന്റെ മക്കൾക്ക് ഭക്ഷണം ഉണ്ടാക്കുകയോ അവരുടെ തുണികൾ കഴുകുകയോ ആവാം. അല്ലെങ്കിൽ തല്ലു കൂടുന്ന അവരെ സ്നേഹത്തോടെ ശാസിക്കുകയാവും...

എന്തൊക്കെ സ്വപ്നങ്ങളോടെയാണ് നൈജീരിയയിൽ നിന്നും അമ്മയെ തേടി എത്തിയത്. തനിക്ക് മൂന്നു വയസുള്ളപ്പോഴാണ് അച്ഛനിൽ നിന്നും പിരിഞ്ഞു അമ്മ പോയത്. രണ്ടു വർഷങ്ങൾക്കുള്ളിൽ അച്ഛനും വേറൊരു കുടുംബമായപ്പോൾ അനാഥമായത് കുഞ്ഞു ക്രിസ്റ്റിനയാണ്. അച്ഛന്റെ കുടുംബത്തോടൊപ്പം കഴിഞ്ഞ തന്നോട് രണ്ടാനമ്മ കാണിക്കുന്ന ക്രൂരതകൾ.... വിശന്നു കരഞ്ഞുറങ്ങിയ നാളുകളെപ്പറ്റി ഓർക്കുമ്പോൾ ഇപ്പോഴും കണ്ണു നിറയുന്നല്ലോ.... അച്ഛനും മർദ്ദനം തുടങ്ങിയതോടെയാണ് തന്നെ സ്വന്തം കുഞ്ഞുങ്ങളോടൊപ്പം വളർത്താൻ അമ്മായി കൊണ്ടു പോയത്. അവിടെ ഭക്ഷണത്തിന് കുറവുണ്ടായിരുന്നെങ്കിലും പേടിക്കാതെ കിടന്നുറങ്ങാൻ കഴിഞ്ഞിരുന്നു. രാപ്പകൽ ജോലി ചെയ്തായാലും അമ്മായിയും അഞ്ചു മക്കളും താനും അടങ്ങുന്ന വലിയ കുടുംബത്തെ പോറ്റാൻ അമ്മായി വളരെ കഷ്ടപ്പെട്ടു. അതിനാൽ കുട്ടികളെ ആരെയും സ്കൂളിൽ പോലും അയക്കാൻ അമ്മായിക്ക് കഴിഞ്ഞില്ല. ഇതിനിടെ അമ്മായി വയ്യാതെ കിടപ്പിലാവുകയും ചെയ്തു. അമ്മായിയുടെ മൂത്ത മകൻ പന്ത്രണ്ടു വയസുകാരൻ ആൽഫ്രെഡ് ചുമടെടുക്കാൻ പോയി കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ട് കഴിഞ്ഞു പോയ ആ നാളുകളുടെ തളർന്ന മുഖം ഇപ്പോഴും വിങ്ങലായി ഹൃദയത്തിൽ പടരുന്നു. ആ കുടുംബം എങ്ങിനെയൊക്കെയോ മുന്നോട്ടു പോയി. ആൽഫ്രഡ് പണിയെടുക്കാൻ പോയ സ്ഥലത്തെ ഒരു നല്ല മനുഷ്യൻ അവനെ പഠിക്കാൻ പ്രേരിപ്പിച്ചു. അങ്ങിനെ ആൽഫ്രെഡ് സ്കൂളിൽ പോകാതെ തന്നെ അദ്ദേഹത്തിൽ നിന്നും പഠനം ആരംഭിച്ചു.

താൻ പഠിക്കുന്നത്, ആൽഫ്രെഡ് വീട്ടിൽ വന്നു സഹോദരങ്ങളേയും പഠിപ്പിക്കും. അങ്ങിനെ ദാരിദ്ര്യത്തിനിടയിലും ഒരു മാതിരിയൊക്കെ എഴുതാനും വായിക്കാനും പഠിച്ചു. പറയുന്ന പോലെ എളുപ്പമല്ലായിരുന്നെങ്കിലും എഴുതാനും വായിക്കാനും കഴിയുക എന്നത് വളരെ വലിയൊരു കാര്യം തന്നെയായിരുന്നു.

തനിക്ക് ഏതാണ്ട് പതിനാലു വയസുള്ളപ്പോഴാണ് അമ്മായിയുടെ മരണം. അതിനു മുൻപേ എപ്പോഴോ ഒരിക്കൽ അവളുടെ അമ്മ കാനഡയിൽ ഉണ്ടെന്നു അമ്മായി പറഞ്ഞിരുന്നു. എന്നാൽ വിശദവിവരങ്ങൾ ഒന്നും അറിയില്ലായിരുന്നു. അമ്മായിയുടെ മരണത്തിൽ കുടുംബമാകെ പകച്ചു പോയെങ്കിലും ആൽഫ്രെഡിന്റെ ധൈര്യത്തിൽ അവർ മുന്നോട്ടു പോകുന്നതിനിടയിലാണ് തന്നോട് കാനഡയിൽ പോയി രക്ഷപ്പെടാൻ അവൻ ഉപദേശിക്കുന്നത്. ഒരാളെങ്കിലും രക്ഷപ്പെടുമല്ലോ എന്ന ചിന്തയായിരുന്നു അതിനു പിന്നിൽ. എവിടെയൊക്കെയോ ഓടി നടന്ന് അമ്മയുടെ വിലാസം കണ്ടുപിടിച്ചു കൊണ്ടു വന്നു അവൻ. അമ്മയ്ക്ക് കത്തെഴുതി കാത്തിരുന്ന കാലത്തെ ഓർക്കുമ്പോൾ ഇപ്പോഴും ഹൃദയം വിങ്ങുകയാണ്....

അമ്മയുടെ ആദ്യ മറുപടി വന്നപ്പോൾ, തനിക്ക് അമ്മയുണ്ടെന്ന സത്യം അറിഞ്ഞപ്പോൾ ഉണ്ടായ സന്തോഷം ഇപ്പോഴും മധുരിക്കുന്ന ഓർമ്മ. കുറെ നേരത്തേക്ക് കത്ത് തുറക്കാൻ പോലുമുള്ള ധൈര്യമില്ലായിരുന്നു. ഒടുവിൽ ആൽഫ്രെഡാണ് ആ കത്തു തുറന്നത്.

എന്നാൽ, കത്തിൽ അമ്മയ്ക്കും വേറൊരു കുടുംബം ഉണ്ടെന്നും അതിനാൽ കൂടെ കൊണ്ടു പോകാൻ കഴിയില്ലെന്നും അമ്മ എഴുതിയത് വായിച്ചു കേട്ടപ്പോൾ ഹൃദയം നിന്നു പോയ പോലെയാണ് അനുഭവപ്പെട്ടതെന്ന് ഓർത്തപ്പോൾ അറിയാതെ തേങ്ങിപ്പോയി. എങ്കിലും ക്രിസ്റ്റിനയെ സ്പോൺസർ ചെയ്യാം എന്ന അമ്മ എഴുതിയിരുന്നു. പോയി രക്ഷപ്പെടാൻ ആൽഫ്രെഡ് അടക്കമുള്ളവർ ഉപദേശിച്ചിട്ടും മനസ്സ് ശാഠ്യത്തോടെ പിന്തിരിഞ്ഞു നിന്നു. നിർബന്ധം സഹിക്കാതെ വന്നപ്പോഴാണ് അർദ്ധസമ്മതം മൂളിയത്. അങ്ങിനെ, അമ്മയുടെ സ്പോൺസർഷിപ്പിൽ പതിനേഴാം വയസ്സിൽ അമ്മയുടെ അടുത്തേക്ക് വീണ്ടും...

അമ്മയുടെ വീട്ടിൽ താമസിച്ച ദിവസങ്ങളും കണ്ണീരിന്റെ ഉപ്പു രസത്തിൽ മുങ്ങിത്തീർന്നവയായിരുന്നു. അമ്മക്ക് മറ്റു മൂന്നു മക്കളോടായിരുന്നു സ്നേഹം മുഴുവൻ. അമ്മയുടെ ഒരു ആലിംഗനത്തിനായി ഒരു പാടു കൊതിച്ചെങ്കിലും ഒന്നും കിട്ടിയില്ല. അന്നൊക്കെ തന്റെ അർദ്ധസഹോദരങ്ങളോട് അസൂയയും ദേഷ്യവുമാണുണ്ടായിരുന്നത്. അമ്മായി പോലും ഇതിൽ കൂടുതൽ തന്നെ സ്നേഹിച്ചിരുന്നല്ലോ എന്നോർത്ത് ആരും കാണാതെ എത്ര കരഞ്ഞിരിക്കുന്നു ആ ദിവസങ്ങളിൽ....!

ഏതോ ഒരാളോടെന്ന പോലെയുള്ള അമ്മയുടെ പെരുമാറ്റം ഹൃദയത്തെ കുത്തി നോവിക്കുമ്പോഴും വീട്ടുജോലികളിൽ സഹായിക്കാൻ ചെന്ന തന്നെ അവർ മാറ്റി നിർത്തിയപ്പോഴും സ്നേഹത്തിനായി കൊതിച്ചു പിടയുകയായിരുന്നുവെന്ന് അവർ അറിഞ്ഞതേയില്ലല്ലോ....!

ഒരാഴ്ച കഴിഞ്ഞു, വേറൊരു അപ്പാർട്ട്മെന്റിലേക്ക് അമ്മ തന്നെ മാറ്റിപ്പാർപ്പിച്ചു. ഏതോ ഗുഹയിൽ തനിച്ചകപ്പെട്ട പോലെ ആ അപ്പാർട്ട്മെന്റിൽ കിടന്നു കരഞ്ഞു തീർത്തു. ആത്മഹത്യയെക്കുറിച്ച് ചിന്തിച്ചു. ആരുമില്ലാതെ, ആർക്കും വേണ്ടാതെ എന്തിന് ഇങ്ങിനെയൊരു ജന്മം...? തന്നെ വേണ്ടായിരുന്നെങ്കിൽ ജനിച്ചപ്പോഴേ ഇല്ലാതാക്കാമായിരുന്നില്ലെ...? നൂറു നൂറു ഉത്തരമില്ലാത്ത ചോദ്യങ്ങൾ...!

എന്നാൽ, ആൽഫ്രെഡിന്റെ കത്ത് ജീവിക്കണം എന്ന പ്രേരണയുണ്ടാക്കി. അങ്ങിനെ നാളുകൾക്കു ശേഷം പുറത്തിറങ്ങി, ജോലി അന്വേഷിക്കാൻ തുടങ്ങി. സിൻ കാർഡ് കിട്ടുന്നതു വരെ കാഷ് ജോബ്സ് ചെയ്തു. അത്യാവശ്യത്തിനുള്ളത് മാത്രം എടുത്ത് ബാക്കി പണം ചേർത്തു വെച്ചു. അതിനിടയിൽ കൂടെ ജോലി ചെയ്യുന്നവരിൽ നിന്നും കേട്ടറിഞ്ഞ് അഡൽറ്റ് സ്കൂളിൽ പഠിക്കാൻ ചേർന്നു. സ്വപ്രയത്നത്താൽ ഇന്നൊരു പേർസണൽ സപ്പോർട്ട് വർക്കർ ആയിത്തീരുകയും നൈജീരിയയിലുള്ള അമ്മായിയുടെ കുടുംബത്തെ സാമ്പത്തികമായി സഹായിക്കുകയും ചെയ്യുന്നുണ്ട്....

അതേ, കരഞ്ഞു തീർക്കേണ്ടതല്ല തന്റെ ജീവിതം...! പീറ്റർ പോയതിൽ സങ്കടമുണ്ടെങ്കിലും താൻ ജീവിക്കും.

തന്റെ കുഞ്ഞുങ്ങൾ പിറക്കുന്നത് വെറും സെക്സിൽ നിന്നാവില്ല, സ്നേഹത്തിൽ നിന്ന്.... അച്ഛനും അമ്മയും ചേർന്ന കുടുംബത്തിൽ നിന്നാവണം.... കെട്ടുറപ്പുള്ള ഒരു കുടുംബജീവിതത്തിൽ നിന്നല്ലാതെ ഒരു കുഞ്ഞ് തനിക്കുണ്ടാവില്ല എന്നത് വീണ്ടും വീണ്ടും മനസ്സിൽ ഉറപ്പിച്ച് ക്രിസ്റ്റീന കാർ സ്റ്റാർട്ട് ചെയ്തു. കാറിന്റെ വേഗത അവൾ അറിഞ്ഞില്ല, മനസ്സിൽ ആർജ്ജിച്ചെടുത്ത തന്റേടത്തോടൊപ്പം കാറും വേഗതയോടെ

ചരിക്കുകയായിരുന്നു.....



STATE FARM INSURANCE
Auto Life Fire
PD State Farm Agency
Insurance & Financial Services
Auto Life Home Business
(313) 817 1000


PAUL'S HANDYMAN SERVICES
If you don't want to do it, or can't get to it, call Paul
• Painting • Drywall
• Cleaning services
• Remodeling • Plumbing
• Hauling
• Running errands
10% OFF Any Service
Not valid with any other offer or discount. Expires 4/16/16.
(734) 254-0093


RAMAYAH AUTO REPAIRS AND SERVICES
Complete Car Repair Services - Domestic and Imports & Monthly Rental Cars
Experienced master mechanics on duty.
Reliable service at reasonable rates.
Serving the Indian community since 1992
43000 West 9 Mile Road, Unit#308,
Novi MI - 48375
Phone: 248-230-8503 (Office):
248-802-8023(Mobile)


Free Consultation
www.sirajbaigdds.com
248-471-5534
SIRAJ BAIG DDS PC And ASSOCIATES
Laser Dentistry, Filling, Root Canals, Crowns
Cleaning, Bridges, Dentures, and Braces
MOST INSURANCE ACCEPTED
EVENING & WEEKEND HOURS AVAILABLE
23304, Orchard Lake Road
Farmington Hills, MI 48336
Serving the community for the past 31 years providing a comfortable and friendly atmosphere for the entire family

വായന




# ജോൺ ഇളമതയുടെ 'സോക്രട്ടീസ് '

*(സോക്രട്ടീസ് ഒരു നോവൽ by ജോൺ ഇളമത, പ്രസിദ്ധീകരണം: ഡി. സി. ബുക്ക്സ്, കോട്ടയം, വിതരണം:ഡി.സി.ബുക്ക്സ് കറന്റ്ബുക്ക്സ്. പേജ് 135, വില ₹ 90.00)*



**ജോൺ മാത്യു**

വായനാസുഖത്തിനോ ജനപ്രിയത്വത്തിനോ ഒരു അംഗീകാരം കൊടുക്കുകയാണെങ്കിൽ 'സോക്രട്ടീസ് ഒരു നോവൽ' എങ്ങുമെങ്ങും എത്തുകയില്ല. ഒന്നോ രണ്ടോ താളുകൾ മറിച്ചുനോക്കിയിട്ട് നാവു ചുറ്റിക്കുന്ന ഗ്രീക്കു പേരുകളിലെത്തുമ്പോഴേക്കും മടക്കിക്കഴിയും.

അതാണ് ഈ ആഖ്യായികയുടെ പ്രത്യേകത. ഒരു ചരിത്രനോവൽ, ഒരു തത്വജ്ഞാനി കേന്ദ്രബിന്ദുവായിരിക്കുന്ന നോവൽ എങ്ങനെയാണ് അനായാസമായി വായിക്കാൻ കഴിയുക? ഇവിടെ വായനക്കാരൻ നോവലിസ്റ്റിൻെറ ഒപ്പം സഞ്ചരിച്ചേ മതിയാകൂ. അതുകൊണ്ടുതന്നെ ഈ നോവൽ എത്ര പേർ വായിച്ചിട്ടുണ്ട്? അമേരിക്കയിലെ സാഹിത്യപ്രസ്ഥാനങ്ങൾ എവിടെയെങ്കിലും ഇതു ചർച്ച ചെയ്തിട്ടുണ്ടോ? വെറുതെയങ്ങ് ചോദിച്ചു പോകുകയാണ്. ശരിയാണ്, അമേരിക്കയിലെ മലയാളം വായനയും ചർച്ചയുമെല്ലാം പുറംതോടിലുള്ള മാമൂലുകളും തടവലുമായാണ് കണക്കാക്കപ്പെടുക. ചർച്ചകൾ എന്നാൽ ഒരു 'ഫോട്ടോ ഓപ്പർച്യൂണിറ്റി', അല്ലേ?

വീണ്ടും പറയുകയാണ്, നിഷേധരൂപത്തിലുള്ള തുടക്കം തന്നെയാണ് 'സോക്രട്ടീസ് ഒരു നോവൽ' എന്ന ഗ്രന്ഥത്തിന്റെ ആകർഷണീയത. 'അറിവില്ലായ്മയാണ് എൻെറ അറിവ്' എന്ന് പറയുന്നതുപോലെ.

മാനവചരിത്രത്തിലെ സുപ്രധാനമായ ഒരു കാലഘട്ടവും ആ കാലഘട്ടത്തെ നിയന്ത്രിച്ച വ്യക്തിയുമാണ് ഈ നോവലിന് ആധാരം. നേരത്തെ ശ്രീ. ജോൺ ഇളമത എഴുതിയ 'ബുദ്ധൻ' എന്ന കൃതിയും ഇപ്പോഴത്തെ ഈ നോവലും ഒന്ന് ഒന്നിന്റെ തുടർച്ച തന്നെയെന്ന് തോന്നിപ്പോകുന്നു.

സാംസ്ക്കാരികമായി മുന്നിട്ടുനിന്നു എന്ന് അവകാശപ്പെട്ടിരുന്ന ആതൻസിന്റെയും ഗ്രീക്ക് മഹാരാജ്യത്തിന്റെയും അവരുടെ ആരാധനാമൂർത്തികളുടെയും കഥകൾ ചുരുക്കമായി അവതരിപ്പിക്കാൻ നോവലിസ്റ്റിന് കഴിഞ്ഞിട്ടുണ്ട്, സോക്രട്ടീസിൻെറ കഥ പറയുന്നതിനിടയിൽ.

ഒരു പക്ഷേ, ഈ കഥകളും മിത്തുകളും ഗ്രീസിൽ മാത്രം ഒതുങ്ങി നില്ക്കുന്നില്ല. അത് ഈജിപ്തിലേക്കും മെഡിറ്ററേനിയൻ തീരത്തുള്ള മറ്റെല്ലാ രാജ്യങ്ങളിലേക്കും തുടർന്ന് ഭാരതീയ ഇതിഹാസങ്ങൾ വരെയും നീണ്ടു കിടക്കുന്നു.

വായന തുടക്കത്തിൽ ഗ്രീക്കു പേരുകൾ കൊണ്ട് സമൃദ്ധമായിരുന്നെങ്കിലും, ബൃഹത്തായ പുരാണങ്ങൾ ഏതാനും താളുകളിലായി ചുരുക്കുന്നതിന്റെ പരിമിതികളുണ്ടെങ്കിലും, ഗ്രീക്ക് ഇതിഹാസങ്ങളുടെ ചുരുളുകൾ നിവരുമ്പോൾ ഏതോ ഒരു വലിയ ഗ്രന്ഥത്തിൽ നിന്ന് കിട്ടുന്ന അറിവിന്റെ ഒരു ഭാഗം തന്നെയാണ് ഈ ചെറുനോവലിൽ നിന്നും നമ്മുടെ പക്കലെത്തുക.

ഈ ദേവന്മാരെ നോവലിസ്റ്റ് നമുക്ക് പരിചയപ്പെടുത്തുന്നത് തികഞ്ഞ വൈദഗ്ദ്ധ്യത്തോടു തന്നെ. സോക്രട്ടീസിനെ നേരിൽ കാണുന്നതിനു മുൻപ് എന്തായാലും അന്നത്തെ ഗ്രീസിനെപ്പറ്റി അറിഞ്ഞിരിക്കണം. ദേവന്മാരിലേക്ക് തന്നെ വരാം. 'സ്യൂസ്' എക്കാലത്തെയും മഹാദേവൻ. ഇവിടെ അന്നത്തെ മനുഷ്യമനസ്സാണ് സർവശക്തനും ക്രൂരനുമായ ഈ ദേവനെ സൃഷ്ടിച്ചത്. ദേവസങ്കല്പം അങ്ങനെയായിരുന്നല്ലോ. ദേവന് അല്ലെങ്കിൽ അനുയായികൾക്ക് ഇഷ്ടമില്ലാത്ത ജനപഥങ്ങളെ കൂട്ടത്തോടെ കൊന്നൊടുക്കുക, എന്നിട്ട് പ്രഖ്യാപിക്കുന്നു: 'അവർ പാപം ചെയ്തിരിക്കുന്നു.' ഇതേ ദേവൻ തന്നെയെന്ന് ഞാൻ പറയുന്നില്ല, പക്ഷേ, അതേ ജനമനസ്സ് തന്നെയാണ് തുടർന്നുള്ള പല ദേവസങ്കല്പത്തിലും പിന്നീട് സാമൂഹികസമ്മർദ്ദം മൂലം വെള്ളം ചേർത്ത് ഏതാണ്ടൊക്കെ നിർമ്മലമാക്കിയത്.

ഇനിയുമുണ്ട് ഗ്രീക്കുകാർക്ക് ദേവന്മാരും ദേവതകളും. കടൽ കാക്കാൻ പോസിഡോൺ, അഗാധത്തിൽ അധോലോകത്തിന് ഹെഡിസ്, പ്രവചനത്തിന് അപ്പോളോ ദേവന്റെ പ്രതിനിധിയും പുരോഹിതനുമായ പിത്തിയ, മദ്യവും ലഹരിയും ആനന്ദവും നല്കാൻ ഡയോനിസൂസ് ദേവൻ, സുന്ദരിയായ ഹേറാദേവി, ഒളിമ്പസ് മലയിൽ നൃത്തമാടുന്ന ഒരു സ്വർണ്ണമയൂരം, നിത്യകന്യകയായ ഹേസ്റ്റിയ കുടുംബവിളക്കായി ആതൻസിനെ കാക്കുന്നു, സ്ത്രീസൗന്ദര്യത്തിന്റെയും കാമമോഹരതികളുടെയും. ദേവി ആഫ്രോഡിറ്റ് എന്നിങ്ങനെ.



www.dmausa.org




**Give your child an academic advantage!**

SCHEDULE A PARENT ORIENTATION TODAY!

FOR AGES 3+

Kumon Math & Reading Centers of

NORTHVILLE
114 Main Centre
Northville, MI 48167
kumon.com/northville

NOVI-EAST
41431 West 10 Mile Rd.
Novi, MI 48375
kumon.com/novi-east

**248.347.4491**



**Salon Krishna & Day Spa**

One-Stop Multi-Ethnic Unisex Salon

**32885 Northwestern Highway**
**Farmington Hills, MI 48334**
**Phone: 248-737-5910.**



Celebrate all the American & Indian festivals including Eid, Navaratri, Karva Chauth, Halloween, Diwali, Hanukkah, Thanksgiving, Christmas, New Year, Holi etc., with Salon Krishna's discount of **10 - 15 percent** on all beauty services!



**NOW everyone's invited !!!**



LIVE STREAMING
YOUR EVENT
WORLDWIDE

**www.THALSAMAYA.com**

Corporate Events | Weddings | Funerals | Birthdays | Tradeshows | Workshops | Graduation Ceremonies | Business Conferences | Award Shows | Lectures | Product Launches | College Events | Technical Fests | Arts Fests | Alumni Events | Seminars | Press Releases | Charity Events | Webinars

*No ads
*Unlimited viewers
*Unlimited storage
*DVR capability
*Video on Demand

1 - 6
Multi-Camera
High Definition
Multi-Angled
Coverage

*Embed on any website
*Watch on Facebook
*Watch on ROKU (in US)
*Watch on mobiles / tablets
*No flash required

SERVICES AVAILABLE IN U.S.A. & SOUTH INDIA

1-855-955-LIVE
1-855-955-5483
contact@thalsamaya.com
thalsamaya247@gmail.com



**Pure Dental**


**Dr. Sheela Neral, DDS & Associates**

*General & Cosmetic Dentistry*

www.PureDentalMi.com
PureDentalMi@gmail.com

38215 W 10 Mile Rd, Suite #5
Farmington Hills, MI 48335
(248) 888-0364

43060 Mound Rd
Sterling Heights, MI 48314
(586) 268-1040



സോക്രട്ടീസ് ഈ ഗ്രീക്ക് ദേവന്മാരെയോ സംസ്ക്കാരത്തെയോ നിഷേധിക്കുന്നില്ല. ഈ സങ്കല്പങ്ങളെല്ലാം സംസ്ക്കാരത്തിൻെറ ഭാഗമായി കരുതുക എന്നേ പറഞ്ഞുള്ളൂ. "കൽപ്രതിമകളെ കലാരൂപങ്ങളായിത്തന്നെ കാണുക. അവ ദൈവങ്ങളല്ല തന്നെ. അവ ഏതെങ്കിലും വിധത്തിൽ ശക്തിയുള്ളതല്ല, കരിങ്കല്ലിലെ കലാത്മകമായ വെറും കൊത്തുപണികൾ... ഒരു മനുഷ്യന്റെ ആത്മാവ് അവൻ തന്നെയാണ്. അതുതന്നെയാണ് അവന്റെ സ്വഭാവത്തിന്റെ അടിത്തറ. വിചാരവികാരങ്ങളും ജീവിതമൂല്യങ്ങളും ഒരുവനെ മഠയനോ ബുദ്ധിമാനോ ആക്കിത്തീർക്കും."

എന്നാൽ, ഭരണാധികാരികളും അവരുടെ സ്ഥാനീവത്ക്കരിക്കട്ടെ തത്വജ്ഞാനികളും ഈ ദേവന്മാരും ദേവതകളും സർവശക്തിയുമുപയോഗിച്ച് ആതൻസിനെയും ഗ്രീസിനെയും സംരക്ഷിക്കുന്ന ദൈവീകതയായിത്തന്നെ വിശ്വസിച്ചു. സാധാരണക്കാരുടെ മനസ്സിനെ നിലക്കുനിർത്താൻ അന്നും, എന്തിനേറെപ്പറയുന്നു, ഇന്നും എന്തെളുപ്പം!

അപ്പോഴാണ് സോക്രട്ടീസ് പറഞ്ഞത്:

'അറിവില്ലായ്മയാണ് എൻെറ അറിവ്' അതായത് അതൊന്ന് മറിച്ചു വായിച്ചാൽ നിങ്ങളുടെ അറിവ്

തികച്ചും അറിവില്ലായ്മ തന്നെ.

നിസ്സാരമായ യുക്തികൊണ്ടും തുടർന്നുള്ള പരിഹാസം കൊണ്ടും അന്നത്തെ തത്വജ്ഞാനികളെ സോക്രട്ടീസ് ശ്വാസം മുട്ടിച്ചു. അവർക്ക് മറുപടിയില്ലാതായി. ദേവസങ്കല്പങ്ങളും കലാസാംസ്ക്കാരിക

സങ്കല്പങ്ങളും വേർതിരിക്കുന്നത് നോവലിസ്റ്റിന്റെ വാക്കുകളിൽ:

'ദേവീദേവന്മാരും അവരെപ്പറ്റിയുള്ള സങ്കല്പങ്ങളും രൂപങ്ങളും കെട്ടുകഥകളെങ്കിലും തന്നെ അത് നമ്മുടെ വലിയ സംസ്ക്കാരത്തിന്റെ പൈതൃകം തന്നെ. മഹാകവി ഹോമറിനെയും കവയത്രി സാഫോയെയും നാടകകൃത്ത് അസ്ചിലൂസിനെയും സൃഷ്ടിച്ചത് ഈ പുരാണേതിഹാസങ്ങൾ തന്നെയെന്നതിൽ രണ്ടു പക്ഷമില്ല.'

സോക്രട്ടീസിൻെറ കഥ പറയുന്നതിനൊപ്പം നോവലിസ്റ്റ് എത്രയോ ഉപകഥകളും നമ്മെ പരിചയപ്പെടുത്തുന്നു. അതായത് ആയിരമായിരം കഥകളിൽനിന്ന് ചിലതു മാത്രം. ഇതിൽ അസ്ക്ലിപിയസ് എന്ന ഭിഷഗ്വരൻെറ കഥ ശ്രദ്ധേയമാണ്. അദ്ദേഹം മരിച്ചവരെയും ഉയർപ്പിച്ചുവത്രേ.

'ജന്മം കൊണ്ടു തന്നെ സിദ്ധനായിരുന്നു അസ്ക്ലിയപസ്. അക്കാലത്തെ മറ്റു വൈദ്യന്മാരെപ്പോലെ തന്നെ അദ്ദേഹവും സർപ്പാരാധനക്കാരനായിരുന്നു. രോഗവിമുക്തി നേടിക്കൊടുക്കാൻ സർപ്പങ്ങൾക്ക് കഴിയുമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. സർപ്പാരാധനയും മന്ത്രവും ആഭിചാരവും മരുന്നുകളും കൊണ്ടാണ് അന്ന് ചികിത്സകൾ നടത്തിയിരുന്നത്. സർപ്പങ്ങൾ എല്ലാക്കൊല്ലങ്ങളിലും പടം പൊഴിച്ച് പുനരുദ്ധാരണം നേടുന്നു എന്നായിരുന്നു വിശ്വാസം. കണ്ടിട്ടില്ലേ, അസ്ക്ലിപിയസ് ദേവന്റെ കൈയിലെ വടിയിൽ ഇഴഞ്ഞു ചുറ്റിക്കയറുന്ന ഒരു സർപ്പം."

ആധുനിക വൈദ്യസ്ഥാപനങ്ങളും സ്വീകരിച്ചിരിക്കുന്ന ചിഹ്നം വടിയിൽ ചുറ്റിയിരിക്കുന്ന സർപ്പം തന്നെ. അതായത് പുരാതനവും ആധുനികവുമായ ലോകത്തിലെ എല്ലാ ജനങ്ങളുടെയും സുപ്രധാനകഥാപാത്രം, ദേവദൈവങ്ങളേക്കാളുപരി, പാമ്പു തന്നെ. അതേ, ഭാരതീയ പുരാണങ്ങളിലും, ഗ്രീക്കു ഇതിഹാസങ്ങളിലും ബൈബിളിലും ഏറ്റവും മുന്തിനില്ക്കുന്നത് പാമ്പ് തന്നെ. അസക്ലീയപസിൻെറ വടിയിലെ സർപ്പവും മോശയുടെ വടിയിലെ സർപ്പവും വൈദ്യശാസ്ത്രത്തിന് ഒരു പോലെ ഊർജ്ജം പകരുന്നു. എന്തിനേറെപ്പറയുന്നു ഇന്നും നമ്മുടെ നാട്ടിൽ കടിച്ച പാമ്പിനെ മടക്കി വരുത്തുന്ന വിഷഹാരികളുടെ വീരകഥകൾ തികച്ചും സജീവമല്ലേ! മരണത്തിന്റെ ദൂതനായ പാമ്പ്, വിഷം പേറുന്ന പാമ്പ്, എന്നും മനുഷ്യന്റെ ഭയമാണ്, ആരാധനാമൂത്തിയാണ്, ചിലപ്പോൾ ചെകുത്താനുമാണ്.

അസ്ക്ലിയപസിന്റെ സ്കൂളിൽ നിന്നു തന്നെ വന്ന മറ്റൊരു ഭിഷഗ്വരനായിരുന്നു വൈദ്യലോകത്തിന്റെ എക്കാലത്തെയും മാതൃകാപുരുഷനായ ഹിപ്പോക്രാറ്റസ്. അദ്ദേഹമായിരുന്നല്ലോ മനുഷ്യശരീരം ഒന്നാണെന്നും ഒരവയവത്തെ പിടിപെടുന്ന രോഗം മറ്റു അയവങ്ങളെയും ബാധിക്കുമെന്ന് ആദ്യമായി പ്രസ്താവിച്ചത്.

സോക്രട്ടീസിൻെറ കഥയിൽ നിന്ന് ആതൻസിനെയും ഗ്രീസിനെയും ഗ്രീക്ക് ജീവിതരീതികളെയും ഒരിക്കലും മാറ്റി നിർത്താനാവില്ല. അങ്ങനെയൊരു സോക്രട്ടീസിനെ സൃഷ്ടിച്ചതിൽ സമൂഹത്തിന്റെ വിവിധരംഗങ്ങളിലുണ്ടായ ചിന്തകൾക്കും വളർച്ചകൾക്കും പങ്കുണ്ടായിരുന്നു.

സോക്രട്ടീസിൻെറ കഥ പറയുന്നതിനിടയിൽ നോവലിസ്റ്റ് ഇന്നത്തെ സംഘടിതമതങ്ങളിലേക്ക് വിരൽചൂണ്ടുന്നതും മറക്കരുത്. പുരാതനഗ്രീസിൻെറ അതേ ആചാരങ്ങളും അനുഷ്ഠാനങ്ങളും റോമാ സാമ്രാജ്യത്തിൽക്കൂടി, ബ്രിട്ടീഷ് അമേരിക്കൻ സാമ്രാജ്യങ്ങിൽക്കൂടി ഏറെ സ്വതന്ത്രമെന്ന് അഭിമാനിക്കുന്ന മതങ്ങളിൽക്കൂടി അന്നത്തേതിലും കഠിനമായി മനുഷ്യനെ ഇന്ന് വരിഞ്ഞുമുറുക്കിയിരിക്കുന്നു. അവന് തിരുവായ്ക്ക് എതിർവാക്കില്ല തന്നെ. സാധാരണജനത്തിന്, തങ്ങൾക്ക് ജന്മനാ കൈവന്ന പാരമ്പര്യങ്ങളിൽ നിന്ന് പുറത്തുകടക്കാൻ ഒരു മാർഗ്ഗവുമില്ല. അവൻ ശബ്ദമുയർത്തിയാൽ സോക്രട്ടീസിനെപ്പോലെ വിഷം കുടിക്കേണ്ടതായി വരില്ല, പക്ഷേ, അതിലധികമായി മാനസികപീഡനം സഹിക്കേണ്ടതായി വരും, സമൂഹത്തിൽ നിന്ന് ഒറ്റപ്പെടും, തീർച്ച. പുരാതന ആതൻസിലെ സമൂഹത്തിന്റെ അതേ പ്രതിഷ്ഠയയിൽത്തന്നെയാണ് ഇന്നത്തെ മനുഷ്യനും. കൽപ്രതിമയുടെ പതിന്മടങ്ങ് ശക്തിയിൽ മനസ്സിൽ കൊത്തിയിടപ്പെടുന്ന 'വിഗ്രഹങ്ങൾ.'

അതുകൊണ്ടാണ് സോക്രട്ടീസിന്റെ വാക്കുകൾ ഇന്നും പ്രസക്തം:

'ഞാൻ ആതൻസിന്റെ രക്ഷകനാണ്, ആത്മീയനേതാവാണ്, പുനരുദ്ധാരകനാണ്. ഞാൻ സത്യം വിളിച്ചുപറയുന്നു. പക്ഷേ, സത്യം നിങ്ങൾക്ക് അപ്രിയം തന്നെ. എന്നാൽ ഞാൻ പറഞ്ഞത് പറഞ്ഞുകൊണ്ടിരിക്കും. എൻെറ അവസാന ശ്വാസം നിലയ്ക്കുന്നതുവരെ.'

നോവൽ അവസാനിക്കുന്നു.

"പട്ടാളക്കാരൻ, 'ഹെംലോക്' എന്ന വിഷചഷകവുമായി വന്നു. സിമ്പോസിയനുകളിൽ അതിഥികൾക്ക് വിളമ്പാറുള്ള 'കയിൽ' എന്ന വൈൻ ഗ്ലാസിൽ.

അയാൾ അത് സോക്രട്ടീസിന്റെ കൈകളിലേക്ക് നീട്ടി. അപരാധബോധത്തോടെ. അയാളുടെ കൈകൾ

വിറച്ചിരുന്നു.


സോക്രട്ടീസ് അത് മന്ദസ്മിതത്തോടെ ഏറ്റുവാങ്ങി.


'ഹെയ്ഡസ്ദേവൻ, അധോലോകത്തിന്റെയും മരണത്തിന്റെയും ദേവൻ ഭൂമിയിലേക്ക് എഴുന്നെള്ളിവന്നു. മരണത്തിന്റെ കാറ്റടിച്ചു... ആതൻസ് ഇരുളിൽ മൂടി."

ഈ ചെറുനോവലിന് സോക്രട്ടീസിനെപ്പറ്റിയോ അല്ലെങ്കിൽ ബൃഹത്തായ ഗ്രീക്കു പുരാണങ്ങളെപ്പറ്റിയോ അഗാധമായ അറിവ് പകരണമെന്ന ഉദ്ദേശ്യമില്ല, പകരം തുടർവായനക്കുള്ള ഒരു പ്രേരണ, അത്രമാത്രം. അതിൽ ഗ്രന്ഥകാരൻ തീർച്ചയായും വിജയിച്ചിരിക്കുന്നു. അഭിനന്ദനങ്ങൾ! ■


Martial Arts
Summer Camp
Confidence
There's nothing like the martial arts!
Our Unique Program will help your child:
• Build Confidence
• Learn Self-Defense
• Improve Concentration
• Increase Self-Discipline
• Develop the, "Yes I Can!"
Winning Attitude !
A Life-Changing Experience!
FREE Uniform
GIVE YOUR CHILD THE BEST THIS SUMMER
Troy Black Belt Academy, Inc.
Serving the Community Since 1985
troyblackbeltacademy.com
5939 John R. Road, Troy, at Square Lake
248-828-4455


YOUR DESTINATION FOR LARGE VARIETY OF INDIAN GROCERY
CHOICE GROCERS
10% OFF!
$100 or more
or 5% off $50 or more
with this ad; on regular prices
until 5/31/2016
OPEN ALL DAYS!
2650 S Rochester Rd
Rochester Hills, MI
in Hawthorne Plaza, next to old India Grocers
Call: 248-886-6038
choicegrocers@gmail.com
Choice Grocers
Barclay Cir
Hickory Lawn Rd
HAMPTON VILLAGE CENTRE
HAMPTON CORNERS
Target
Auburn Rd
E Auburn Rd
Rochester Rd


DANCE YOGA INSTITUTE
alapadma
Alapadma Dance Yoga Institute (APAC)
The Glory of Bharta Natyam and Indian Culture
Preserving the traditional classical dance art of Bharata Natyam by offering certification courses and an authentic art of Yoga
Bharathanatyam: Classes are designed to enhance more grace in dance and for the art of healthy living
Yoga: Classes are designed especially for women
Contact
Director: Archana Desai, BA LLB MA RYT
MA - Nritya Alankar, RYT - Registred Yoga Teacher with the Yoga Alliance, USA
Phone: 586-822-1235
For more information
visit: www.alapadmadanceyoga.com


BR
Bollywood Rentals
& Garments
BOLLYWOOD RENTALS AND GARMENTS
CONTACT:
ALL INDIA GROCERY
49105 Schoenherr Rd
Shelby Twp MI 48315
Tel : (586) 739-5035
Cell : (586) 260-3710
Cell : (586) 260-8865
KUTTANADAN GROCERY
2830 E 14 Mile Rd
Warren MI 48092
Tel : (586) 274-3050
Cell : (248) 881-7917
Cell : (215) 840-5530

കവിത

# മഴയുടെ സ്പന്ദനം

## ഒരു വയനാടൻ ചുരത്തിലെ കാഴ്ച




അശ്വതി അനൂപ്

ചുരം ഇറങ്ങുകയാണോ
ചുരം കയറുകയാണോ
മഴയുടെ മനസ്സ്
മഴനൂല് കൊണ്ട് നെയ്ത
ഒരു പുതപ്പ്
പുതക്കുകയായിരുന്നു കാട്

അടുത്ത തോലി മരത്തിലേക്ക്
വീണു ചാഞ്ഞ
അകിൽ മരം ഓർത്തു
കഴിഞ്ഞ പൂക്കാലത്ത്
നിന്നടുത്ത്
വളർന്നതിന് ഞാൻ എന്നെ പഴിച്ചു
പൂതലപ്പ് വരുന്ന അകിൽഗന്ധത്തെ
താങ്ങുന്ന നിന്റെ കവരങ്ങൾ
മഴനൂലു കൊണ്ട്
എന്റെ മുറിവുകൾ തുന്നുന്നു
മഴ കഴിഞ്ഞ്
ഈച്ചകൾ മൂളുന്ന
നിന്റെ പൂക്കാലത്തെ
നിന്റെ തോളിൽ
ചാഞ്ഞ് ചാഞ്ഞ്
ഞാൻ കാത്തിരിക്കട്ടെ
നിന്റെ മനസ്സു ചുരത്തുന്ന
ഓർമ്മയുടെ സുഗന്ധങ്ങൾക്കായി വീണ്ടും..........

**Tightening your belt?**



**Call me to save on your auto insurance.**

**Nicholas Pallas**
**Insurance Sales Agent**
**Phone: 734-453-2100**

AAA
AAA Michigan

**Someone you can count on.™**

Insurance underwritten by Auto Club Insurance Association family of companies.

AAA Michigan

★ 2014 ★ PRESIDENT'S ELITE

734/844-5082
FAX 734/844-5087
Claims 800/222-6424
bmelayan@aaamichigan.com
michigan.aaa.com/basemah.elayan

AAA Michigan
2017 N. Canton Center Rd.
Canton, MI 48187

Basemah Elayan
Sales & Service Agent

*Membership • Travel*
*Insurance • Financial Services*



Contact
***Basemah Elayan***
for your No-Obligation Auto and Home Insurance Quote

TROYORTHODONTIST.COM

*Specialists in Orthodontics for Children and Adults*

It is our goal to give our patients a smile that makes you feel great! Dr. Patel-Parekh, and our team, are focused on providing the best treatment options that deliver the most spectacular results for all ages, including children, teens, adults, and seniors.



DAMON SMILE
More than straight teeth™

invisalign® PREFERRED PROVIDER

**Niyati Patel-Parekh, D.M.D., M.D.S.**
**6649 Rochester Road Troy, MI 48085 248.879.7200**

**BEST COMPLIMENTS FROM**

**DR. PONON KUMAR MD**

## Swayam Learning

**Accelerated, Rigorous, and Advanced English Language Arts Program**

**For Grades 2-10**
**Small and medium class sizes**
**Qualified, trained and certified teachers for English**
**12 years serving the southeast Michigan communities**

**Visit www.swayamlearning.com**
For placement testing, registration times and curriculum information

ആരോഗ്യം





സച്ചിൻ കെ. സി.

# മുള്ളാത്തയും ലക്ഷ്മിതരുവും കാൻസർ സുഖമാക്കില്ല

## കപട വൈദ്യങ്ങളിൽ ജീവൻ ഹോമിക്കരുത്

മുള്ളാത്തയും ലക്ഷ്മിതരുവും കാന്സറിനുള്ള 'natural' മരുന്നാണെന്ന് നിങ്ങളിൽ പലരും കേട്ടിട്ടുണ്ടാവുമല്ലോ. ആ വിവരം സോഷ്യൽമീഡിയയിൽ പ്രചരിപ്പിക്കുകയും മുള്ളാത്തയും ലക്ഷ്മിതരുവും ഒരുപാട് വിറ്റഴിക്കുകയും ചെയ്ത സെബി വല്ലച്ചിറ തൃശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ വെച്ച് കാൻസറിനടിമപ്പെട്ട് മരണമടഞ്ഞു എന്ന വാർത്തയാണ് ഇപ്പോൾ കേൾക്കുന്നത്.

മുള്ളാത്ത – ലക്ഷ്മിതരു ബിസിനസ്സ് മാറ്റി നിർത്തി കഴിഞ്ഞാൽ മറ്റുള്ളവർക്കുവേണ്ടി ഉഴിഞ്ഞുവച്ച ഒരു ജീവിതമായിരുന്നു സാമൂഹ്യ പ്രവർത്തകനായ സെബിയുടേത്. എവിടെ രക്തം വേണമെങ്കിലും ഓടിയെത്തുന്ന തൃശൂരിലെ സാമൂഹ്യപ്രവർത്തകൻ. ബ്ലഡ് ഡൊണേഷൻ പ്രോഗ്രാമിന്റെ ജില്ലാ കോർഡിനേറ്റർ.

2014 ജനുവരിയിലാണ് സെബിക്ക് പെട്ടെന്ന് സംസാരിക്കാനും വെള്ളമിറക്കാനും കഴിയാതെ വന്നത്. പല്ലുവേദനയാണെന്ന് കരുതി ഡോക്ടറെ കാണിച്ചു.

ഉമിനീർ ഗ്രന്ഥിയിൽ കാൻസർ പിടിപെട്ടതാണെന്ന് ഡോക്ടർ സ്ഥിരീകരിച്ചപ്പോൾ സെബി ആദ്യമൊന്ന് ഞെട്ടി. ചേട്ടനൊഴികെ ആരോടും ഒന്നും പറഞ്ഞില്ല. നാവിന് അസുഖമാണെന്നും ഓപ്പറേഷൻ വേണമെന്നുമാണ് ഭാര്യയോട് പറഞ്ഞത്. സെബിയെ തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മുപ്പത് റേഡിയേഷൻ കഴിഞ്ഞതോടെ ശരീരം വല്ലാതെ ശോഷിച്ചു.

റേഡിയേഷൻ കഴിഞ്ഞ് വിശ്രമിക്കുമ്പോഴാണ് ബ്രദർ ടോം അലൻ സുഹൃത്തായ ഡോ.അഗസ്റ്റിൻ ആന്റണിക്കൊപ്പം സെബിയെ സന്ദർശിക്കാനെത്തിയത്. മണ്ണുത്തി കാർഷിക സർവകലാശാലയിലെ റിട്ട. പ്രഫസറായ അഗസ്റ്റിൻ സെബിയുടെ അവസ്ഥ കണ്ടപ്പോൾ പറഞ്ഞു.



സെബി വല്ലച്ചിറ


"റേഡിയേഷനു പകരം ലക്ഷ്മിതരുവിന്റെ ഇലയും മുള്ളാത്തയുടെ ഇലയും കഷായം വച്ചു കഴിച്ചാൽ മതി."

ഡോക്ടർ പറഞ്ഞത് സെബിയും വിശ്വസിച്ചു. ലക്ഷ്മിതരുവും മുള്ളാത്തയും എവിടെനിന്നു കിട്ടും എന്നുള്ള അന്വേഷണമായി പിന്നീട്. അഞ്ചേരിയിലെ ഡോ.ഗീതയുടെ വീട്ടിൽ നിന്നും ലക്ഷ്മിതരു കണ്ടെത്തി. മറ്റൊരിടത്തുനിന്ന് മുള്ളാത്തയും. പതിനഞ്ചു ദിവസം മൂന്നുനേരം ലക്ഷ്മിതരുവിന്റെ ഇല പിഴിഞ്ഞും മുള്ളാത്ത കുരു നീക്കി ജ്യൂസാക്കിയും കഴിച്ചു.

കുറച്ചുനാൾ കഴിഞ്ഞ് കാൻസർ വിദഗ്ധനായ ഡോ. വി.പി.ഗംഗാധരനെ എറണാകുളത്തു പോയിക്കണ്ടു.

"സെബിക്കിപ്പോൾ കാൻസറൊന്നുമില്ല. രണ്ടുമാസത്തിലൊരിക്കൽ ചെക്കിംഗിന് വന്നാൽ മതി." എന്ന് ഡോ. ഗംഗാധരൻ പറഞ്ഞു. മരുന്നിനൊപ്പം ഈ ചെടികളുടെ കഷായവും തുടരാൻ അദ്ദേഹം നിർദ്ദേശിച്ചു. എന്നൊക്കെ ആണ് സെബി അവകാശപ്പെട്ടിരുന്നത്. ഗംഗാധരൻ ഡോക്ടറുടെ അതേ അഭിപ്രായമായിരുന്നു ആലപ്പുഴ മെഡിക്കൽ കോളജിലെ ഡോ. മധുവിനും എന്നും സെബി പറഞ്ഞിരുന്നു.

സെബിയുടെ അവകാശവാദങ്ങൾക്ക് യാതൊരുവിധ ശാസ്ത്രീയ അടിത്തറയും ഇല്ലെന്ന് ഡോ. ഗംഗാധരൻ നിഷേധക്കുറിപ്പ് ഇറക്കിയിരുന്നു. അദ്ദേഹത്തിന്റെ 30 course radiation അദ്ദേഹത്തിന്റെ ഉമിനീർ ഗ്രന്ഥിയിലെ കാൻസർ ഭേദമാക്കിയിട്ടുണ്ടാവാം. പ


Pande Grocers
INDIAN AND PAKISTANI FOOD
37196 Dequindre Rd,
Sterling Heights,
MI 48310
Phone: (586) 883-7838


RUOK COMPANY
ROOFING SPECIALISTS
Ruok Company, Commercial Roofing Specialist
MICHIGAN LICENSED BUILDER
PHONE (248) 591-4172 www.ruokcompany.com


CLASSIC COLLISION
"Standard of Excellence"
Classic Collision Repair, LLC
24400 Novi Rd. Ste.105
Novi, MI 48375
Tel: (248) 735-4505
Fax: (248) 735-4506
Mon-Fri 8am-6pm Sat 9am-2pm
www.ClassicCollisionShop.com
ClassicCollision@gmail.com


"Where Our Clients Always Come First"
Clients First
REALTORS
COUNTRY PLACE
JOSE PHILIP
REALTOR®
44205 Ford Rd
Canton, MI 48187
Phone: (734) 981-2900
Cell: (248) 767-9952
Fax: (734) 981-6370
http://clientsfirstrealtors.com
josejphilip@yahoo.com
EQUAL HOUSING OPPORTUNITY
REALTOR®
MULTIPLE LISTING SERVICE
MLS

ക്ഷെ അത് മറ്റൊരിടത്ത് പടരുന്നുണ്ടോ എന്നറിയാനായി കൃത്യമായി follow up പരിശോധനകൾ നടത്തണം എന്ന് മുന്നറിയിപ്പ് നല്കിയിരുന്നു. അതെല്ലാം അവഗണിച്ച സെബി മുള്ളാത്ത – ലക്ഷ്മിതരു ബിസിനസ്സിന്റെ പ്രചാരകനായി മാറുകയായിരുന്നു.

ചിലപ്പോൾ ആരുടെയെങ്കിലും നുണപ്രചരണത്തിൽ സെബി വീണതാവാം. പക്ഷെ ആർക്കാണ് ഇത് കൊണ്ട് യഥാർത്ഥലാഭം ഉണ്ടായത്.

ലക്ഷ്മിതരു (Simarouba glauca) എന്ന ഈ മരം തെക്കൻ അമേരിക്കൻ രാജ്യങ്ങളിൽ ആണ് കണ്ടു വന്നിരുന്നത്. അവിടെ ഇതിന്റെ പേര് Paradise Tree, Bitterwood, dysentery bark എന്നൊക്കെ ആണ്. അവിടെ വയറിളക്കം പോലുള്ള അസുഖങ്ങൾക്ക് ഒരു മരുന്നായി അത് തദ്ദേശീയർ ഉപയോഗിച്ചിരുന്നു.

1713 ൽ ഫ്രഞ്ച് ശാസ്ത്രജ്ഞർ ആണ് ഈ ജീനസ് നാമകരണം ചെയ്തത്, ഇന്ത്യയിലെ ഒരു പ്രശസ്തമായ പ്രസ്ഥാനമാണ് ഇന്ത്യയിൽ ഈ മരങ്ങൾ വെച്ച് പിടിപ്പിക്കാൻ മുൻകൈ എടുക്കുകയും ഇതുമായി ബന്ധപ്പെട്ട ചില പേറ്റന്റുകൾ കൈവശമാക്കുകയും ചെയ്തത്. ഈ പ്രസ്ഥാനം ആണ് 'ലക്ഷ്മി തരു' എന്ന പേര് ഈ വൃക്ഷത്തിന് നല്കിയത്. അതിനു ശേഷം ഇതിനെ കാൻസർ മരുന്നായി ഉപയോഗികാം എന്ന വ്യാജപ്രചരണം വ്യാപകമായി നല്കി.

അവഗണിക്കപ്പെട്ടു കിടന്നിരുന്ന ഈ രണ്ടു സസ്യങ്ങൾക്കും വിപണിയിൽ വലിയ നിലയും വിലയും നേടിക്കൊടുത്തു എന്നതാണ് ഈ വ്യാജപ്രചാരവേല കൊണ്ടുണ്ടായ ഏക നേട്ടം..! കേവലം 25 രൂപ ഉണ്ടായിരുന്ന മുള്ളാത്ത പഴത്തിന് 200, 300 രൂപയും 5രൂപ മാത്രം ഉണ്ടായിരുന്ന ലക്ഷ്മി തരുവിന് 60, 100 രൂപയുമാണ് ഇന്നത്തെ വിപണി വില.!! അപ്പോൾ ആർക്കാണ് ഈ ബിസിനസ്സ് കൊണ്ട് ലാഭം ഉണ്ടായത് എന്ന് ആലോചിച്ചു നോക്കുക.

ആരോഗ്യരംഗത്ത് നടക്കുന്ന അന്ധവിശ്വാസവും അശാസ്ത്രീയതയും ചൂഷണവും ഭീകരമാണ് – കാന്തകിടക്കയും കളിമണ്ണ് ചികിത്സയും വ്രണത്തിൽ പോരുകോഴിയെ കൊണ്ട് കൊത്തിക്കലും മൂത്രചികിത്സയും.

കാൻസർ പോലുള്ള മാരകരോഗങ്ങൾ പിടിപെടുന്നവർ വളരെ ദുർബ്ബലമായ മാനസികാവസ്ഥയിലായിരിക്കും. അവരെ ഒന്ന് വഴി തെറ്റിക്കാൻ വളരെ എളുപ്പം ആണ്. വയറിളക്കത്തിന് തെക്കേ അമേരിക്കക്കാർ ഉപയോഗിക്കുന്ന ഈ മരുന്നിനു ഇന്ത്യയിൽ പ്രചാരം ലഭിക്കാനായി കാൻസർ അസുഖം തന്നെ തിരഞ്ഞെടുത്തു എന്ന് ഒന്ന് ആലോചിച്ചു നോക്കുക. അപ്പോൾ മനസിലാവും ഇതിന്റെ പ്രചാരകരുടെ ബിസിനസ്സ് കുബുദ്ധി!!

ഇവിടെ സെബി എന്ന സാമൂഹ്യ പ്രവർത്തകൻ ചെയ്തത് താൻ അനുഭവിച്ച വേദനകൾ മറ്റാരും അനുഭവിക്കാതിരിക്കാൻ നല്ല ഉദ്ദേശത്തിൽ ചെയ്ത ഒരു സാമൂഹ്യപ്രവർത്തനം ആയിരിക്കാം. പക്ഷെ അദ്ദേഹം വിശ്വസിച്ചത് കപടശാസ്ത്രത്തിലായി പോയി.

അതിനു അദ്ദേഹത്തിന് വില കൊടുക്കേണ്ടി വന്നത് സ്വന്തം ജീവൻ കൊണ്ടും.!




Discharging from Hospital...???
LET US TAKE CARE OF YOUR SKILLED HOMECARE NEEDS
T.O.N.E.
Home Health Services, Inc.
Treating Ongoing Needs Effectively
1-888-908-TONE (8663)
MEDICARE approved
JCAHO certified
OUR SKILLED HOMECARE SERVICES INCLUDE:
☑ NURSING SERVICES
☑ THERAPY SERVICES (PT/OT/ST)
☑ MEDICAL SOCIAL WORKER
☑ FALL PREVENTION / EDUCATION
☑ TELE-MONITORING OF DAILY VITALS
☑ REGISTERED DIETICIAN
T.O.N.E. has been providing quality home health services since 2006 in the following counties:
WAYNE, OAKLAND, MACOMB & WASHTENAW
Call us today for more info.
1-888-908-TONE
www.tonehhs.com


AAHAR
BREAKFAST on SAT and SUN
Dine In or Take out
Hours: 7:30 AM to 10:00 AM
Breakfast Buffet $8.49
Carry out by Orders
248-473-4500
35564 GRAND RIVER (AT DRAKE), FARMINGTON HILLS



# Are we going to be a GENERATION OF IDIOTS?



Soja Kureekkattil

"You guys are going to be a generation of idiots." It was from my Dad. I heard this statement for the first time. But it was not his words. He was quoting the great scientist Albert Einstein on an occasion and the occasion was my friend's birthday party. We all played a little bit and then slowly everybody started picking up whatever electronics devices they had such as mobile, iPad so on and started playing. So I also went to my dad and asked for his phone. He didn't give me his phone instead he told me this quote of Einstein, "I fear the day that technology will surpass human interaction, the world will have a generation of idiots". I was mad when I heard this. But I din't ask him for the phone again that day because I knew what was going to happen if I asked him again. As usual he would unleash the stories of his childhood when there was no Computer, TV, iPad, iPhone and the distance he walked to the school etc. I didn't talk to him for the day so he came to me next day again and discussed with me the importance of this quote and asked me to think and read more about it.

Since then, I realized one thing. Earlier, when I went to any party or social get together, we kids used to play a lot. We would always come up with games to play and talk about things for hours. But now the situation has changed. Sometimes we may play for a little while and at other times I am greeted by faces that are glued to a screen. Technology has had a great impact on our world. It has made our lives so much easier. But when the use of technology is too much, that's when it can be dangerous, and unhealthy. Everywhere people are glued to their mobile phones, whether they are at a party, while eating, in the car, or even at church. People are looking at their phones every second. It is making our face to face interaction and the fun of being together much less and less. If we don't talk to each other, how we will make more friends and how can our friendship last. Technology has many great benefits. Technology has helped us stay in touch with people around the globe. It has helped us receive answers to our questions in seconds and so much more. But being immersed in too much technology isn't very healthy. It is fine to use technology as long as we don't rely on it too much. So let's decide that we will limit the use of mobile phones or any other technological devices when we are together. Let's play, let's talk, let's have fun and grow in friendship. ■

## നർമ്മം

**Boby Alapattu Kunnel**



കവിത



# നുണച്ചി

**പ്രാഞ്ചിയേട്ടൻ**

കള്ളച്ചിരി ചിരിച്ചോടിയൊളിക്കുമീ
കള്ളിയാണിന്നെന്റെയുള്ളിൽ
കണ്ണടച്ചാലുമെന്നുള്ളിൽപ്പടരുന്ന
വള്ളിയാണിന്നെന്റെയെല്ലാം.
ഇന്നലെ രാവിന്റെ മാറിൽ കിടന്നു ഞാൻ
നിന്നെക്കുറിച്ച് കിനാവ് കണ്ടു
നിൻ മുടിത്തുമ്പുമാവാസനപ്പൂക്കളും
നിന്നെയും മാത്രം കിനാവു കണ്ടു.
മഞ്ഞിൽക്കുളിച്ചൊരാസന്ധ്യയിലീറനാം
മഞ്ഞൾപ്രസാദവും കൊണ്ടുവന്നെന്നുടെ
മന്ദഹാസത്തിന്റെ മൗനം മുറിച്ചു നീ
മന്ത്രത്തിലെൻ മനം പാട്ടിലാക്കി
ഓരോ നിമിഷവും കൊഴിഞ്ഞു വീഴുമ്പോഴും
ഒരായിരം നുണപേർത്തും പറഞ്ഞു നീ
ഒക്കെയുമെന്നെച്ചൊടിപ്പിക്കുമെങ്കിലും
ഒത്തിരി കേൾക്കാൻ കൊതിച്ചു പോയെൻ മനം
എന്തിനാണങ്ങനെ യെന്നും മനസ്സിന്റെ
യന്തരാളങ്ങളിൽ തീ കോരി മൂടുവാൻ
അർദ്ധസത്യങ്ങളും പാതിപ്പൊളികളും
എന്നോടുരയ്ക്കുവാനെന്തിത്ര കൗതുകം?
നീലമീ നീരുനീർ മുത്തുമാലകൾ
നീളെത്തുടിക്കുന്ന കൺമിഴിക്കോണുകൾ
എത്രമാത്രം കൊതിയോതുവാൻ വയ്യെനി-
ക്കത്രമേൽ നിർവൃതിയേകുമീ കണ്ണുകൾ
എല്ലാമെനിക്കോർമ്മയായ് നിന്നുള്ളിലെ
വല്ലായ്മകൾ നമുക്കൊന്നിച്ചു പങ്കിടാം.
ഉള്ളിൽ കൊതിയൂറുമാശകളെത്ര നാൾ
നിന്നിലൊതുക്കി നീ മൂടിവെക്കും?
വെൺമേഘമോളം കളിക്കുന്നൊ-
രാനീല വിണ്ണോളമെത്താം
വരൂ എന്റെ കൂടെ നീ
ഒന്നായ് രമിക്കാം വരൂ എന്റെ കൂടെ നീ. ■



Dr. Soman Philip Chacko, ABR

Office: 248-419-3177
Cell Phone: 248-514-8716
e-Fax: 248-419-3043
e-mail: Spchacko@hotmail.com
www.realestateone.com

Presidents Council of Excellence

6960 Orchard Lake Rd., Suite #150
West Bloomfield, MI 48322

Real Estate One

Thank You!

*The finest compliment I could ever receive is a referral from my friends and clients.*



# Kyyba® Kidz FOUNDATION



**TEL K. GANESAN**
President

In March 2010, Kyyba Kidz Foundation (formerly known as Annai Ashramam USA Foundation) was established as a 501 (C) 3 non-profit organization with the commitment to promote education and general welfare of community through charitable activities.



## WHY KYYBA KIDZ?

Kyyba, Inc.'s focus is on the well-being of our employees and we have a mission to give back to the community through employee volunteerism and resources. Kyyba Kidz Foundation was founded as a dedication to the cause of improving the lives and education of underprivileged children by raising the required resources through community participation. As a technology and staffing services company, Kyyba recognizes the need and importance of a quality education to provide the necessary job skills to enter the workforce. Our social commitment makes us a stronger company and strengthens the communities where our employees live and work. We work to inspire our people to be active members of their communities, improve our communities through volunteerism, leadership, and to impact business through ethical, transparent interactions with our customers and stakeholders. We educate our employees about Kyyba's strong ethics, values and the company's culture of giving back. We cultivate the habit of charity in the minds of our employees and get them involved in helping others.

Through active involvement, The Kyyba Kidz Foundation aims to promote the education and general welfare of community through charitable activities.

## KYYBA KIDZ MISSION STATEMENT

The Kyyba Kidz Foundation aims to promote the education and general welfare of community through charitable activities and sponsorship.

WWW.KYYBAKIDZFOUNDATION.ORG
INFO@KYYBAKIDZFOUNDATION.ORG
(248)254-4087

28230 ORCHARD LAKE RD. SUITE 110
FARMINGTON HILLS, MI 48834

# OFFICE LUNCH BOX



**Vegetarian 7.99**
**Non vegetarian 8.99**

sabzi ,daal,Naan,Raita,Biryani,Papad,Salad,Samosa

**Punjab Indian cuisine**
**Free delivery for 10 lunch boxes..!!**
**We deliver**
**248-250-9880**
**Www.punjabsweetsmi.com**




HP & ASSOCIATES P.C.
CERTIFIED PUBLIC ACCOUNTANTS

Hasmukh Patel, CPA
27950 Orchard Lake Road, Suite 110
Farmington Hills, MI 48334 | Phone: (248) 626-4200
E-mail: hasmukh@hpatelcpa.com
Website: www.hpatelcpa.com

HP & Associates, P.C is a full-service accounting firm dedicated to providing our clients with professional, personalized services and guidance in wide range of financial and business needs. We help small business owners and families plan for the future and protect their assets.

We provide the following services:

ACCOUNTING & PAYROLL SERVICES:
- Accounting (Compilation), Review & Audit Services
- Complete Payroll Services (better than other Payroll Providers)
- Business Entity Start Up & Incorporation
- Quick Books Set up, Review & Training Services

TAX COMPLIANCE AND ADVISORY SERVICES:
- Tax return preparation & reviewing. (Form 1040, 1120, 1065, 1041,990 & others)
- Tax Planning
- Payment of Sales and Use Tax
- Representation before IRS

CONSULTING SERVICES:
- Business Consulting
- Financial & Pension Planning

Call us today to schedule a mutually convenient appointment

കഥ



# "പുളിരസമുള്ള ഓറഞ്ചിന്റെ മാധുര്യം"

**ഷിബു ഉമ്മൻ**

അയാൾ പതിവായി ആ വയസ്സായ സ്ത്രീയുടെ കയ്യിൽ നിന്നും ഓറഞ്ചുകൾ വാങ്ങിക്കുമായിരുന്നു. തൂക്കി നോക്കി, കാശുകൊടുത്ത് വാങ്ങി, തന്റെ ബാഗിൽ ഇട്ടതിനു ശേഷം പതിവായി അതിൽ നിന്ന് ഒരു ഓറഞ്ച് എടുത്ത് പൊളിച്ച് ഒരു അല്ലി കഴിച്ചതിനു ശേഷം പുളി ആണെന്ന് പറഞ്ഞ് അത് ആ സ്ത്രീക്ക് തന്നെ തിരിച്ചു കൊടുക്കുമായിരുന്നു. വൃദ്ധ അതിൽ നിന്ന് ഒരു അല്ലി എടുത്ത് കഴിച്ചിട്ട് "ഇതിനു മധുരം ആണല്ലോ?" എന്ന് ചോദിക്കുന്നുണ്ടാവും, പക്ഷെ അപ്പോഴേക്കും തന്റെ ബാഗും എടുത്ത് അയാൾ പോയിരിക്കും.

അയാളുടെ ഭാര്യ എപ്പോഴും അയാളോട് ചോദിക്കും "ഓറഞ്ചിന് എപ്പോഴും നല്ല മധുരം ആണല്ലോ? പിന്നെ എന്തിനാണ് ഈ നാടകം?"

അയാൾ ചിരിച്ചുകൊണ്ട് പറയും "ആ സ്ത്രീ മധുരമുള്ള ഓറഞ്ചുകൾ വില്ക്കുന്നുണ്ടെങ്കിലും, അതിൽ നിന്നും ഒരെണ്ണം എങ്കിലും അവർ കഴിക്കുന്നില്ല, ഇങ്ങനെ ആകുമ്പോൾ കാശ് നഷ്ടപ്പെടാതെ തന്നെ ഒരെണ്ണം എങ്കിലും കഴിക്കുവാൻ സാധിക്കുമല്ലോ."

എല്ലാ ദിവസവും ഇത് കാണുന്ന പച്ചക്കറികൾ വില്ക്കുന്ന മറ്റൊരു സ്ത്രീ വയസ്സായ സ്ത്രീയോട് ചോദിച്ചു "എപ്പോഴും അയാൾ നിങ്ങളുടെ ഓറഞ്ചിനെപ്പറ്റി കുറ്റം പറയുന്നെങ്കിലും തൂക്കത്തിൽ കൂടുതൽ ഓറഞ്ച് നിങ്ങൾ അയാൾക്ക് കൊടുക്കുന്നത് ഞാൻ കാണുന്നുണ്ടല്ലോ?'

വയസ്സായ സ്ത്രീ ചിരിച്ചുകൊണ്ട് പറഞ്ഞു "എനിക്കറിയാം അയാൾ ഓറഞ്ചിനെ കുറ്റം പറഞ്ഞുകൊണ്ട്, തിരിച്ചു തരുന്നത് ഒരെണ്ണം എനിക്ക് കഴിക്കുവാൻ വേണ്ടിയാണ് എന്ന്, പക്ഷെങ്കിൽ എനിക്കത് അറിയാം എന്ന് അയാൾക്ക് അറിയില്ല, അതുകൊണ്ടാണ് തൂക്കത്തിൽ കൂടുതൽ ഓറഞ്ചുകൾ കൊടുക്കുന്നത്'!

ജീവിതത്തിന്റെ മാധുര്യം നമുക്ക് നമ്മുടെ സഹജീവികളോട് തോന്നുന്ന കൊച്ചു കൊച്ചു സ്നേഹവും ബഹുമാനവും ഒക്കെ ആണ്. ■

## BERRY GREEN SMOOTHIE





**Salina Thomas**

On the last issue of Dhwani, I introduced a green smoothie. But this time, instead of a green-green smoothie, I want to introduce a pink-green smoothie by adding some mixed berries (This frozen mixed berries pack is available in Costco or Sams Club. This is one of the green smoothie recipe we followed for three weeks. We replaced one meal everyday with this recipe and it helped us to reduce 10 lbs.

As I mentioned last time, when you are making your first few green smoothies, try to put 60% of fruits and 40% leafy greens. Always try to use a good blender like VitaMix. Chewing your green smoothie is no fun. To get a real smoothie experience, blend up leafy greens and liquid first. Then add remaining fruits and blend again. Always use frozen fruits. You can get different varieties of frozen fruits at Costco or Sam's Club. This is economical and the smoothie will be tastier too. Use natural sweeteners like Stevia. No artificial sweeteners and processed sugar.

**Berry Green Smoothie**

Fresh Organic Spinach, packed – 3 handfuls
Frozen Mixed Berries – 1 cup
Frozen Mangoes – 1 cup
Fresh Organic Apple - 1
Seedless Grapes – 1 handful
Stevia – 2 packets
Water – 2 cups
Flax Seeds – 2 tablespoons

**Directions:** Place leafy greens and water into blender and blend until mixture is a juice-like consistency. Stop blender and add remaining ingredients. Blend until creamy. ■

## CARROT HALWA

**Surya Girish**



***Cooking Time: 45 minutes***
***Servings: 4***

**Ingredients:-**

Carrot: ½ kg
Sugar: 1 Cup
Ghee: 1 Stick
Milk: 2 cups
Cardamom Powder: 1 tsp
Cashew nuts,Pistachios: 2-3
Saffron: a Pinch
Food Color(optional)

**Method:-**

**1.** Peel the skin of carrot neatly and wash them. Then Grind the carrot in a blender or grater.
2. Take the grated carrot and milk in a vessel and cook them in a pressure cooker for 3-4 whistles. After pressure is set off, carefully take out the vessel which we are going to cook further.
3. Heat Heavy bottom pan, add ½ stick of butter. Then add cooked carrot milk mixture. Add saffron. Keep the flame in medium high and allow the mixture to thicken.
4. When milk is almost absorbed, add sugar and keep on stiring and keep the flame in low.
5. Put rest of the butter in carrot mixture.
6. When the mixture get thicken, add cardamom powder.
7. Garnish with carrot and pistachios

Yummy Carrot Halwa is ready to serve. ■



## PASTA PRIMAVERA





**Shalu David**

**Ingredients**

Kosher salt
12 ounces fusilli or other corkscrew pasta
1/2 pound sugar snap peas, halved lengthwise, or broccoli florets (or a combination)
2 carrots, shredded
1 yellow bell pepper, cut into thin strips
1/4 cup extra-virgin olive oil, plus more for drizzling
4 cloves garlic, thinly sliced
1 pint cherry tomatoes, halved
1/4 to 1/2 teaspoon red pepper flakes
1/2 cup roughly chopped fresh mint
1/2 cup grated parmesan cheese
4 ounces goat cheese, crumbled

**Directions**

Bring a large pot of salted water to a boil. Add the fusilli and cook as the label directs. Add the sugar snap peas and/or broccoli, carrots and bell pepper to the boiling water during the last 2 minutes of cooking. Reserve 1/2 cup cooking water, then drain the pasta and vegetables and return to the pot. Meanwhile, heat the olive oil in a large skillet over medium heat. Add the garlic and cook until just golden, about 30 seconds.

Add the tomatoes, red pepper flakes and 1 teaspoon salt; cook until the tomatoes begin to wilt, about 2 minutes. Stir in 1/4 cup of the reserved cooking water. Pour the tomato mixture over the pasta and vegetables.

Add the mint, parmesan, pasta and half the goat cheese and toss to combine. Season with salt and drizzle with olive oil. ■

megha's
# athidhi
indian cuisine









We offer
Live BBQ




2079 E.15 Mile Rd, Sterling Heights, MI.
Phone:586.446.9430 | Fax: 586.446.9431
www.miathidhi.com

RE/MAX CLASSIC
BLOOMFIELD HILLS



**KOSHY GEORGE**
REALTOR ®

36700 WOODWARD AVE, #100
BLOOMFIELD HILLS, MI 48304-0929
OFFICE: 248-646-5000/800-521-3021
Cell:586-524-8021,FAX:248-283-2810
KoshyGeorge@remax.net
WWW.KoshyGeorge.com

**Full Time Real Estate Services**
**Residential & Commercial**

DIAMOND AWARD · Platinum Club Award · RE/MAX HALL OF FAME · HOUR MEDIA Real Estate All Star · REALTOR® MLS


GLOBAL, Tiruvalla Ph: 9447802967 / 0469-2634355